
"ആദ്യം ഇവിടെ..."

-വേയ്ക്കോ

5.43
Y


ST. ANTONY'S CARMELITE MONASTERY
S. T. RAILWAY STATION, ALWAYE
ALWAYE, TRAVANCORE

കമ്പനിസ്ഥാകാരനേയ്....


DHARMARAM COLLEGE
LIBRARY
BANGALORE-29

(Malayalam)

COMMUNISTTAKANAE

(How to be a Communist)

by VAYKO

Translated into English

by PAUL TABORI

Trnslated into Malayalam

by A. P. NAMBIAR

Copy Right ©

Elek Books Limited. 1958

First Published October, 1962

Price: Rs. 1.75

Printed at

SAHITHYA NILAYAM PRESS,

KALOOR, ERNAKULAM-7

Published by:

K. P. ITTYERAH,

Secretary,

Book-A-Month Club,

Ernakulam

കമ്മ്യൂണിസ്റ്റുകാരനേയ്:....

പന്ത്രണ്ടു പാഠങ്ങളും
പതിനൊന്നു ഗ്രഹപാഠങ്ങളും

പന്ത്രണ്ടാം പാഠത്തിനുശേഷം
എല്ലാവരും വീടുവിട്ടുപോകുന്നു.

JEEVASS MEMORIAL LIBRARY 12255

S. I. RAILWAY ST. ANTONY TRAVANCORE

പരിഭാഷകൻ:
എ. പി. നമ്പ്യാർ

Series IX Free to Members No. 6

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

വില 1.75

M/335.43
VAY

ഉള്ളടക്കം

പാഠം ഒന്ന്
പാർട്ടിയെ ശ്രുചിയാക്കിവയ്ക്കൽ . . 5

പാഠം രണ്ട്
സ്റ്റേറ്റ് — അതായത് ഞാൻ . . 22

പാഠം മൂന്ന്
ശരിയായ മനുഷ്യൻ തെറ്റായ സ്ഥാനത്ത് . . 35

പാഠം നാല്
'പ്രവ്ദ' എന്നുവച്ചാൽ സത്യം . . 46

പാഠം അഞ്ച്
വിവാഹവും മാർക്സും . . 61

പാഠം ആറ്
മാതൃകാരാജ്യതന്ത്രജ്ഞൻ . . 78

പാഠം ഏഴ്
എതിർനടപടികൾ . . 85

പാഠം എട്ട്
ക്രട്ടക്കൃഷി . . 97

പാഠം ഒമ്പത്
മതസ്വാതന്ത്ര്യം . . 106

പാഠം പത്ത്
സക്കാർസാഹിത്യം . . 117

പാഠം പതിനൊന്ന്
അപേക്ഷിച്ചിട്ടുള്ള പേറ്റൻറുകൾ . . 141

പാഠം പന്ത്രണ്ട്
മാർക്സിസ്റ്റ് നിഘണ്ടു . . 15[illegible]

പാഠം ഒന്ന്

പാർട്ടിയെ ശ്രേഷ്ഠമാക്കിവയ്ക്കൽ

പഠനം തുടങ്ങുന്നതിനു മുമ്പായി, വായനക്കാർക്ക് (അവർ പുരുഷനോ സ്ത്രീയോ ആകാവുന്നതിനാൽ) ലിംഗഭേദത്തെപ്പറ്റിയുള്ള പാർട്ടിലൈനിനേക്കുറിച്ച് ഒരു പ്രായോഗികനിർവ്വചനം ആവശ്യമായിവരാം.

ഇതല്പം ദുഷ്കടമാണ്. കാരണം, മാർക്സും ലെനിനും ഏംഗൽസും സ്റ്റാലിനും സ്വാഭിപ്രായപ്രകടനത്തിന്റെ കാര്യത്തിൽ ഇടത്തരക്കാരുടെ മാതൃകയിൽ നിന്നെല്ലാം വളരെ ഉയർന്നാണ് നിന്നിരുന്നത്; തന്മൂലം അതിനെപ്പറ്റി പ്രസ്താവിക്കുന്നതു് അവരുടെ അന്തസ്സിനു് മോശമായിരുന്നു. ഈ പ്രശ്നത്തെ താത്വികമായോ പ്രായോഗികമായോ കൈകാര്യം ചെയ്യുന്നതിനു പകരം അവർ തങ്ങളുടെ ഓജസ്സ് ചെലവാക്കിയതു് കമ്മ്യൂണിസത്തിനുവേണ്ടിയാണ്. അതുകൊണ്ടുതന്നെയാവാം, ഈ നാല് മഹാബുദ്ധിശാലികളുടേയും പുരുഷത്വം കുറെ 'സന്ദിഗ്ദ്ധ'ത്തിലായിരുന്നുവെന്ന് അപവാദവ്യവസായികളായ ചില പ്രസ്ഥാനശത്രുക്കൾ പറഞ്ഞു പരത്തുവാൻ കാരണം. ഏതായാലും വിദ്യാർത്ഥികൾ യുക്രേനിയൻ സോഷ്യലിസ്റ്റ് സോവിയറ് റിപ്പബ്ലിക്കിലെ കാഷ്കികസഹകരണസമിതിയോടു് ബന്ധപ്പെട്ട ശാസ്ത്രകോശശാസ്ത്രക്രിയാകോളേജിനോടു് അനുബന്ധിച്ച ഏഴംഗകമ്മിറ്റിയുടെ സിക്രട്ടറിയും കീവിലെ

ശസ്ത്രനിർമ്മാതാവുമായ* എം. ഐ. എൽ. ഇഡിയട്ടോവിന്റെ സിദ്ധാന്തം (പേരല്ലെങ്കിൽ) അറിഞ്ഞിരിക്കേണ്ടതാണ്. അദ്ദേഹം പഠിപ്പിക്കുന്നു:- "അതിബുദ്ധിശാലികളുടെ പീഠത്തെ തൊടാൻ അപവാദത്തിനു് ഒരിക്കലും കഴിയില്ല."

ഈ പ്രമാണത്തിന്റെ പരമാർത്ഥം പരമവ്യക്തമാണ്. മാർക്സിനു് ഇത്രയേറെ അനാകർഷകമായ പത്നിയെ തിരഞ്ഞെടുക്കുകയും, ലെനിൻ ഈ പ്രപഞ്ചത്തിലെ ഏറ്റവും വൃത്തികെട്ട ഒരു പെൺപിറന്നവളെ (മേലാൽ ഏതെങ്കിലും ഗ്രഹത്തിൽ കണ്ടു മുട്ടാവുന്ന ഏതെങ്കിലും ജീവനുള്ള പടപ്പിനേയും ഒഴിവാക്കുന്നില്ല) കെട്ടാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അസംഖ്യം ശതകോടികൾ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യത്തിന്റെ കൈയെഴുത്തുപ്രതികൾ എഴുതിക്കൂട്ടാനായി തങ്ങളുടെ വാസന മുഴുവൻ അടിയറവയ്ക്കാത്ത, സാധാരണമട്ടിൽ ലൈംഗികജീവിതം ആസ്വദിക്കുമായിരുന്നു എന്നു് തെളിയിക്കാൻ ഇന്നോളം ചെയ്തിട്ടുള്ള പ്രയത്നങ്ങളൊന്നും സഫലങ്ങളായിട്ടില്ല— അവയൊക്കെ പാഴ് വേലയായേ തീർന്നിട്ടുള്ളൂ.

സമർത്ഥനായ ഒരു വിദ്യാർത്ഥി ഇത്തരം എല്ലാ ആരോപണങ്ങളും മേത്തരം ഒരു പുഞ്ചിരിയിൽ തള്ളിക്കളയാൻ ശരിക്കും പഠിക്കണം. തങ്ങളുടെ നേതാക്കൾ മറെന്തിലുമെന്നപോലെ ലൈംഗികജീവിതത്തിലും മികച്ചവരാണെന്നു് കമ്മ്യൂണിസ്റ്റുകാക്കറിയാം. ഉദാഹര

*ശ്വാസമൊന്നു വിടട്ടെ.

ണത്തിനു് സ്റ്റാലിനെത്തന്നെ നോക്കാം. അദ്ദേഹം സമാധാനത്തിന്റെ പരമസംരക്ഷകനും,* ഏറ്റവും മികച്ച പ്രകൃതിശാസ്ത്രജ്ഞനും, ഏറ്റവും സമർത്ഥനായ സേനാധിപനും* മാത്രമായിരുന്നില്ല, ലോകത്തിലെ ഏറ്റവും വലിയ ജാവലിനേറുകാരനും പുരുഷസൗന്ദര്യത്തിന്റെ ഉത്തമമാതൃകയുംകൂടി ആയിരുന്നു. മാത്രമല്ല, സുപ്രസിദ്ധ സോവിയറ്റ്ശാസ്ത്രജ്ഞനായ ഏർലിച്ചു് 666-ാമത്തേതിനു് പകരം ഇരുപതാമത്തെ പരീക്ഷണം കഴിഞ്ഞപ്പോഴേക്കുംതന്നെ തന്റെ വിഖ്യാതമായ സീറം കണ്ടുപിടിച്ചിരുന്നുവെങ്കിൽ, തീച്ചയായും ലെനിൻ തന്റെ കഴിവുകൾ ലോകത്തിനു കാട്ടിക്കൊടുക്കുമായിരുന്നതാണു്.†

അതെന്തെങ്കിലുമാകട്ടെ. കമ്മ്യൂണിസത്തിന്റെ മഹാമഹാചാര്യന്മാരിൽനിന്നു് മാർക്സിസ്റ്റടിസ്ഥാനത്തിലുള്ള ലൈംഗികജീവിതത്തെപ്പറ്റി ആശയപരമായ ഒരു നിർവ്വചനം നമുക്കു സിദ്ധിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ, സാധാരണക്കാരായ തെരുവിലെ യുവതീയുവാക്കൾ നമുക്കു പ്രായോഗികമായൊരു നിർവ്വചനം തരും. "പാർട്ടിക്കു് പുതിയ പുതിയ മെമ്പർമാരെ നിരന്തരം നല്കിക്കൊണ്ടിരിക്കാൻ ഉന്നംവച്ചുകൊണ്ടുള്ള പാർട്ടി സംരക്ഷണവാസനയുടെ ആ ശാഖയാണു് ലൈംഗികവാസന" എന്നു് അവർ ഉടനെ അനേഷകനു് മറുപടി നല്കുന്നതാണു്.

---

*അദ്ദേഹം ജീവിച്ചിരുന്ന കാലത്തെക്കുറിച്ചും

†ഭാഗ്യവശാൽ അദ്ദേഹം അതു ചെയ്തില്ല; അതോ നിർഭാഗ്യവശാലോ?

PALACIYAL JEEVAS LIBRARY 18255

അതിനാൽ വന്നുകൂടുന്നതു് ഇതാണു്: 'സമ്പന്ന' മായ എല്ലാ അളവുകളും, അഭികാമ്യമായ 'ഭ്രമിശാസ്ത്ര' വും ഉള്ള ചടച്ചപൊക്കമുള്ള ഒരു യുവസുന്ദരിയെ കാണുമ്പോൾ "അയ്യേ, എന്തൊരു സുന്ദരി" എന്നല്ല; നേരേമറിച്ചു് "ഞങ്ങളുടെ മാർക്സിസ്റ്റു് സംഘടനത്തിൽനിന്നു് എത്ര ഒന്നാംകിട പാർട്ടിമെമ്പർമാരാണുണ്ടാവുക" എന്നേ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരൻ പറയുകയുള്ളു.

ലൈംഗികബന്ധത്തെപ്പറ്റിയുള്ള പാർട്ടിലൈനിന്റെ പ്രായോഗികനിർവ്വചനം ഇതാണു്. അധമമായ മാംസദാഹത്താലോ, മൃഗീയമായ വാസനയാലോ, അഭൗമമായ കാമവികാരത്താലോ അല്ല, കേവലം പാർട്ടിപ്രേമത്താൽ പ്രചോദിതനായ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന്റെ ലൈംഗികജീവിതത്തെ ഈ ഒറ്റ വാചകം വ്യാഖ്യാനിച്ചുതരുന്നു. തന്റെ വനിതാസഖാവിനെ അയാൾ ആലിംഗനം ചെയ്യുമ്പോൾ, പാർട്ടിയണികൾ ബലപ്പെടുത്താനാണു് അയാൾ ശ്രമിക്കുന്നതു്. വിദ്യാർത്ഥികളും ഈ ആരംഭഘട്ടത്തിൽവച്ചു് അമ്പരന്നുപോകുന്നു. കാരണം, കമ്മ്യൂണിസ്റ്റു് ലൈംഗികജീവിതത്തിന്റെ ഇതരാതിശായിതവുമായി തികച്ചും പരിചയപ്പെട്ടുകഴിയുമ്പോൾ, ശരിയായ ടെക്നിക്കിന്റെ വിശദാംശങ്ങളുമായി വളരെ എളുപ്പത്തിൽ ഇണങ്ങുന്നതാണു്.

ലൈംഗികജീവിതത്തെ രണ്ടുതരമായി പാർട്ടി വകതിരിക്കുന്നുണ്ടു് — വിവാഹത്തിനകത്തുള്ളതും പുറ

ത്തുള്ളതും. ഇതിൽ ആദ്യത്തേതിനെപ്പറ്റി വിദ്യാർത്ഥികൾ അധികമൊന്നും അന്വേഷിച്ചു വിഷമിക്കേണ്ട — കാരണം, ഒരു യഥാർത്ഥ കമ്മ്യണിസ്റ്റുകാരൻ ഭൗതികവാദിയാണു്, യാഥാർത്ഥ്യങ്ങളുമായി മാത്രമേ അയാൾക്കു ഇടപാടുകളുള്ളൂ, എന്നതുകൊണ്ടുതന്നെ.

പുരുഷന്മാരും സ്ത്രീകളും ഒന്നുകിൽ വിവാഹിതരാണു്, അല്ലെങ്കിൽ അല്ല; അതിനാൽ നാലു തരത്തിലാവാം അവർ തമ്മിലുള്ള ബന്ധം എന്നു് കമ്മ്യണിസ്റ്റുകാർ കണ്ടുപിടിച്ചിട്ടുണ്ടു്. അവ ഇവയാണു്:

1) അവിവാഹിതനായ ഒരു പുരുഷനും,
അവിവാഹിതയായ ഒരു സ്ത്രീയും;
2) അവിവാഹിതനായ ഒരു പുരുഷനും,
വിവാഹിതയായ ഒരു സ്ത്രീയും;
3) വിവാഹിതനായ ഒരു പുരുഷനും,
അവിവാഹിതയായ ഒരു സ്ത്രീയും;
4) വിവാഹിതനായ ഒരു പുരുഷനും,
വിവാഹിതയായ ഒരു സ്ത്രീയും.

ഇതിൽ (1)നെപ്പറ്റിയുള്ള ചർച്ച "വിവാഹവും മാർക്സും" എന്ന അഞ്ചാം പാഠംവരെ നീട്ടിവയ്ക്കുകയാണു്. (2), (3), (4) വിഭാഗങ്ങളിൽ ഒരു ഭർത്താവോ ഭാര്യയോ ഉൾപ്പെട്ടുന്നതു മൂലം സ്ഥിതിയാകെ കുഴപ്പത്തിലായേക്കാം. അതിനാൽ യഥാർത്ഥ കമ്മ്യണിസ്റ്റുകാരാരുംതന്നെ രണ്ടാമതും ഒരു നിയമപരമായ സംബന്ധത്തിൽ പെടാതിരിക്കാൻ ശ്രദ്ധിക്കണം. എന്തെന്നാൽ അതു നിയമവിരുദ്ധമാവുന്നതും, തന്മൂലം 'ദ്വിഭാര്യത്വ'

മെന്ന പേരും പറഞ്ഞു് ശിക്ഷാഹ്മാവുന്നതുമാണു്. നിയമാനുസൃതമായ ഒരു സഹധമ്മിണി ഉണ്ടെങ്കിൽക്കൂടി വിവാഹം കഴിക്കണമെന്നു ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾം മഹാനായ സ്റ്റാലിന്റെ മാതൃക അനുസരിക്കുകയാണു് നല്ലതു്— രണ്ടാമതൊന്നുകൂടി കല്യാണം കഴിക്കണമെന്നു് അദ്ദേഹം മോഹിച്ച നിമിഷത്തിൽ അദ്ദേഹത്തിന്റെ ആദ്യത്തെ ഭാര്യ ഔചിത്യപൂർവ്വം അങ്ങു മരിച്ചു കൊടുക്കുകയുണ്ടായല്ലൊ.

ഒരിയ്ക്കൽ വിവാഹംചെയ്തുകഴിഞ്ഞാൽ (രണ്ടു വട്ടമായാലും ശരി) ഒരു നല്ല പാർട്ടി ഭർത്താവു്, തന്റെ ഭാര്യയൊഴികെ മറെറല്ലാ സ്ത്രീകളേയും അവഗണിക്കുകയാണു് ചെയ്യുക. നല്ല ഒരു പാർട്ടിഭാര്യയും അതുതന്നെ ചെയ്യും— വഴി മാറാതാവുമെന്നു മാത്രം.

കമ്യൂണിസ്റ്റുലോകത്തിലേയും കമ്യൂണിസ്റ്റല്ലാത്ത ലോകത്തിലേയും കുടുംബജീവിതത്തിലുള്ള ഒരു വൈജാത്യം ഇവിടെ ശ്രദ്ധേയമാണു്. രണ്ടാമതു പറഞ്ഞതിലെ ഒരു കുടുംബത്തിൽ ബ്യൂഷ്വായായ ഭാര്യ തന്റെ ഭർത്താവിനോടു ഇങ്ങനെ പറഞ്ഞുവെന്നുവരാം:

"പ്രിയതമാ, എനിക്കിന്നു ഭയങ്കരമായ തിരക്കാണല്ലൊ. ഒന്നാമതായി എനിക്കൊന്നു ഒരുങ്ങാനുണ്ടു്. പിന്നെ യുവോണിൽ ഒരു പരിപാടിയുണ്ടു്. അവിടെ ചെന്നാലോ, ഒന്നു പോന്നുകിട്ടാൻ ഒരു യുഗം മുഴുവൻ കാത്തു നില്ക്കേണ്ടിവരുമെന്നറിയാമല്ലൊ. അതിനാൽ അത്താഴത്തിനു് ഞാനല്പം വൈകിയാൽ കാത്തിരിക്കേണ്ട."

എന്നിട്ടവൾ ഭർത്താവിന്റെ കഷണ്ടിത്തലയിൽ ഒന്നു ചുംബിച്ചു (ബൂർഷ്വാ സമുദായത്തിൽ എല്ലാ ഭർത്താക്കന്മാരും കഷണ്ടിത്തലയന്മാരാണു) തിരക്കിട്ടു പാഞ്ഞുകളയുന്നു — ഈക്കിലിക്കരയൻ കരിമീശയും, കോതിമിനുക്കിയ തലമുടിയും വീഞ്ഞിന്റെ നിറമുള്ള സില്ക്കുഗൗണും ആയി അവളെ ഒരു രഹസ്യപ്രണയസങ്കേതത്തിൽ കാത്തുനില്ക്കുന്ന യുവകോമളന്റെ അരികിലേയ്ക്കു! എന്നാൽ ഇത്തരം ലജ്ജാവഹവും പൊള്ളയും ആയ ഒഴിവുകഴിവുകളൊന്നും ഒരു യഥാർത്ഥ കമ്യൂണിസ്റ്റ് ഭാര്യയ്ക്കു് ആവശ്യമില്ല. ഒന്നും ഒളിച്ചുവയ്ക്കാനില്ലാത്ത അവൾക്കു് ഇത്തരം തന്ത്രങ്ങളൊന്നും വേണ്ട.

"സഖാവേ, ഇന്നു രാത്രി തെല്ല വൈകിയേ ഞാൻ മടങ്ങി വരൂ." അവൾ സഖാവു ഭർത്താവിനോടു് മൊഴിയും. "കാലിത്തീറ്റയുടെ സോഷ്യലിസ്റ്റ് വിനിയോഗം സംബന്ധിച്ചു പ്രസ്തുതങ്ങളേപ്പറ്റി ഒരു സഖാവുമായി ഇന്നെനിക്കു് ചർച്ചചെയ്യാനുണ്ടു്." ഇതുകേട്ട ഉടനെ ഭർത്താവു് പുരോഗമനപരവും വിപ്ലവകരവുമായ ഒരു നോട്ടം കൊണ്ടു് ഉത്തരം നല്കും. എന്നിട്ടു് തന്റെ പാർട്ടിമെമ്പർഷിപ്പു് കാർഡു് മാറോടണയ്ക്കുകയും, ചുമരിന്മേലുള്ള ലെനിന്റെ പടത്തിന്മേലൊന്നു ചുംബിക്കുകയും ചെയ്യും. എന്നാൽ അവൾക്കു് ഉറച്ച കാൽവെയ്പോടുകൂടി സോഷ്യലിസത്തിലേക്കുള്ള പാതയിലൂടെ മുന്നേറാം — ഈക്കിലിക്കരയൻ കരിമീശയും കോതിമിനുക്കിയ തലമുടിയും വീഞ്ഞിന്റെ നിറമുള്ള സില്ക്കുഗൗണുമായി അവളെ കാത്തിരിക്കുന്ന യുവകോമളൻ വിലസുന്ന രംഗസൃഷ്ടി

ണായസങ്കേതംവഴി. മാത്രമല്ലാ അവർ മടങ്ങിവരുമ്പോ ഴാകട്ടെ, ആശയപരമായ തന്റെ വളർച്ചയിൽ സുപ്രധാ നമായ ഒരു കാൽവയ്പുകൂടി നടത്തി എന്ന ശുദ്ധമായ മ നസ്സാക്ഷിയോടെ അവർക്കു ഭർത്തൃമുഖത്തിൽ തറച്ചുനോ ക്കുകയുമാവാം. ആഫീസ്സമയം കഴിഞ്ഞിട്ടും കുറെ നേരം തന്നോടൊപ്പം കഴിച്ചുകൂട്ടി, മാർക്സിസം-ലെനി നിസത്തിന്റെ ചില വശങ്ങൾ വിശദീകരിക്കാൻ സ ന്നദ്ധയായ തന്റെ ഒരു വനിതാസഖാവിനെ ആദരിച്ച ഭർത്താവിന്നും ഇതേ നോട്ടം തിരിച്ചുകൊടുക്കാം; കാര ണം, അകാരസ്പഷ്ടമെയും ഗണ്യമായ പ്രണയാനുഭൂതികളു ടെ അനുഭവസമ്പത്തുമുള്ള ആ വനിതാസഖാവു് ആശ യഭദ്രതയുള്ള ഒരു പാർട്ടിമെമ്പറാണെന്നതുകൊണ്ടതന്നെ.

ഇതേ മനോഗതി അല്പംകൂടി വിപുലമാക്കാവുന്ന സന്ദർഭങ്ങളുണ്ടു്. പാർട്ടിക്കാര്യങ്ങൾക്കായി തനിക്കു മൂന്നു ദിവസത്തേക്കു് വീടു വിട്ടുപോകേണ്ടിയിരിക്കുന്നവെന്നു സഖാവു ഭർത്താവു് അറിയിക്കുന്നു. കമ്യൂണിസ്റ്റു് ഭാര്യ ഉടനെ അയാളുടെ പെട്ടിയിൽ രണ്ടുവട്ടം മാറാനുള്ള മാർ ക്സും ലെനിനും അടക്കം എല്ലാം ശരിയാക്കിവയ്ക്കുന്നു; യാത്ര സുഖമാകട്ടെ എന്നു് ആശംസിക്കുകയും ചെയ്യുന്നു. താൻ വീട്ടിൽ തിരിച്ചെത്തുംവരെ ഏതുനേരവും പാർട്ടി സിക്രട്ടറിയെ സ്മരിച്ചുകൊള്ളാമെന്നു് ഏറ്റു് ഭർത്താവു് യാത്രയാകുന്നു. ഇതെല്ലാം കഴിഞ്ഞു്, രാത്രി 11 മണിക്കു് ഒരു പാർട്ടിനിശാസങ്കേതത്തിൽ വച്ചു് ആ ഭർത്താവ നെ അരുണാഭവും മനോഹരവുമായ ഒരു കടലാസുതൊ

പ്പിയണിഞ്ഞു", അത്യന്തസുന്ദരിയും സുദർല്ലഭവസനയുമായ ഒരു യുവനത്തകിയുടെ ചഷകത്തിലേക്കു് വോഡ്ക്ക പകർന്നു കൊടുക്കുന്നതായി അവർം കാണുകയാണെങ്കിൽ അതവർം ശ്രദ്ധിക്കുകപോലും ചെയ്യാതെ, തന്റെ ചഷകത്തിലേക്കു് റം ഒഴിച്ചുകൊണ്ടിരിക്കുന്ന യുവകോമളനുമായി പ്രേമസല്ലാപം തുടരുകയേ ചെയ്യുകയുള്ളൂ.

കമ്മ്യൂണിസ്റ്റ് പ്രേമസല്ലാപത്തിന്റെ ടെക്നിക്കിനെപ്പററി വിദ്യാർത്ഥികർം ഈ ഘട്ടത്തിലൊന്നു് പരിചയപ്പെടേണ്ടതുണ്ടു്: സഞ്ചാരിയായ ഒരു വ്യാപാരിയുടെ പ്രസിദ്ധമായ കഥ നിങ്ങർം കേട്ടിരിക്കും. തന്റെ കുടമറന്നുവച്ചുപോന്നുവെന്നറിഞ്ഞ ഉടനെതന്നെ അയാർം ഹോട്ടലിലേയ്ക്കു് മടങ്ങിച്ചെല്ലുന്നു. പക്ഷെ, താൻ പാർത്തിരുന്ന മുറി അതിന്നകം മറെറാക്കോ കൊടുത്തിരിക്കുന്നു. മധുവിധു ആഘോഷിക്കുന്ന ഒരു യുവമിഥുനമായിരുന്നു അകത്തു്. അടക്കിപ്പിടിച്ച പ്രണയസല്ലാപം നടക്കുകയാണു് അകത്തു്; വാതിൽപ്പഴുതിലൂടെ നോക്കിനിന്ന ശ്രദ്ധിച്ചപ്പോർം അയാർം ഇങ്ങനെ കേട്ടു: "ഈ കൊച്ചുകൊച്ചു മനോഹരപ്പല്ലുകർം ആരുടേതാണു്, ഈ കൊച്ചു തുമുഖം ആരുടേതാണു്, ആരുടേതാണു് ഈ ചോരിവായ്മലർ" എന്നൊക്കെ. ഉടനെ അയാർം കേറിപ്പറഞ്ഞു, "നിങ്ങർം ഒരു വസ്തുവിവരണം തയ്യാറാക്കുകയാണെങ്കിൽ മൂലയിലിരിക്കുന്ന ആ കുട എന്റേതാണേ!"

ലൈംഗികജീവിതത്തിൽ ചിലർ തുന്നിപ്പിടിപ്പിക്കുവാൻ ആഗ്രഹിച്ചുകാണാറുള്ള ഇത്തരം 'കിന്നാര'

ങ്ങൾ ഉള്ള പെററി ബൂഷ്വാകളുടെ സമ്പ്രദായത്തിന്മേൽ ഇക്കഥ ഏറെ വെളിച്ചം വിതരുന്നു. അയഥാർത്ഥമായ ഇത്തരം കൊഞ്ചലുകളിൽ, കാമുകിയുടെ തലമുടിക്കു് വണ്ടിന്റെ കറുപ്പാണു്, പല്ലുകൾ മുത്തുപോലെയാണു്, കണ്ണുകൾ വൈരക്കല്ലുപോലെയാണു്, മുഖം പനിനീർപൂവാണു്, കഴുത്തു് അരയന്നപ്പിടയുടേതാണു്, അവളുടെ കാലുകൾ കൃഷ്ണമൃഗത്തിന്റേതുപോലെയാണെന്നുപോലും ബൂഷ്വാകാമുകൻ പറഞ്ഞേക്കും — അവ സത്യത്തിൽ അങ്ങനെ ആയിരുന്നെങ്കിൽ അയാൾക്കുണ്ടാകാവുന്ന പ്രതികരണം എന്തെന്നു് ഒന്നാലോചിക്കുകപോലും ചെയ്യാതെ!

പാർട്ടിയുടെ ബലം നിലനിത്താൻ ഒരു കമ്മ്യൂ: പുരുഷസഖാവു് ഒരു സ്ത്രീസഖാവുമായി അടുത്ത ബന്ധം സ്ഥാപിച്ചുകഴിഞ്ഞാൽ അവരും പ്രേമസല്ലാപം നടത്താറുണ്ടു്. പക്ഷെ മൃഗങ്ങൾ, പെടികൾ, ധാതുദ്രവ്യങ്ങൾ മുതലായവയുമായി പൊരുത്തമില്ലാത്ത ഉപമകളും ഉല്പേഖങ്ങളും അവർ ഉപയോഗിക്കാറില്ല. നേരെ മറിച്ചു് ക്രൂരത്തൽ അഗാധവും സാന്ദ്രവുമായ മാനുഷികവികാരങ്ങൾക്കു പൊരുത്തപ്പെട്ടുത്തിക്കൊണ്ടാണു് അവരുടെ സംഭാഷണരീതി പതിവു്.

നമുക്കു് ചില ദൃഷ്ടാന്തങ്ങൾ നോക്കാം. ഒരു വനിതാസഖാവിന്റെ കൈത്തളിർ നടാടെ തന്റെ കരതലത്തിലേന്തുമ്പോൾ കാമുകസഖാവു് ഇങ്ങിനെയാവും പറയുക: "സഖാവെ, നാസി- സോവിയറ്റു് സന്ധി ഒപ്പിട്ട ഘട്ടത്തിൽ സഖാവു് മോളട്ടോവിന്റെ കൈ പിടിച്ച നേര

ത്തു് റിബ്ബൺടോപ്പിന്നു തോന്നിയതു ഇത്തരത്തിലാവും." അവളുടെ തോളിലൂടെ കൈയിടുമ്പോൾ അയാൾ പറയും: "വൻകിട വ്യവസായങ്ങളിലെ തൊഴിലാളിവർഗ്ഗവുമായി ക്രൂട്ടുകൃഷിസ്ഥലങ്ങളിലെ കൃഷിക്കാരെന്നപോലെ എന്നോടു് അത്രയ്ക്കു ഒട്ടിപ്പിടിച്ചു നിൽക്കു." പ്രഥമചുംബനത്തിന്നുശേഷമോ— "നിന്റെ അധരപല്ലവത്തോടു ഉപമിക്കാവുന്നതായി നമ്മുടെ പാർട്ടിലൈൻ ഒന്നു മാത്രമേയുള്ളു."

പ്രണയിനിയുടെ ഓരോ അവയവവും—കവിതാമയമായി— നോക്കാം. ഉപമകൾ വേണമെങ്കിൽ, (അ) ലോകപ്രശസ്ത സോവിയറ്റ് കവിമഹാശയനും സ്ത്രൈണനോവൈറ്റ് തുകൽപ്പണിക്കാരനുമായ സിമിയാനോവ് സ്ത്രീയുടെ ഉരുന്നോരഹിത(മഹാരഹിത)ങ്ങളായ ഈരടികളിൽ നിന്നെടുക്കുകയാണു നല്ലതു്. അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ കവിതയിൽ 8000 പദ്യങ്ങളുണ്ടു്— അല്ലെങ്കിൽ ബുഹംഗാനിൻ മാക്ക്മില്ലന്നെഴുതിയ എഴുത്തുകളിൽ ഏറ്റവും ചെറിയതിന്റെ നീളം വരുമെന്നു മൊത്തത്തിൽ പറയാം. തനിക്കായി പാർട്ടി നിശ്ചയിച്ച വനിതയെ കവി എങ്ങനെ ആദ്യമായി വീക്ഷിച്ചു എന്നാണു് ആ കവിതയിൽ വർണ്ണിക്കുന്നതു്. ലഹരിപിടിച്ച കവി അവളെ ഏറ്റവും സ്നേഹാകുലവും ഗാഢാതിഗാഢവുമായി സംബോധന ചെയ്യുന്നു. ആ ഉൽകൃഷ്ട കാവ്യത്തിലെ ഏതാനും ഭാഗങ്ങൾ ഇതാ:—

നിന്റെ മുഖം
ചെമപ്പാണു്;

രാഷ്ട്രീയപ്പോലീസുകാരുടെ
തൊപ്പിയിലെ
രക്തതാരംപോലെ.
നിൻെ കണ്ണുകൾ
സമാധാനം സംരക്ഷിക്കാൻ
വേണ്ടിമാത്രംഉപയോഗിക്കുന്ന
യന്ത്രത്തോക്കുകളുടെ
കുഴലുകൾപോലെ
തിളങ്ങുന്നു.
നിൻെറ തലമുടി
മഹാനായ ലെനിൻെറ
നല്ലകാലത്തെ
താടിമീശപോലെ
ചെമ്പിച്ചിരിക്കുന്നു.
നിൻെറ പല്ലുകളാകട്ടെ
മഹാനായ സ്റ്റാലിൻെറ
നരപോലെയുള്ള ശരീരം
സംരക്ഷിക്കാനുപയോഗിക്കുന്ന
ദ്രാവകംപോലെ
മികച്ചവയാണു്.
നിൻെ തോളുകൾ
സോഷ്യലിസത്തിലേക്കു
വഴിതെളിക്കുന്ന
യു. എസ്. എസ്. ആറിൻെറ
മാർഗ്ഗംപോലെ

ജ്ജീവാകുന്നു.
അതുകൊണ്ടല്ലോ
എന്റെ പാർട്ടി സിക്രട്ടറി
യോട് ഏതാണ്ടൊപ്പംതന്നെ
നിന്നെ ഞാൻ
സ്നേഹിക്കുന്നതു്.

അവസാനമായി, "ഓമനേ, എന്റെ തങ്കക്കുടമേ, ഇതാണു് എന്റെ ജീവിതത്തിലെ ഏറ്റവും അനഘമായ നിമിഷം; ഇതെന്നെ എപ്പോഴും മാർക്സിനെ അനുസ്മരിപ്പിക്കും" എന്നു പുരുഷസഖാവു് തന്റെ സ്ത്രീസഖാവിന്റെ കാതിണകളിൽ രഹസ്യമായി മൊഴിയുമ്പോൾ, എന്തുകൊണ്ടു് എന്നു അവൾ തിരിഞ്ഞു ചോദിക്കുകയില്ല— കാരണം, ഒരു യാഥാർത്ഥ കമ്യൂണിസ്റ്റിന്നു് എന്തും മാർക്സിനെ അനുസ്മരിപ്പിക്കുമെന്നു അവൾക്കു നന്നായറിയാം.

ഗൃഹപാഠം

സാധാരണയായി പല പാഠപുസ്തകങ്ങളിലും പാഠങ്ങൾക്കുശേഷം പല 'ശബ്ദാവലി'കളും കെട്ടുപിണഞ്ഞു കിടക്കുന്നതായി കാണാം. പല കമ്യൂണിസ്റ്റ് പദങ്ങൾക്കും ശരിയായ നിർവ്വചനംകിട്ടുക ദുഷ്കരമായതിനാൽ, താഴെ കൊടുക്കുന്ന ചെറിയ നിഘണ്ടു പഠിച്ചിരിക്കുന്നതു് വിദ്യാർത്ഥികൾക്കു സഹായകമാവും.

മുന്നേറുക- എന്തിനേയും പിന്നിലേക്കു തള്ളിമാറ്റിക്കൊണ്ടു്, മനുഷ്യരാശിയുടെ പരിവർത്തനത്തെ മു

ന്നോട്ടുകൊണ്ടുപോകാവുന്ന ആശയസംഹിത.

പ്രക്ഷേപണം - "ടാസ് ഏജൻസി മോസ്കോവിൽനിന്നു റിപ്പോർട്ട് ചെയ്യുന്നതു" എന്നു് ആരംഭിക്കുന്നതും, കമ്പിയില്ലാക്കമ്പിമുഖേന വാർത്തകൾ പ്രചരിപ്പിക്കുന്നതുമായ പരിപാടിയുടെ പരമ്പരയുടെ ഒരു രീതി.

ക്ലേശനേത്രത്വം - അബദ്ധങ്ങൾക്കും പ്രയാസങ്ങൾക്കും സമാധാനമായി ഇടയ്ക്കിടെ ബലിമൃഗങ്ങളെ കണ്ടുപിടിയ്ക്കാൻവേണ്ടി യോഗം ക്ലേശിക്കുന്ന കമ്യൂണിസ്റ്റ് നേതാക്കളുടെ സംഘം.

അലങ്കാരം (ഡെക്കറേഷൻ) - ചെങ്കൊടികൾ, പഞ്ചമുഖനക്ഷത്രങ്ങൾ, അരിവാൾകൾ, ചുറ്റികകൾ, മാർക്സിന്റേയും ലെനിന്റേയും സ്റ്റാലിന്റേയും ഊർധ്വകായപ്രതിമകൾ (വീടുകൾക്കകത്തും കിടപ്പുറകളിലും ഇവ ക്ലേശിവയ്ക്കുന്നതിനു ആഭ്യന്തരാലങ്കാരം എന്നും പറയും.)

സമത്വം - പാർട്ടിമെമ്പർമാരാണെങ്കിലും അല്ലെങ്കിലും, എല്ലാ പൌരന്മാർക്കും തടങ്കൽക്യാമ്പുകളിലും ലേബർക്യാമ്പുകളിലും ചെന്നുചേരാനുള്ള അവകാശം.

സ്വാതന്ത്ര്യം - അമേരിക്കൻഗവമ്മെണ്ടിനെ തെറിപറയാനും, പാർട്ടി നിശ്ചയിക്കുന്ന കമ്യൂ: സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കാനും എല്ലാവർക്കും ഒരുപോലെയുള്ള അവകാശം.

പ്രശസ്തി - യഥാർത്ഥ കമ്യൂണിസ്റ്റുകാരന്റെ മഹിമയ്ക്കുവേണ്ടി എത്ര കഠിനമായ എതിർപ്പിനെയും തകർക്കുവാൻ യു. എസ്. എസ്. ആർ. സന്നദ്ധമാണു് (മ

നഷ്യോചിതമല്ലാത്ത നാടൻ ആയുധങ്ങൾകൊണ്ട് നിശിഖാന്തം സുസജ്ജരായ 10000 ഹംഗേറിയൻ വിദ്യാർത്ഥികളെ ഉർബ്ബലങ്ങളായ 4000 റഷ്യൻടാങ്കുകളുടെ മാത്രം സഹായത്തോടുകൂടി 400,000 റഷ്യൻ ഭടന്മാർ വീരോചിതമായി എതിർത്തുനിന്ന 1956 നവമ്പറിലെ സംഭവങ്ങൾ അനുസ്മരിക്കുക.)

മനുഷ്യത്വം- മരിച്ചു പത്തുമിനിട്ടു കഴിഞ്ഞിട്ടില്ലാത്ത യാതൊരു പുള്ളിയേയും (സംശയിക്കപ്പെട്ടവനായാലും ശരി) ഒരിക്കലും ചോദ്യം ചെയ്യാറില്ലാത്ത കമ്മ്യൂണിസ്റ്റ് രഹസ്യപ്പോലീസിന്റെ നിയാമകപ്രമാണം.

ഒറുക്കാരൻ- ജനസാമാന്യത്തിനും രഹസ്യപ്പോലീസിനും ഇടയ്ക്കുള്ള കണ്ണിയായി കഴിയുന്ന സത്യസന്ധനായ പാർട്ടിമെമ്പർ.

ജൂറി- പാർട്ടിയുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് തികച്ചും വിശ്വസിക്കാവുന്ന പരമസ്വതന്ത്രമായ ഒരു ഘടകം.

കോംസോമോൾ- യുവകമ്മ്യൂണിസ്റ്റുകൾ; ഒരു നിർബന്ധസംഘടനയിലെ നിർഭ്ഗ്യഷം നിർബന്ധരഹിതരായ (വളണ്ടിയർമാരായ) അംഗങ്ങൾ.

ജീവിതത്തോട്- ഇതെത്രത്തോളം കുറയുന്നുവോ, അതു് ഇത്രയ്ക്കും ഉയർന്നകാലം ഉണ്ടായിട്ടില്ലെന്നു കമ്മ്യൂണിസ്റ്റുകാർ ഉന്നിപ്പറയും. ഈ പോയിൻറ് എത്രവേഗം സ്വീകരിക്കാമോ, അത്രയ്ക്കും, ഏതു ഉർഘടസന്ധിയേയും തരണം ചെയ്യാനും, അതിലും താഴ്ന്ന നിലവാരം കൈവരിയ്ക്കാനും കഴിവുണ്ടാക്കിത്തരുന്നു.

മെമ്പർ - ബധിരനും അന്ധനും മൂകനും*മായിരിക്കണം ഒരു പാർട്ടിമെമ്പർ.



"ഞാൻ ഒന്നും കാണുന്നില്ല; ഞാൻ ഒന്നും കേൾക്കുന്നില്ല; ഞാൻ ഒന്നും പറയുന്നുമില്ല....."

വാത്ത - 'പ്രക്ഷുപണം' നോക്കുക.

അഭിപ്രായം - 'ജൂറി' നോക്കുക.

സമാധാനം - എന്തുചെയ്തിട്ടും — വേണ്ടിവന്നാൽ അതിന്നായി യുദ്ധം ചെയ്തിട്ടുപോലും — സമാധാനം നിലനിത്താൻ കമ്യൂണിസ്റ്റുകാർ ഒരുക്കമാണു്.

ചോദ്യം ചെയ്യൽ - കമ്യൂണിസത്തിൽ തങ്ങൾക്കുള്ള വിശ്വാസം ആവത്തിച്ചു പ്രഖ്യാപിക്കാനായി പൌരന്മാർക്കു അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിന്നു രഹസ്യപ്പോലീസ് ഉപയോഗിക്കുന്ന മാർഗ്ഗം.

റോബട്ടുകം - ലോകത്തിലെ നാനാ കമ്യൂണിസ്റ്റ് പാർട്ടികളുടെ ജനറൽ സിക്രട്ടറിമാർ; അങ്ങു ദൂരെ, മോസ്കോവിൽനിന്നു ഒരു നിയന്ത്രണത്തിന്നൊപ്പിച്ചു് പ്ര

* വിശേഷിച്ചും മൂകൻ

വത്തിക്കുന്ന പാവമനുഷ്യൻ.

സെമിനാർ- സഖാക്കൾക്കു അടുത്തദിവസത്തെ പ്രവൃത്തി തികഞ്ഞ ഉന്മേഷത്തോടും ഉണർവോടുംകൂടി തുടങ്ങാറാക്കാനായി, ഒരു മുഴുവൻ പ്രവൃത്തിദിവസത്തിനുശേഷം പാതിരവരേയ്ക്കും മാർക്സിസം-ലെനിനിസത്തിൽ നൽകുന്ന റിഫ്രെഷ്ർ കോഴ്സ്.

സത്യം- സോവിയറ്റ് യൂണിയനിലെ ഏതെങ്കിലും കാലത്തെ ഭരണാധികാരികൾ പുറപ്പെടുവിക്കുന്ന പ്രസ്താവനകൾ; യഥാർത്ഥസംഭവങ്ങളുമായി ബന്ധമുള്ളതോ ഇല്ലാത്തതോ ആകാം.

യു. എൻ. ഓ- സോവിയറ്റ്വീറോ കേൾക്കാനായി ഇടക്കിടെ യോഗം വിളിച്ചുകൂട്ടുന്ന പരമാധികാരരാഷ്ട്രങ്ങളുടെ ഒരു സംഘടന.

വിജയം- കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഏതു വിജയവും സാമ്രാജ്യത്വത്തിനെതിരായുള്ള ഒരടിയാണു്. പാർട്ടിയുടെ ഏതു പരാജയവും ഇതുപോലെതന്നെയെന്നും യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർക്കറിയാം.

പ്രവൃത്തി- പണംകൊണ്ടു പ്രതിഫലം നല്കുവുന്ന ഒരേർപ്പാടെന്നു്, അപഭ്രഷ്ടമായ പാശ്ചാത്യലോകത്തിൽ വിശ്വസിക്കപ്പെടുന്നു. എന്നാൽ വേലയുള്ള കൂലി പണംകൊണ്ടു കൊടുത്തുതീർക്കാവുന്നതല്ലെന്നു് കമ്മ്യൂണിസ്റ്റ്സംഘടനകൾക്കറിയാം. അതുകൊണ്ടു അവർ അതിനു ഉദ്യമിക്കാറുമില്ല.

യുവാക്കൾ- 'കോംസോമോൾ' നോക്കുക.

അത്യുച്ചകോടി- സോവിയറ്റ്യൂണിയൻ നിലകൊള്ളുന്നേടം—സാക്ഷാൽ പാതാളത്തിലായാലും കൊള്ളാം.

പാഠം രണ്ട്

സ്റ്റേറ്റ് -- അതായത് ഞാൻ

സ്റ്റേറ്റിന്റെ പ്രാധാന്യത്തെ വിദ്യാർത്ഥികളാരും വിലയിടിച്ചു കാണരുത്. സ്റ്റേറ്റിനെപ്പറ്റി കമ്യൂ:പാർട്ടി പറയുന്നത് ഇങ്ങനെയാണ്:— "സ്റ്റേറ്റ് - അതായത് ഞാൻ"

യു. എസ്. എസ്. ആറിന്റെ പുറത്തും സ്റ്റേറ്റിന്റെ പ്രാധാന്യം അംഗീകരിക്കപ്പെട്ടവരുണ്ട്. ലോകത്തിലാകെ നോക്കിയാൽ 2,000,000,000 ജനങ്ങളും ഉണ്ടെങ്കിലും (ഏകദേശകണക്ക്) പരമാധികാരരാഷ്ട്രങ്ങളും 140 എണ്ണം മാത്രമേയുള്ളൂ. ലെനിന്റെ ദീർഘദർശനമാണ് ഈ സ്ഥിതിയുണ്ടാക്കിയത്, വ്യക്തികളേക്കാളും കുറവാണ് സ്റ്റേറ്റ് എന്നതിനാൽ, അതിന് ക്രൂരതൽ വിലപിടിച്ചതാണെന്ന സത്യം വ്യക്തമാണല്ലോ.

സ്റ്റേറ്റ് എന്നു പറയുന്നത്, അതിന്റെ അവസാനവിശകലനത്തിൽ, അക്രമപ്രവണവും ക്രൂരവും ദുഷ്ടവും നിർദ്ദയവുമാണെന്ന കാര്യം ഒരിക്കലും മറക്കരുത്. —അതു നടത്തുന്നത് കമ്യൂണിസ്റ്റുകാരല്ലെങ്കിൽ. അവരാണ് നടത്തുന്നതെങ്കിലോ, നന്മയുടെ ആസ്ഥാനമാകും അത്; വ്യക്തിക്കുള്ള നിത്യമായ താങ്ങും തണലും.

ഒരു നാട്ടിലെ ഗവൺമെണ്ടിനെ മറിച്ചിടാനായി ഗ്രൂഢാലോചന നടത്തുന്ന ഒരു സംഘം മനുഷ്യരെ പോലീസ് അറസ്റ്റുചെയ്യുന്നുവെന്നു കരുതുക. അപ്പോൾ രണ്ടു

സാദ്ധ്യതകൾ ഉണ്ടായിത്തീരുന്നു— ഒരു ബൂർഷ്വാസ്റ്റേറ്റിലാണെങ്കിൽ, സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാഹുതിചെയ്യുന്ന ദേശാഭിമാനികൾക്കെതിരായി അധികാരിവർഗ്ഗം തങ്ങളുടെ മാരകമാർഗ്ഗങ്ങൾ അതാ വീണ്ടും എടുത്തു പുറത്തുകയാണു്. നേരെമറിച്ചു് ഒരു കമ്യൂണിസ്റ്റ് രാഷ്ട്രത്തിലാണെങ്കിലോ, നാടിന്റെ സമാധാനത്തെ അപകടപ്പെടുത്തുന്ന, സാമ്രാജ്യത്വത്തിന്റെ ചട്ടുകങ്ങളായ ഒരു പിടി ക്രൂരന്മാരെ, സദാ ജാഗ്രൂകമായ ഭരണകൂടം അടിച്ചമർത്തുകയുമാണു്.

കമ്യൂണിസ്റ്റ് ഭരണസംവിധാനം രൂപപ്പെടുത്തിയതു് ഒരുപാടു് പ്രാഥമികഗവേഷണത്തിനുശേഷം ലെനിൻതന്നെയാണു്. ഈ ഗവേഷണത്തിൽ, റോമൻസാമ്രാജ്യത്തിനെപ്പറ്റിയും, പ്രത്യേകിച്ചും ഡയോക്ലീഷൻ ചക്രവർത്തിയെപ്പറ്റിയും ഉള്ള സൂഷ്മമായ പഠനവും ഉൾപ്പെടുന്നു. ഏതു സർക്കാരുദ്യോഗസ്ഥന്റെയും പരമമായ കടമ 'സംശയിക്ക'ലാണു് എന്നു നിഷ്കൃഷ്ടിച്ചിരുന്ന ആളാണു് ഡയോക്ലീഷൻ ചക്രവർത്തി. തന്മൂലം, ഒരു സംസ്ഥാനഗവർണ്ണരെ അദ്ദേഹത്തിന്റെ ഡെപ്യൂട്ടി സംശയിച്ചു് ഒറ്റിക്കൊടുത്തിരുന്നു. ഉയർന്ന മറ്റുദ്യോഗസ്ഥന്മാർ അന്യോന്യം കണ്ണുവച്ചിരുന്നു. ഏറ്റവും എളിയ ഉദ്യോഗസ്ഥൻപോലും ചക്രവർത്തിയുടെ ഭർബാറിന്റെ ഒരു രഹസ്യചാരനായിരുന്നുവെന്നും വരുമായിരുന്ന ആ വ്യവസ്ഥിതിയിൽ.

അഭിശപ്തമായ ഇത്തരം മാർഗ്ഗങ്ങളിലൂടെ ഒരു രാഷ്ട്രത്തിന്റെ ഭരണം നടത്തുകയെന്ന ആശയംപോലും

ലെനിന്റെ നിഷ്ക്കളങ്കമായ ആത്മാവിനെ വല്ലാതെ അസ്വസ്ഥമാക്കി. അദ്ദേഹം ആവിഷ്കരിച്ച ഭരണക്രമത്തിൽ, തന്മൂലം, ഏതുതരം ചാരവൃത്തിയും, ഒളിഞ്ഞുകേൾക്കലും, ഫോൺ 'കട്ടുകേൾക്ക'ലും അജ്ഞാതമാണു്. അതിലെ ഏതു സക്കാരുദ്യോഗസ്ഥന്റെയും മേലേ അന്വേഷണഘടകം ഉണ്ടായിരിക്കും. അതു് അയാളുടെ പ്രവൃത്തികൾ ശ്രദ്ധിക്കും. എന്നിട്ട് പരമോന്നതമായ ഒരു മേലന്വേഷണഘടകത്തിനു റിപ്പോർട്ടുചെയ്യും— ആ കെക്രട്ടിയുള്ളതു് ഇത്രമാത്രമാണു്. എന്നിട്ടു് ആ റിപ്പോർട്ടു് ആ ഘടകത്തിൽനിന്നു്, അതിലും വലിയ 'സൂപ്പർ സൂപ്പീം കൺട്രോ'ളിലേക്കു പോകും. അവിടെനിന്നു മന്ത്രികാര്യാലയത്തിലെ സൂപ്പർവൈസറി വകുപ്പിലേക്കും, അവിടെനിന്നു മന്ത്രിക്കും, മന്ത്രിയിൽനിന്നു് മന്ത്രിയെ നിയന്ത്രിക്കുന്ന വകുപ്പിലേക്കും, അവിടെനിന്നു് ഇത്തരം മന്ത്രിനിയന്ത്രണവകുപ്പുകളെ നിയന്ത്രിക്കുന്ന മുഖ്യവകുപ്പിലേയ്ക്കും, പിന്നീടു് ഇവയെ ഭരിക്കുന്ന പാർട്ടിയുടെ ശാഖയിലേക്കും പോകും. ഇങ്ങനെ ഏറ്റവും പരമലളിതമായ ഘടനയിലാണു് മഹാനായ ലെനിൻ കമ്യൂ: സ്റ്റേറ്റിന്റെ ലാഘവും അഭികാമ്യവും, ആക്കും മനസ്സിലാക്കാവുന്നവിധം ലളിതവും ആയ ഭരണക്രമം കെട്ടിപ്പടുത്തിട്ടുള്ളതു്.

ഒരു രാജ്യമോ പ്രസിഡണ്ടോ തലവനായിട്ടുള്ള കമ്യൂണിസ്റ്റിതരരാഷ്ട്രങ്ങളും, 20 മുതൽ 120 വരെ അംഗസംഖ്യയുള്ള പ്രിസീഡിയത്തോടുകൂടിയ കമ്യൂണിസ്റ്റ് സ്റ്റേറ്റുകളും തമ്മിലുള്ള വ്യത്യാസം വിദ്യാത്ഥികൾ ശരി

ക്കും ധരിച്ചിരിക്കണം. ഈ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതു രഹസ്യബാലറ്റ് വഴിക്കാണു്. രസഹ്യമെന്നുവച്ചാലോ പരമരഹസ്യം. സ്ഥാനാത്ഥികളുടെ പട്ടിക, ഓരോ രാജ്യത്തിലേയും മുഖ്യരായ പാർട്ടിസിക്രട്ടറിമാക്കു്, ഭദ്രമായ കവറുകളിലാക്കി, തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഉടൻ അയച്ചുകൊടുക്കും. തങ്ങൾ ആരെയാണു തെരഞ്ഞെടുത്തതെന്നു്, ജനങ്ങളെ സോത്സാഹം അറിയിക്കുവാൻ, അതു കിട്ടിയാൽ അവക്കു സഹായകമാകുമല്ലൊ.

ഇതുകൂടാതെ, രഹസ്യബാലറന്നുസരിച്ചു് സ്വതന്ത്രമായി തെരഞ്ഞെടുക്കുന്ന ഡെപ്യൂട്ടികളുടെ ഒരു പാർല്യമെൻറു് ഉണ്ടു്. വോട്ടർമാക്കു വേണമെന്നുണ്ടെങ്കിൽ കമ്യൂണിസ്റ്റിതരക്കും വോട്ടു ചെയ്യാൻ വിരോധമില്ല. എങ്കിലും സ്വതേ കമ്യൂണിസ്റ്റ് സ്ഥാനാത്ഥികളെ മാത്രമേ നോമിനേറ്റ് ചെയ്യുക പതിവുള്ളൂ.

ഗവണ്മെൻറിൻെറ വിവിധ വകുപ്പുകളും തമ്മിൽ സംയോജിപ്പിക്കുന്ന രീതിയെന്തെന്നു് സംസ്കാര-പ്രചരണമന്ത്രികാര്യാലയത്തിൻെറ രണ്ടു വിഭാഗങ്ങളെ ബാധിക്കുന്ന ഒരു ദൃഷ്ടാന്തത്തിൽനിന്നു് ശരിക്കു കണ്ടറിയാവുന്നതാണു്.

പുഴവക്കത്തു്, അതുവരെ അലക്കോലപ്പെട്ടുകിടന്നിരുന്ന ഒരു ചതുഷ്പ്രത്തിൽ (സ്ക്വയറിൽ), "അജ്ഞാതനായ കമ്യൂണിസ്റ്റ് പുരമേച്ചിൽക്കാര"ൻെറ ഒരു പ്രതിമ സ്ഥാപിക്കണമെന്നു് "മെമ്മോറിയൽ കൺട്രോൾ കമ്മറ്റി" (സ്മാരക നിർമ്മാണനിയന്ത്രണസമിതി) നിശ്ചയിക്കുന്നു. അടുത്തുള്ള വീടുകളുടെ മേൽപ്പുരകൾക്കു മുകളി

ലൂടെ വിദൂരതയിലേക്കും ഭാവിയിലേക്കും നോക്കിനില്ക്കുന്ന ലെനിനേയാണു് അതു പ്രതിനിധീകരിക്കുക.

എന്നാൽ, അതേ സ്ഥലത്തുതന്നെ, വിനോദത്തിനും സാംസ്കാരികപ്രവത്തനങ്ങൾക്കുമായി ഒരു പാക്കു പണിയണമെന്നു്, അതേസമയത്തുതന്നെ, സാംസ്കാരികവിഭാഗവും ദുർഭാഗ്യവശാൽ തീരുമാനിക്കുന്നു; പകലത്തെ വാഹനഗതാഗതത്തെ അലങ്കോലപ്പെടുത്താതിരിക്കാൻവേണ്ടി, അതിന്റെ പ്രാരംഭപ്രവൃത്തികളെല്ലാം രാത്രികാലത്തു നടത്തുകയുംവേണം.

മെമ്മോറിയൽ കൺട്രോൾ കമ്മറിയുടെ ആളുകൾ ഒരു ദിവസംവന്നു വലിയ ഒരു കുഴി കുത്തിയുണ്ടാക്കുന്നു. സ്മാരകപ്രതിമയുടെ അടിത്തറ പണിയാനുള്ള കോൺക്രീറ്റ് നിറയ്ക്കുണ്ടതു് അതിലാണു്. അന്നുരാത്രിതന്നെ സാംസ്കാരികഘടകത്തിന്റെ തോട്ടപ്പണിക്കാർ വന്നു് ആ കുഴി തട്ടിമൂടുന്നു. അവിടെ നട്ടക്കു് ഒരു വൃക്ഷത്തിന്റെ തയ്യും, ചുറ്റും ചുവന്ന ലില്ലികളും മറ്റും നട്ടുപിടിപ്പിക്കാനാണു് അവർ ഉദ്ദേശിച്ചിട്ടുള്ളതു്. നിത്യപ്പച്ചയായ ആ മരം വളത്തി ലെനിന്റെ ശിരസ്സിന്റെ മാതൃകയിൽ വെട്ടിനിറുത്തി ശരിയാക്കുന്നതും, ആ തലയുടെ മുമ്പിൽ ആട്ടിൻതാടികണക്കു് ലതാവിതാനം സജ്ജീകരിക്കുന്നതുമാണു്.

സ്മാരകത്തിന്റെ പണിക്കാർ പിറ്റന്നാൾ വന്നു് കുഴി വീണ്ടും താഴ്ത്തുന്നു. പാക്കു പണിക്കാർ പിന്നീടു് അതു തുക്കുന്നു. സ്വതന്ത്രമായിട്ടാണു് രണ്ടു വകുപ്പുകളും പ്രവത്തിക്കുന്നതെന്നതിനാൽ, ഈ "ഗ്രൂമാൽ" തീ

ക്കാൻ കഴിയുന്നതും, മന്ത്രികാര്യാലയത്തിന്റെയും സ ക്കാരിന്റെതന്നെയും പ്രവത്തനങ്ങൾ കേന്ദ്രീകരിക്കാൻ കഴിയുന്നതും, ഏതാനും ആഴ്ചകൾക്കുശേഷം മാത്രമാ ണു്. ഇതു സാധിക്കുന്നതാകട്ടെ, സമാധാനപരമായ വി ഭജനം കൊണ്ടുമാണു്. അതനുസരിച്ചു്, ഖനന-വൈ ദ്യുതീ- കൃഷി- മന്ത്രികാര്യാലയത്തെ വിഭജിച്ചു് ഖനന മന്ത്രികാര്യാലയവും, വൈദ്യുതീമന്ത്രികാര്യാലയവും, കൃ ഷിമന്ത്രികാര്യാലയവും, 'ഡബ്ലിയു. എൻ. മന്ത്രി കാ ര്യാലയ'*വുമായി തിരിക്കുന്നു.

ഒരു കമ്യൂണിസ്റ്റ് രാഷ്ട്രത്തിൽ, പാർട്ടിമെമ്പറാ ണെങ്കിലും അല്ലെങ്കിലും ശരി, ആൾക്കു വേണമെങ്കിലും മ ന്ത്രിവരെ ആയി ഉയരാവുന്നതാണു്. പാർട്ടിമെമ്പർമാ രല്ലാത്തവർ താഴെ പറയുന്ന അല്പം ചില കാര്യങ്ങൾക്കു രേഖാമൂലമുള്ള തെളിവു ഹാജരാക്കണമെന്നേയുള്ളൂ.

എ) തങ്ങൾക്കു പരിപൂർണ്ണാരോഗ്യം ഉണ്ടെന്നു്; തങ്ങളുടെ പിതൃ- പിതാമഹ- പ്രപിതാമഹ- പ്രപ്ര പിതാമഹ- പ്രപ്രപ്രപ്രപിതാമഹന്മാർ ഇപ്പോഴും ജീ വിച്ചിരിപ്പുണ്ടെന്നു് (ഇവരിൽ ആരെങ്കിലും മരിച്ചു പോയിട്ടുണ്ടെങ്കിൽ അതുതന്നെ സ്വയം അയോഗ്യത യായിരിക്കും).

ബി) തങ്ങളുടെ പൂർവ്വികന്മാരിൽ ആരുംതന്നെ 1632 ജനുവരി 12നു്/13നു് രാത്രി പരദാരഗമനം ചെ

---

* കുറിപ്പു്: ഭരണകൂടത്തിലെ ഏറ്റവും പ്രധാനമായ മന്ത്രികാര്യാലയം ഇതാണു്. ഏതു പുതിയ കല്പനയിലും അവരവരുടെ മുദ്ര കാണും. ഇ നിയെന്തു് (what now) എന്നാണു് ആ മുദ്ര.

യ്തിട്ടില്ലെന്നതിനു്, ജീവിച്ചിരിപ്പുള്ള രണ്ടു ദൃക്സാക്ഷികളെ ഹാജരാക്കണം.


സി) അമേരിക്ക കണ്ടുപിടിച്ച കാലത്തും (1492) 'മേഫ്ളവറി'ന്റെ യാത്രക്കാലത്തും (1621) അമേരിക്കൻസാമ്രാജ്യത്വത്തെപ്പറ്റി ഏതാനും സ്വതന്ത്രസാക്ഷികളുടെ മുമ്പിൽവച്ചു് തങ്ങൾ ശക്തിമത്തായ എതിർപ്രസ്താവനചെയ്യുകയുണ്ടായെന്നു് സാക്ഷ്യപ്പെടുത്തുന്ന ഒരു പോലീസ് സർട്ടിഫിക്കറ്റ് കൈവശം ഉണ്ടായിരിക്കണം.

ഈ രേഖകൾ ഹാജരാക്കിക്കഴിഞ്ഞാൽ, കമ്മ്യൂണിസ്റ്റല്ലാത്ത സ്ഥാനാർത്ഥിയെ, അയാളുടെ ധാർമ്മികനിലവാരം, വിശേഷവിജ്ഞാനം, അധ്വാനിക്കുന്ന ജനവർഗ്ഗത്തോടുള്ള ക്രൂറ്, അയാൾക്കു് ക്രൂണിനോടുള്ള മനോഭാവം, മുതലായവ പരിശോധിച്ചു്, പാർട്ടിയുടെ മിനിസ്റ്റീരിയൽ കമ്മറ്റി പരീക്ഷിക്കുന്നു. ഈ പരീക്ഷണത്തിനു നാലോ അഞ്ചോ കൊല്ലം പിടിച്ചുവെന്നുവരാം. എന്നാൽ ഇക്കാലമത്രയും, ഈ ആവശ്യത്തിനായി പ്രത്യേകം സ്ഥാപിക്കപ്പെട്ടുന്ന ആധുനികവും ആരോഗ്യപ്രദവുമായ ഏതെങ്കിലും തടങ്കൽക്യാമ്പിൽ ഈ സ്ഥാനാർത്ഥിതപ്രകാമുകനെ സൽക്കാരാഭിമുഖ്യത്തിൽ പാർപ്പിക്കുന്നതുമാണു്.

പാർട്ടിമെമ്പർമാരായ സ്ഥാനാർത്ഥികൾക്കാകട്ടെ, മന്ത്രിസ്ഥാനങ്ങളിലേക്കുള്ള ആളുകളായി അംഗീകരിക്കപ്പെടുന്നതിനു മുമ്പു് അതികഠിനമായ ഒരു പരീക്ഷ പാസ്സാകേണ്ടതുണ്ടു്.

ഏ) തങ്ങൾ ജനിച്ച തിയതി, മാസം, കൊല്ലം (ജനനസർട്ടിഫിക്കറ്റ്, ഇല്ലാത്തപക്ഷം താൻ ജനിച്ചിരിക്കുന്നതായി സ്ഥാനാർത്ഥി ഏറ്റുപറയുന്നപക്ഷം സ്വീകരിക്കപ്പെട്ടതാണ്.)

ബി) 'ഒരു റാത്തൽ ആപ്പിളിന്ന എന്തു വില' എന്ന ചോദ്യത്തിന്ന ഉത്തരം പറയണം (സാമ്പത്തികശാ



മാതൃകാസമുദായം

സ്ത്രത്തെപ്പറ്റിയുള്ള പുസ്തകങ്ങൾ, മാക്സ്റ്റ് റിപ്പോർട്ടുകൾ, മാർക്സിസ്റ്റ് മാനുവലുകൾ എന്നിവ ഉപയോഗിക്കാം)

സി) എഴുതാനും വായിക്കാനും കഴിയും എന്നുള്ളതിന്ന തെളിവ്.

സ്ഥാനാർത്ഥികൾ സോവിയറ്റ് പൌരന്മാരായിരിക്കുകയും xxx എന്നു ഒപ്പിടാൻ അറിയുകയും ചെയ്യുന്നപക്ഷം 'സി' എന്ന ചോദ്യത്തിന്നു സമാധാനം നൽകുന്നതിൽനിന്നു് ഒഴിവാക്കിക്കൊടുക്കും.

എന്നാൽ ഇങ്ങനെ ഒപ്പിടുന്ന ഒരു സ്ഥാനാർത്ഥി പിന്നീടു് ഒരു മന്ത്രിയാവുകയും ഏതെങ്കിലും ഓണററി ഡിഗ്രി ലഭിക്കുകയും ചെയ്യുന്നപക്ഷം, പിന്നെ കണിശമായും xxxxx എന്നുവേണം ഒപ്പിടുവാൻ.

ഗൃഹപാഠം

കമ്മ്യൂണിസ്റ്റ് ഗവൺമെണ്ടു് നിയമിച്ചിട്ടുള്ള ഏതു സർക്കാരുദ്യോഗസ്ഥനും, കഴിയുന്നത്ര ക്രമോട്ടം കാര്യക്ഷമതയോടുംകൂടി ജനങ്ങളുടെ താല്പര്യങ്ങളെ സേവിക്കുക എന്ന ഒരേ ഒരു ജീവിതോദ്ദേശ്യമേ ഉണ്ടായിക്കൂട്ടൂ എന്നു കഴിഞ്ഞ അദ്ധ്യായം വായിച്ചവർ മനസ്സിലാക്കിക്കാണുമല്ലോ. അതിനാൽ താഴെ കൊടുക്കുന്ന ഏകാങ്കനാടകം അഭിനയിച്ചുകാണിക്കാൻ, കഴിയുന്നേടങ്ങളിലൊക്കെ വിദ്യാർത്ഥികൾ ചെറിയ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതു കൊള്ളാം. ഒരു കമ്മ്യൂ: സർക്കാരാപ്പീസിലാണു് നാടകം നടക്കുന്നതു്. തങ്ങളുടെ കക്ഷികളെ പ്രതീക്ഷിച്ചുകൊണ്ടു് കമ്മ്യൂ: ഡെസ്കുകൾക്കു പിന്നിൽ രണ്ടു കമ്മ്യൂ: സർക്കാരുദ്യോഗസ്ഥന്മാർ ഇരിക്കുന്നു.

പ്രാതിഭൽ ആരോ മുട്ടുന്നു. ഒരു കക്ഷി പ്രവേശിക്കുന്നു.

കക്ഷി:- ഓ, ക്ഷമിക്കണം. ശരിക്കു വേണ്ട സ്ഥലത്തുതന്നെയാണോ ഞാൻ എത്തിയിരിക്കുന്നതു് എന്നറിഞ്ഞുക്കൂടാ.

ഒന്നാം ഉദ്യോഗസ്ഥൻ:- ഈ സ്ഥലം എപ്പോഴും ശരിയായതുതന്നെയാണു്. സഖാവേ, നിങ്ങൾക്കു എന്താണു വേണ്ടതു്?

കക്ഷി:- ശരി; എന്നെ കണ്ടാൽ ഒരു ശവംപോലെ തോന്നുന്നുണ്ടോ?

ഒ. ഉ:- (പകച്ചു്) നിങ്ങൾക്കു് ഒരു പക്ഷേ, സ്ഥലം തെറ്റിയെന്നു തോന്നുന്നു; മാനസികചികിത്സാലയം ഈ തെരുവിൽ അപ്പുറത്തെ കെട്ടിടത്തിലാണു്.

കക്ഷി:- സഖാവേ, യഥാർത്ഥത്തിൽ എനിക്കു ഭ്രാന്തില്ല. എങ്കിലും എന്നെ കണ്ടാൽ ഒരു ശവംപോലെ തോന്നുന്നുണ്ടോ എന്നു ദയവായി പറയൂ സഖാവേ. (അയാൾ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നു, കയ്യും കാലും വലയ്ക്കുന്നു) ഒരു ശവത്തിനു ഇത്ര പൊക്കത്തിൽ ചാടാൻ കഴിയുമോ? (ഒരു കസാലയുടെ മീതെ അയാൾ ചാടുന്നു)

ഒ. ഉ:- (ഒന്നാം ഉദ്യോഗസ്ഥൻ രണ്ടാം ഉദ്യോഗസ്ഥന്റെ നേർക്കു നോക്കുന്നു. ഒരു ഭ്രാന്തനോടു് തർക്കിക്കേണ്ട എന്നു അയാൾ മുദ്ര കാട്ടുന്നു.) ഓ, തീർച്ചയായും ഇല്ല. (സമാധാനിപ്പിച്ചുകൊണ്ടു്) അയാൾക്കെങ്ങനെ കഴിയും?

കക്ഷി:- അപ്പോൾ ഞാൻ മരിച്ചിട്ടില്ല, അല്ലേ?

ഒ. ഉ:- കണിശമായും ഇല്ല.

കക്ഷി:- നിങ്ങളേപ്പോലെതന്നെ ഞാനും അ

പ്പോഠം ജീവിച്ചിരിക്കുന്ന അല്ലേ?

ഒ. ഉ:- ആളെയെടുത്തു പറയേണ്ട കാര്യമില്ല.

കക്ഷി:- പക്ഷേ, ഞാൻ മരിച്ചുകഴിഞ്ഞു എന്ന ഒരു രേഖ എന്റെ കയ്യിലുണ്ടല്ലോ.

ഒ. ഉ:- തമാശ പറയാൻ നില്ക്കുല്ലേ— ഇതൊരു സക്കാരാപ്പീസാണു്.

കക്ഷി:- ഒരു ശവത്തിനോടതന്നെ അതു പറയണം. ഇതാ ഈ രേഖയൊന്നു നോക്കൂ. (ഒരു പായ കടലാസു് അയാൾ മേശപ്പുറത്തുക്രടി നീട്ടിക്കാട്ടുന്നു.)

ഒ. ഉ:- (വായിക്കുന്നു) ''ഔദ്യോഗികം: സഖാവു തുണ്ടന്റെ നിര്യാണംമൂലം ഒഴിവായിട്ടുള്ള മുറി ഇനിയൊരറിയിപ്പുവരെ സക്കാരിലേക്കു എടുത്തിരിക്കുന്നതായി ഉറപ്പുവരുത്തുന്നു.'' ഒപ്പു്, മുദ്ര മുതലായവ.

കക്ഷി:- ഇതിനെപ്പറ്റി നിങ്ങൾ എന്തു പറയുന്നു? ഞാനാണു് സഖാവു് തുണ്ടൻ— മരിച്ച സഖാവു തുണ്ടൻ. അവർ എന്നെപ്പിടിച്ചു പുറത്താക്കിയിരിക്കയാണു്. കേറിക്കിടക്കാൻ എനിക്കു് ഒരിടമില്ല. (അയാളുടെ സ്വരം ഉയരുന്നു.)

ഒ. ഉ:- (ഉറക്കെ) എനിക്കു വളരെ വ്യസനമുണ്ടു്. എങ്കിലും നിങ്ങൾ ശവസംസ്കാരവകുപ്പിൽ പോയി പരീക്ഷിക്കുകയാണു് ഭേദം. നിങ്ങളെ ഒരു ശവപ്പെട്ടിയിൽ ഉറപ്പിക്കാൻ അവക്കു കഴിയും, തീച്ചു്.

കക്ഷി:- പക്ഷേ ഞാൻ ഇപ്പോഴും ജീവനോടെ ഉണ്ടല്ലോ.

ഒ. ഉ:- ഓ, അതു തീരെ സാരമില്ല. ഇതാ രേഖ,

എന്റെ പരേതനായ സഖാവേ (കടലാസ് എടുത്തുവീശുന്നു)

കക്ഷി:- അപ്പോൾ.... ഞാൻ.... തന്നത്താൻ വെടിവെയ്ക്കണമെന്നോ?

ഒ. ഉ:- നിങ്ങൾ ഔദ്യോഗികമായി മരിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ ആ പണികൊണ്ടു സ്ഥിതിഗതികൾ മാറും എന്ന് എനിക്കു തോന്നുന്നില്ല.

കക്ഷി:- എന്റെ സ്മരണയുടെ നേർക്ക് ഒരു തോന്നലേ. (കരഞ്ഞുംകൊണ്ട് പുറത്തേക്കു പോകുന്നു)

ഒ. ഉ:- മാർക്സിൽ നിഗൂഢപ്രാപിക്കൂ, സഖാവേ.

ര. ഉ:- (തന്റെ സഹപ്രവർത്തകനെ സമീപിച്ചും കൊണ്ട്) ക്ഷമിക്കണം; ഞാൻ ഇതിൽ ഇടപെടാനാഗ്രഹിക്കുന്നില്ല. എങ്കിലും അയാൾ ഇപ്പോഴും പച്ചയോടെ ജീവിച്ചിരിപ്പുണ്ടല്ലോ. എന്നിട്ടും എന്തേ അയാൾ മരിച്ചുകഴിഞ്ഞു എന്നു നിങ്ങൾ പറഞ്ഞതു്?

ഒ. ഉ:- അതു തെളിയിക്കുന്ന ഒരു ഔദ്യോഗികരേഖ അയാളുടെ കൈവശം ഇല്ലേ?

ര. ഉ:- അതു തെറ്റാണു്.

ഒ. ഉ:- ആയിരിക്കാം. എങ്കിലും അയാളുടെ മുറിമറ്റാർക്കോ കൊടുത്തുകഴിഞ്ഞിരിക്കുന്നു.

ര. ഉ:- എന്നാലും.... ഒരു തെറ്റുപറ്റുകയും, അതിൽപ്പെട്ട മനുഷ്യൻ ഇപ്പോഴും ജീവനോടെ ഇരിക്കുകയും ചെയ്യുകയാണെങ്കിൽ, ആ തെറ്റു തിരുത്താവുന്നതല്ലേ?

ഒ. ഉ:- പറ്റില്ല, അതു പറ്റില്ല.

ര. ഉ:- ഉഹും? ആക്കാണ്ട് ഈ മുറി കിട്ടിയിട്ടുള്ള
തു്?

ഒ. ഉ:- എനിക്കുതന്നെ.

(കർട്ടൻ)

പാഠം മൂന്ന്

ശരിയായ മനുഷ്യൻ തെറ്റായ സ്ഥാനത്ത്

വിദ്യാർത്ഥിജ്ഞാനത്തിന്റെ കാര്യത്തിൽ ലോകത്തെ രണ്ടു ഭാഗമായി തിരിക്കാം—യോഗ്യമായ സ്ഥാനങ്ങളെല്ലാം ഒരു ഭാഗത്തും, യോഗ്യരല്ലാത്ത ആളുകളെല്ലാം മറു ഭാഗത്തും ആയിട്ട്. ഇവ രണ്ടും ഒന്നിച്ചാക്കിത്തീർക്കാനുള്ള, ഒരിയ്ക്കലും തെറ്റാത്ത, വാസന ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനുണ്ട്.

വളരെയധികം അവലോകനശക്തിയും വിശേഷവിജ്ഞാനവും ആവശ്യമുള്ള ഈ ദുർഘടപ്രവൃത്തിയുടെ എല്ലാ രഹസ്യങ്ങളുമായി, ഈ പാഠം പഠിച്ചു തീരുമ്പോഴേക്കും, വിദ്യാർത്ഥികൾ പരിചയപ്പെട്ടുകഴിയും. ഏതെങ്കിലും മർമ്മസ്ഥാനത്തേക്ക്, അശേഷം പറ്റാത്ത ഒരാളെ ഉടനടി തെരഞ്ഞെടുക്കാനായി പാർട്ടി ആവശ്യപ്പെടുന്നുപക്ഷം, അവർക്ക് അപ്പോൾ അതു അനായാസേന സാധിക്കുമെന്നും വ്യക്തമാവും.

മുഖ്യമായും മൂന്നു കാര്യങ്ങൾ വിദ്യാർത്ഥികൾ മനസ്സിൽ ധരിക്കണം. ഒരു കമ്മ്യൂണിസ്റ്റുകാരന്റെ ഏതെങ്കിലും പ്രവൃത്തിയെ എതിരാളി അനുമോദിക്കുന്നുവെന്നു കണ്ടാൽ, ഉടനടി അതിന്റെ രീതിമാറ്റാനായി അയാൾ ഒരു മറുവഴി കാണണം. എന്തുകൊണ്ടെന്നാൽ (ചില ശാരീരികധർമ്മങ്ങളിലൊഴികെ) ശത്രുവിനു നല്ലതായ എന്തും കമ്മ്യൂണിസ്റ്റുകാരനു ചീത്തയാണ്; മ

റിച്ചും. "ശരിയായ സ്ഥാനത്തു് ശരിയായ മനുഷ്യൻ" എന്ന തേമാനംവന്ന ഒരു മുദ്രാവാക്യമുണ്ടു ശത്രുവിന്നു് — അതിനാൽ യഥാർത്ഥ കമ്യൂണിസ്റ്റുകാർക്കു് ഇതിന്റെ നേരെ എതിരായ വാക്യമായിരിക്കണം അടിസ്ഥാനപരമായ പ്രമാണം.

രണ്ടാമതു്— ഏതുദ്യോഗത്തിന്നുള്ള ഏതു സ്ഥാനാർത്ഥിക്കും മാർക്സിന്റേയും ഏംഗൽസിന്റേയും ലെനിന്റേയും സകല കൃതികളും മനഃപാഠമായിരിക്കണം. ആശയപരമായ പരിശീലനം സിദ്ധിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ, സാങ്കേതികമായ വിദഗ്ധവിജ്ഞാനം അപ്രധാനമാണു്. ഈ രണ്ടു വ്യവസ്ഥകളും ഒരു സ്ഥാനാർത്ഥി ശരിയായി സാധിക്കുന്നുണ്ടെങ്കിൽ— അതായതു് തനിക്കു നല്കപ്പെട്ടന്ന ഉദ്യോഗത്തിന്നു് അയാളം തികച്ചും അനഹനായിരിക്കുന്ന പക്ഷം— അയാളാണു് അതിന്നു ഏറ്റവും പറ്റിയ മനുഷ്യൻ.

—എങ്കിലും ഈ തത്വം (വിദ്യാർത്ഥികൾ അനുസ്മരിക്കേണ്ട മൂന്നാമത്തെ വസ്തുത ഇതാണു്) പാർട്ടിമെമ്പർമാർക്കു മാത്രമേ ബാധകമാകൂ.

ഒരുദാഹരണം നോക്കാം. ഒരു നെയ്ത്തുകമ്പനിയിലെ ടെക്നിക്കൽ മാനേജരുടെ സ്ഥാനത്തേക്കു പുതിയ ഒരാളെ കണ്ടുപിടിക്കേണ്ട ഭാരം മി: നിറ്റ്വിറ്റിനെ പാർട്ടി ഏല്പിക്കുന്നുവെന്നു കരുതുക. അസാധാരണമായവിധം യോഗ്യത തികഞ്ഞ ഒരാളായാലേ ആ ഉദ്യോഗത്തിന്നു പറ്റൂ എന്ന അയാൾം ഉടനടി മനസ്സിലാക്കുന്നു. അതനുസരിച്ചു്, ഏറ്റവും നല്ല ഗവ: ഞ്ചെക്ക

റിയിലെ പാർട്ടിസെക്രട്ടറിയെ ഉടനെ ടെലഫോണിൽ വിളിച്ചു്, തികഞ്ഞ പരിശീലനവും വിശ്വാസയോഗ്യതയും ഉള്ള ഒരു 'റൊട്ടി ചുടൽവിദഗ്ധ'നെ അയച്ചുതരാൻ ആവശ്യപ്പെട്ടുകയും ചെയ്യുന്നു.

റൊട്ടിക്കാരൻ വന്നുകയറുമ്പോൾത്തന്നെ, അയാളുടെ നെറ്റി തുളച്ചുകയറുന്ന മട്ടിലുള്ള ഒരു പൊളിറ്റിക്കൽ നോട്ടം മി: നിറ്റ്വിറ്റ് പാസ്സാക്കുന്നു. ഏതു മനുഷ്യന്റേയും മാനസികമായ കഴിവു് അറിയാനുള്ള ഏറ്റവും നല്ല വഴി അതാണെന്നു് ഓർക്കണം. റൊട്ടിക്കാരന്റെ നെറ്റി വേണ്ടത്ര വീതികുറഞ്ഞതാണെ കാണപ്പെട്ടുന്നതെങ്കിൽ മി: നിറ്റ്വിറ്റ് അയാളോടു് ഏതാനും സാങ്കേതികപ്രശ്നങ്ങൾ ചോദിച്ചേക്കും.

"1905ലെ റഷ്യൻവിപ്ലവം ഉണ്ടായതു് എന്നാണു്?"

കൃത്യമായ തിയ്യതി ആ വിദഗ്ധനു അറിയില്ല. എങ്കിലും ഒരു റഷ്യൻവിപ്ലവം ഉണ്ടായിട്ടുണ്ടെന്നു് അയാൾ ഉടനെ മനസ്സിലാക്കുന്നു.

"മാർക്സിന്റെ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതിയതു് ആരാണു്?"

അയാളുടെ പേരു് തന്റെ നാവിന്റെ തലപ്പത്തുണ്ടു്. പക്ഷേ ആ പേരു് ശരിക്കു ഉച്ചരിക്കാൻ പറ്റുന്നില്ല എന്നു വിദഗ്ധൻ ഉടനടി മറുപടി പറയും. മി: നിറ്റ്വിറ്റ് അയാളുടെ നാവു പരിശോധിക്കും. അവിടെ ആരുടെ പേരും കണ്ടെത്താൻ കഴിയുന്നില്ലെങ്കിലും, ഇത്തരം ഒരു നാവു് അയാളെ പാർട്ടിസർവീ

സിൽ വളരെയേറെ മുന്നോട്ട കൊണ്ടുപോകാതിരിക്കുക യില്ലെന്നു് സ്ഥാപിക്കുകയും ചെയ്യും.

മഹാ നിസ്സാരങ്ങളായ അല്പം ചോദ്യങ്ങൾ മാത്രമേ ഇനി ബാക്കിയുള്ള. വിദഗ്ധന്റെ കൈവശം ആവശ്യമായ സാങ്കേതികപുസ്തകങ്ങൾ ഉണ്ടോ? അയാളുടെ ലൈബ്രറിയിൽ ലെനിന്റെ 'വിശദീകരണപ്രതിപ്പ്' ഏംഗൽസിന്റെ ലഘുലേഖാസമാഹാരവും ഉണ്ടോ? മഹാനായ (അല്പനായ) സ്റ്റാലിനെ അയാൾ, വേണ്ട കാലത്തു് വേണ്ടത്ര സ്നേഹിച്ചിട്ടുണ്ടോ? (ഇന്ന അതേമാതിരി വേണ്ടത്ര വെറുക്കുന്നുണ്ടോ) ഇവയ്ക്കു തൃപ്തികരമായ മറുപടി പറയുന്നതോടെ, പ്രസ്തുത റൊട്ടിച്ചുടൽവിദഗ്ധനു്, ടെക്നിക്കൽമാനേജരുടെ ഉദ്യോഗം കയ്യോടെ ലഭിക്കുന്നു.

ഒരു യഥാർത്ഥ കമ്യൂണിസ്റ്റുകാരൻ, പഴയ മാനേജരെ തീച്ചൂയായും വിസ്മരിക്കുന്നതല്ല. അയാൾ പാർട്ടിമെമ്പറല്ലെങ്കിൽ, അയാളെ ഒരു ജെയിൽമുറിയിലേക്കു മാറ്റി, തന്റെ വസ്തുവ്യവസായോദ്യോഗം നിർബ്ബാധം തുടർന്നനടത്താൻ അനുവദിക്കുന്നതും, അതിനു പ്രതിദിനം അരയണ എന്ന ന്യായമായ പ്രതിഫലം നല്കുന്നതുമാണു്. അയാൾ പാർട്ടിമെമ്പറാണെങ്കിലോ, അയാളുടെ സാങ്കേതികപരിജ്ഞാനത്തെ മാനിച്ചു്, ഒരു വെണ്ണയുരുക്കൽക്കമ്പനിയിലെ സ്ഥിതിവിവരക്കണക്കുപദേഷ്ടാവായി സ്ഥലം മാറ്റാവുന്നതുമാണു്.

ഇപ്പറഞ്ഞതത്രയും സാമ്പത്തികമായ 'താക്കോൽസ്ഥാന'ങ്ങളുടെ കാര്യത്തിൽ. രാഷ്ട്രീയമായ മാമ്മിക

സ്ഥാനങ്ങളിൽ ഏതുതരം സഖാക്കളെയാണു് നിയമിക്കേണ്ടതെന്നു് ഓരോ യഥാർത്ഥ കമ്യൂണിസ്റ്റും ധരിച്ചിരിക്കണം. ഉദാഹരണത്തിനു്— കാബിനറ്റുമന്ത്രിമാർക്കു തങ്ങളുടെ മന്ത്രികാര്യാലയങ്ങളുടെ പ്രവർത്തനരീതി തീർച്ചയായും, നന്നായി അറിഞ്ഞിരിക്കണമല്ലൊ.


സിഗരറ്റ് ലൈറ്റർ കത്തിക്കാൻ അറിയുന്ന ആളും, വ്യവസായമന്ത്രിയാകാൻ പറ്റിയ ആളായിരിക്കും. വാണിജ്യകാര്യമന്ത്രിയാകാനാകട്ടെ, ധാരാളം ചരക്കുകൾ എടുത്തു കൈകാര്യം ചെയ്തു പരിചയം ഉണ്ടായേ കഴിയൂ. അതിനാൽ മുമ്പു് പായ്ക്കിങ്ങുകാരായിരുന്നവർക്കു് മുൻഗണന നല്കുണം. ട്രാൻസ്പോർട്ടു മന്ത്രിയാത്തീരണമെന്നു ആഗ്രഹിക്കുന്ന ഒരുവൻ, താൻ ജീവിതത്തിൽ ഒരുതവണയെങ്കിലും ബസ്സിൽ യാത്ര ചെയ്തിട്ടുണ്ടു് എന്നതിനു് രണ്ടു പാർട്ടി മെമ്പർമാർ ഒപ്പിട്ടിട്ടുള്ള സ്റ്റേറ്റ്മെൻറ് ഹാജരാക്കാതെ കഴിയില്ല. പണംസംബന്ധിച്ച കാര്യങ്ങളിൽ ധാരാളം പെരുമാറിയിട്ടുള്ളവർക്കു്— ഉദാഹരണത്തിനു ടിക്കറ്റുകളക്ടർമാർ, ഹെഡ്വെയിറർമാർ, മുതലായവർക്കു് മാത്രമേ ധനകാര്യമന്ത്രിയുടേതുപോലെയുള്ള സമുന്നതസ്ഥാനങ്ങൾ അലങ്കരിക്കാൻ പാടുള്ളൂ. എന്നാൽ യാതൊരു വിദേശഭാഷയും സംസാരിക്കാൻ അറിയാത്തേടത്തോളം കാലം, ഏതു പാർട്ടിമെമ്പർക്കു വേണമെങ്കിലും വിദേശകാര്യമന്ത്രിയാകാവുന്നതാണു്. ആയുധമെടുത്തു് സമാധാനം സംരക്ഷിക്കാൻ ആവശ്യമായ തന്ത്രപരവും ബുദ്ധിപരവുമായ ശേഷി വേണ്ടേടത്തോളമുള്ള ഒരു സൈനികൻ മാത്രമേ രാജ്യരക്ഷാമന്ത്രിയായി

ക്കുട്ട എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒടുവിൽ അതാ പ്രധാനമന്ത്രിയുണ്ടു്. വാസ്തവം പറഞ്ഞാൽ ഇതൊരു പ്രശ്നമേ അല്ല. ആവശ്യം നേരിടുന്ന നിമിഷം അയാൾ മോസ്കോവിൽനിന്നു പാഞ്ഞെത്തിക്കൊള്ളും—കല്ലനപ്പടി.

ശാസ്ത്രീയവും സാംസ്കാരികവുമായ തന്ത്രസ്ഥാനങ്ങളിലേക്കു് ആളെ നിയമിക്കുന്ന രീതി അറിയണമെങ്കിൽ, (പോളിറ്റ്ബ്യൂറോ മെമ്പറും, ലെനിൻ സ്കൂൾ പ്രൊഫസറും, നാഷനൽ അസംബ്ലിയുടെ ഉപാദ്ധ്യക്ഷനും, പാർട്ടിയാൽ നിയോഗിക്കപ്പെട്ട ചീഫ് സർജനും ആയ) മി: ബട്ടർ ഫിംഗേഴ്സ് (വെണ്ണവിരലൻ എന്നു പദാർത്ഥം) ഓപ്പറേഷൻ നടത്താൻ മുതിരുന്ന ഘട്ടത്തിൽ ചീറർജിക്കൽ ഇൻസ്ട്രിറ്റ്യൂട്ട് ഒന്നു സന്ദർശിച്ചാൽമതി.

മി: ബട്ടർ ഫിംഗേഴ്സ് കൈ 'സ്റ്റെറിലൈസ്' ചെയ്തു് റബ്ബർ ഗ്ലൗസ് ഇടുന്നു. എന്നിട്ടു് ഉടൻതന്നെ, റഷ്യയിലെ ബോൾഷെവിക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ഒന്നു കണ്ണോടിക്കുന്നു. ഒന്നുമില്ലെങ്കിൽ, ഇതു് ഒരു 'അപ്പൻഡിക്ടമി' കേസ് മാത്രമാണല്ലോ! മൃതനാളത്തിലെ കല്ലു് ആയിരുന്ന രോഗമെങ്കിൽ അദ്ദേഹം തീച്ചയായും മി: ഹാരിപോളിറ്റിന്റെ പ്രസംഗസംഗ്രഹം ശരിക്കു പഠിക്കുമായിരുന്നു. 'ഹെർണിയ' ആയിരുന്നുവെങ്കിലോ, ഗോട്ടിമാലയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ചയെക്കുറിച്ചുള്ള തന്റെ ഓർമ്മ പുതുക്കുകയും ചെയ്യുമായിരുന്നു.

ശസ്ത്രക്രിയക്കുള്ള രോഗി ഓപ്പറേഷൻമേശപ്പുറത്തുണ്ടെന്നും, അയാൾക്കു ബോധം കെടുത്താനുള്ള മരുന്നു പ്രയോഗിക്കണമോ എന്നറിയാൻ അസിസ്റ്റൻറ് സർജൻ ആഗ്രഹിക്കുന്നുവെന്നും തിയേറർ സിസ്റ്റർ വന്നറിയിക്കുന്നു. "ക്ഷമിക്കൂ" എന്നു് അദ്ദേഹം ആംഗ്യം കാട്ടുന്നു. ഉറക്കംപിടിക്കുന്നതിനുമുമ്പു് ഏതൊരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനും ഒരു ഡോസ് മാർക്സ് കഴിക്കാറുണ്ടെന്ന സത്യം ഡോക്ടർക്കറിയാം. അതനുസരിച്ചു് അദ്ദേഹം ഓപ്പറേഷൻ തിയറററിലേക്കു ഓടിച്ചെന്നു്, രോഗിയുടെ തലയ്ക്കു പിന്നിലായി കുനിഞ്ഞുനിന്നു്, "ഡാസ്കാപ്പിറ്റ"ലിലെ മൂന്നും നാലും അദ്ധ്യായങ്ങൾ വാ



യിച്ചു കേൾപ്പിക്കുന്നു. ഇതുകൊണ്ടു് രണ്ടുണ്ടു നേട്ടം. അപ്പെൻഡിക്സമിയിൽ രോഗിക്കു അനിവാര്യമായ ഒന്നാണു് ആശയപരമായ സജ്ജീകരണം. ഇതുകൊണ്ടു് അ

തിന്നു കരുത്തുക്കുട്ടാം. രണ്ടാമതായി ഏതാനും ഖണ്ഡിക വായിച്ചു കഴിയുമ്പോഴേക്കും, 95 ശതമാനം ആളുടെ കാര്യത്തിലും, രോഗി ഗാഢവും കഠിനവുമായ ഉറക്കത്തിൽ പെട്ടുപോകാതെ വയ്യ. തന്മൂലം ബോധം കെടുത്താൻവേണ്ടി വേറിട്ടൊരു പ്രയോഗം അനാവശ്യമാണു്. ഇതുകൊണ്ടു് പലതും ഗണ്യമായി ലാഭിക്കാമല്ലോ.

രോഗിയുടെ ഉദരത്തിൽ മുറിയ്ക്കാം എന്നു മി: ബട്ടർ ഫിംഗേഴ്സ് അസിസ്റ്റന്റിനോടു് അചിരേണ നിർദ്ദേശിക്കുന്നു. കത്തി അതിന്റെ പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുമ്പോൾ, 1926-ൽ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്നു അകത്തുണ്ടായിരുന്ന മഹത്തായ പോരാട്ടങ്ങളെപ്പറ്റി വിവരിക്കുകയാണു് മി: ബട്ടർ ഫിംഗേഴ്സ്.

"കമ്യൂ: പാർട്ടിയുടെ കേന്ദ്രക്കമ്മറ്റിയിൽ താൻ എന്തു കണ്ടു എന്നു ചോദിച്ചപ്പോൾ, സഖാവു് ന്യോമോവു് തുക്കോവിച്ചു് പറഞ്ഞതു് എന്താണെന്നാ താൻ കരുതുന്നതു്" എന്നു അദ്ദേഹം പ്രതിസന്ധിനിമിഷത്തിൽ അനേപ്ഷിക്കുന്നു.

"ചവണ" എന്നാണു് അസി: സർജന്റെ മറുപടി.

അല്ല എന്നു മി: ബട്ടർഫിംഗേഴ്സ് തലയാട്ടുന്നു. "തെറ്റു്; സഖാവു് ന്യോമോവു് തുക്കോവിച്ചു് പറഞ്ഞതു്...."

"ചീഫു് സർജൻ സഖാവേ, ഞാൻ തെല്ലുമാന്തിച്ചുപോയാൽ ഈ രോഗിക്കു കലശലായ രക്തംപോക്കുണ്ടാവും. ഇതാ ഇപ്പോൾത്തന്നെ ചോരയൊഴുകുന്നുണ്ടു്."

ശാന്തനായിരിക്കു എന്നു തന്റെ സഹായിയോടു് മി: ബട്ടർ ഫിംഗേഴ്സ് മുദ്രകാണിക്കുന്നു. 1905നും 1956-നും ഇടയ്ക്കു്, ലോകത്തിന്റെ വിവിധഭാഗങ്ങളിലായി അനേകമനേകം സഖാക്കൾ നിർവ്വഹിച്ച ത്യാഗങ്ങളെ മമ്മസ്പ്രക്കായ വാചകങ്ങളാൽ അദ്ദേഹം സംക്ഷിപ്തമായി വർണ്ണിക്കുന്നു. ഒരുപക്ഷേ, ഈ രോഗി ഇതിനൊന്നും വഴങ്ങിയെന്നു വരില്ല. അങ്ങനെ മറിച്ചെന്തെങ്കിലും സംഭവിച്ചാൽ (രോഗിക്കു ആയുസ്സു് ബാക്കിയുണ്ടെങ്കിൽ) നശിച്ച ബുർഷ്വാസർജറിയുടെ പഴഞ്ചൻ രീതികൾ തന്നെ ഉപയോഗിച്ചുകൊള്ളാ എന്നു് മി: ബട്ടർ ഫിംഗേഴ്സ് മനമില്ലാമനസ്സോടെ അസിസ്റ്റൻറിനു അനുവാദം നല്കുന്നു.

ഗൃഹപാഠം

ഇക്കഴിഞ്ഞ അദ്ധ്യായത്തിലെ മുഖ്യമായ പാഠങ്ങൾ വിദ്യാർത്ഥികൾ ശരിക്കു പഠിച്ചിട്ടുണ്ടോ എന്നറിയാനായിട്ടാണു് താഴെ കൊടുത്തിരിക്കുന്ന ബുദ്ധിപരീക്ഷകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്.

1) ഒരു ഗൃഹനിർമ്മാണപദ്ധതിക്കു ഒരു ശില്പിയെ വേണം. അതിനു മൂന്നുപേർ അപേക്ഷിക്കുന്നു—ബ്യൂട്ടീസ് ഉണ്ടാക്കുന്ന ഒരുവൻ; ജന്നൽ വെട്ടിപ്പാക്കുന്ന ഒരു വിദഗ്ദ്ധൻ; ഔട്ട്ബോർഡ് മോട്ടോറുകളിൽ വിശേഷ വിജ്ഞാനിയായ ഒരു മെക്കാനിക്ക്. ഇവരിൽ ആർക്കാണു് ജോലി കിട്ടുക? എന്തുകൊണ്ടു്?

2) യാത്രക്കാരെ വഹിച്ചുകൊണ്ടുപോകാനുള്ള ഒ

രു വിമാനത്തിലെ പൈലട്ടിനെ തെരഞ്ഞെടുക്കുവാൻ നിങ്ങളോട് ആവശ്യപ്പെട്ടുന്നുവെന്നു കരുതുക. (എ) നിങ്ങൾ അയാളോട് ചോദിക്കുന്ന ഒന്നാമത്തെ ചോദ്യം എന്താവും? (ബി) വിമാനത്തിൽ പോകുന്നതു പോളിറ്റ്ബ്യൂറോ അംഗങ്ങളാണെങ്കിൽ നിങ്ങളുടെ ചോദ്യം എന്തായിരിക്കും?

(3) 'റോമിയോ—ജൂലിയറ്റ്' അഭിനയിക്കാൻ പോകുന്ന ഒരു നാടകസംഘത്തിന്റെ ഡയറക്ടരാണു നിങ്ങൾ. ജൂലിയറ്റായി അഭിനയിക്കാൻ രണ്ടിലൊരാളെ തെരഞ്ഞെടുക്കേണ്ടതുണ്ട്—സുന്ദരിയും മനോഹരിയും അഭ്യസ്തവിദ്യയും, പ്രതിഭാസമ്പന്നയും ആയ പതിനാറു വയസ്സുള്ള ഒരു യുവനടി; 59വയസ്സു പ്രായം, നീണ്ട താടിമീശ, തടിച്ച ശരീരം ഇങ്ങനെയെല്ലാമുള്ള ഒരു ഫ്ളെമിഷ് ചിത്രം വരക്കാൻ ഇവരിൽ ആരെയാണു നിങ്ങൾ തെരഞ്ഞെടുക്കുക? എന്തുകൊണ്ട്?

ഉത്തരം

1) ഇവരിൽ ആരെയും നിയമിക്കില്ല. കാരണം, ഒരു യഥാർത്ഥകമ്യൂണിസ്റ്റ് രാഷ്ട്രത്തിൽ മികച്ച പരിശീലനം നേടിയ ഒരു പന്നിയിറച്ചിവെട്ടുകാരനെ മാത്രമേ അവിടത്തെ മുഖ്യശില്പിയായി നിയമിക്കുകയുള്ളൂ എന്ന എല്ലാവർക്കും അറിയാം.

2) 'എ'യ്ക്കുള്ള ഉത്തരം—''സോവിയറ്റ് സൂക്ഷ്മോപകരണമെക്കാനിക്കുകളുടെ 1918-ലെ ഒന്നാം കോൺഫറൻസിൽ ലെനിൻ എന്താണു പറഞ്ഞതു?"

(ബി) നിങ്ങൾ ആകെ എത്ര മണിക്കൂർ വിമാനം ഓടിച്ചിട്ടുണ്ട്?

3) ജൂലിയറിന്റെ ഭാഗം സ്വാഭാവികമായും ആ പതിനേഴുകാരിപ്പെൺകിടാവിനുതന്നെ; കാരണം, അവൾ ഒരു പാർട്ടിമെമ്പറാണ്. മറേറ ആൾ അല്ല താനും.

പാഠം നാല്

'പ്രവ്ദ' എന്നുവച്ചാൽ "സത്യം"

ആധുനികജീവിതത്തിൽ അതിപ്രധാനമായ ഒരു പങ്കാണു് പത്രപ്രവർത്തകന്മാരും വർത്തമാനപത്രങ്ങളും വഹിക്കുന്നതു്. പത്രങ്ങളെ വായിക്കുവാൻ ജനങ്ങളെ ഇഷ്ടപ്പെടുന്നു. അതുകൊണ്ടു് അവ അച്ചടിക്കുവാൻ കമ്യൂണിസ്റ്റുകാരും ഇഷ്ടപ്പെടുന്നു. സത്യത്തിന്റെ നേർക്കു് അചഞ്ചലമായ ബഹുമാനത്തോടുകൂടിയുള്ള വസ്തുനിഷ്ഠസ്വഭാവം, കമ്യൂണിസ്റ്റ് പത്രങ്ങളുടെ മൌലികമായ ഒരു പ്രത്യേകതയാണു്. കമ്യൂ. പത്രങ്ങളിൽനിന്നെടുത്തു താഴെ ഉദ്ധരിക്കുന്ന ഒരു സാമ്പിളെ കണ്ടാൽ വിദ്യാർത്ഥികളെ എളുപ്പത്തിൽ അതു മനസ്സിലാക്കാം. ഈ ലോകത്തിലെങ്ങും കമ്യൂണിസം വെന്നിക്കൊടി നാട്ടിക്കഴിയുമ്പോൾ വർണ്ണശബളങ്ങളും മനോരഞ്ജകങ്ങളും ആനന്ദകരങ്ങളും ആയ ഇത്തരം പ്രസിദ്ധീകരണങ്ങളെ ആസ്വദിക്കുവാൻ ഏവർക്കും സാധിക്കുന്നതാണല്ലൊ.

മാതൃകാമുഖപ്രസംഗം

ആയുധങ്ങളെക്കൊണ്ടു സമാധാനം സംരക്ഷിക്കുക

'പാശ്ചാത്യലോകം യുദ്ധവും' കമ്യൂണിസ്റ്റ് രാജ്യങ്ങളും സമാധാനവും അഭിലഷിക്കുന്നതായി ഇന്നു എല്ലാവർക്കും വ്യക്തമായി അറിയാമല്ലൊ— ക്രൂഷ്ചേവ് അങ്ങനെ പറഞ്ഞതുകൊണ്ടു്. ഇക്കാര്യം ബുൾഗാനിൻ മാക് മില്ലന്നയച്ച ആറു വോള്യം വരുന്ന എഴുത്തുകളിൽ ആ

വത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഇതുകൊണ്ടും പോരാ എന്നുണ്ടെങ്കിൽ, ഇവയെക്കാളെല്ലാം ദീർഘങ്ങളായ കത്തുകളും ഈസൻഹോവർ, നെഹ്റു, ഹാമർഷോൾഡ്, സെൻറ്പോൾ, അങ്കാറ്റോം, കോബ്ലേ എന്നിവക്കെല്ലാം വേണമെങ്കിൽ എഴുതുന്നതിനു മാർഷൽ സന്നദ്ധനായേക്കും.

ആയുധവൽക്കരണത്തിനുവേണ്ടിയുള്ള ഓട്ടപ്പന്തയത്തെ സോവിയറ്റുയൂണിയൻ അപലപിക്കുന്നു. തങ്ങളുടെ ജെറ്റുവിമാനങ്ങളുടെ എണ്ണം വെറും 5000 ആക്കി, നേർപകുതിയാക്കിത്തീർത്തതുതന്നെ അതിനു തക്ക തെളിവാണല്ലൊ. ലോകസമാധാനത്തിൻെറ യഥാർത്ഥ വക്താവും നേതാവും സോവിയറ്റ് റഷ്യയാണ് എന്നതിനു ഇതിലധികം വാചാലമായ തെളിവ് ആക്കാനും വേണ്ടതുണ്ടോ? ഇല്ല, ആക്കും വേണ്ടതന്നെ. യുദ്ധത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിൻെറ സായുധസംരക്ഷകൻ സോവിയറ്റ് യൂണിയൻ ആണെന്നു നമുക്കു പറയാമോ? ആവാം, തിട്ടയായും പറയാം.

കമ്യൂണിസത്തെ പരിഹസിക്കുന്ന ഹ്രസ്വദൃഷ്ടികളായ വ്യക്തികളെ നമുക്കു അവഗണിക്കാം. അവരുടെ പരിഹാസച്ചിരി ഇരിമ്പുമറയിൽത്തട്ടി മാഞ്ഞുമറഞ്ഞുപോകുന്നു—"സമാധാനം പുലർത്തുന്നതിനുള്ള ഏറ്റവും നല്ല വഴി യുദ്ധത്തിനു പോവുകയാണ്" എന്ന ഉജ്വലമായ മാർക്സിസ്റ്റ് - ലെനിസിസ്റ്റ് - മുദ്രാവാക്യത്തോടൊപ്പം, സമാധാനത്തിൻെറ പതാകകളും സോവിയറ്റ് യൂണിയൻ ക്രൂരതൽ ക്രൂരതൽ ഉയരത്തിൽ പാറിപ്പറന്നി

ക്കൊണ്ടിരിക്കുകയാണു്."

മാതൃകാറിപ്പോർട്ടു് (എ)

ദാരിദ്ര്യം ബാധിച്ച ഫ്രിജിഡെയർ

(അമേരിക്കയിലെ ഞങ്ങളുടെ പ്രത്യേകലേഖകൻ എഴുതുന്നു.)

"ഞങ്ങളുടെ കൈയിലെ പേന വിറയ്ക്കുന്നു; സഹതാപവും ദ്വേഷ്യവും ഞങ്ങളുടെ ഹൃദയത്തെ മൂടിക്കളയുന്നു; സമാധാനപ്പോരാളികളായ ഞങ്ങളുടെ തൊണ്ട അടച്ചുകളയുകയും ചെയ്യുന്നു. മാർക്സു് ഉപേക്ഷിച്ച ഈ അമേരിക്കൻ പട്ടണത്തിലേയ്ക്കു് ഏലക്ടിക്കു്തീവണ്ടി എത്തിച്ചേരുമ്പോൾ, വളരെ തകർന്ന ഒരു ദയനീയചിത്രമാണു് നമ്മെ അഭിമുഖീകരിക്കുന്നതു്.

സ്റ്റേഷൻതന്നെ നിരാശ തോന്നിക്കുന്നതാണു്. മദ്ധ്യപാശ്ചാത്യഭാഗത്തുള്ള ഈ പട്ടണത്തിലെ 300 നിവാസികൾക്കു്, തങ്ങളുടെ ക്ഷീണിതരായ യാത്രക്കാരെ നാലു നിലയിലുള്ള ഡെപ്പോബിൽഡിങ്ങിലെ സിനിമാ, ഹോട്ടൽ, റെസ്റ്റോറണ്ടു്, സമാവൃതമായ ബസ്ബോയ് സ്റ്റേഡിയം, വിശേഷമാക്കറു് എന്നിവയിലെത്തിക്കുവാനായി, ദയനീയമായ ഒരേ ഒരു യന്ത്രക്കോണിമാത്രമേ ആകെക്കൂടിയുള്ളു.

സാമ്രാജ്യത്വപീഡനത്തിന്റെ പച്ചയായ ഒരു ചിത്രം ഇതുകൊണ്ടും പൂർണ്ണമാകുന്നില്ലെങ്കിൽ, ഞങ്ങൾ മറെറാരു കാഴ്ച കണ്ടു. മുന്നൂറുപേരുള്ള— 300 മനുഷ്യഹൃദയങ്ങളും 600 ശ്വാസകോശങ്ങളും, 3000 കാൽവിരലുകളും ഉള്ള— ഈ ജനങ്ങൾക്കാകെ നോക്കിയാൽ ഒരേ ഒരു മൂന്നുമുറിക്കെട്ടിടമേ അവിടെയുള്ളു—മറെറല്ലാ

വീടുകൾക്കും അഞ്ചോ ആറോ അതിലധികമോ മുറികൾ ഉണ്ട്.

മൂതലാളിത്തത്തിന്റെ ഭയാനകമായ യാഥാർത്ഥ്യം ഇത്രമാത്രമല്ല. പുറമേയ്ക്ക് ആനന്ദപ്രദമെന്നു തോന്നിക്കുന്ന ഈ നഗരത്തിന്നു്, തെരുവുകൾ അടിച്ചുവാരുന്നതിന്നു തൂപ്പുകാരെ നിയമിക്കാൻ കഴിവില്ലാതെ, റോഡ് നനയ്ക്കാനും അടിച്ചുവാരുവാനും യന്ത്രങ്ങൾ ഏർപ്പെടുത്തിയിരിക്കുകയാണു്.

ഈ നഗരത്തിൽ, ഒരു ലക്ഷം പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥശാലയും, ഒട്ടേറെ സിനിമാതിയേറ്ററുകളും, ഒരു നാടകശാലയും, സ്പോർട്സ് ഗ്രൗണ്ടുകളും, ഒരു ഓപ്പെറാ ഹൌസും, സർവ്വകലാശാലയും, 20 ഫാക്ടറികളും, 15 ഡിപ്പാർട്ടുമെൻറ് സ്റ്റോറുകളും, ഒരു ഡസൻ ബാർ റൂമുകളും, 50 റെസ്റ്റോറണ്ടുകളും ഉണ്ടെന്നു അഭിമാനിക്കുന്നതു നേരുതന്നെ. എങ്കിലും ഓരോ വീടിന്നും കേവലം രണ്ടോ മൂന്നോ കാറുകളും ഈരണ്ടു റെഫ്രിജറേറ്ററുകളും മാത്രമേ ഉള്ളൂ. കാരണം, ഒരു പ്രചരണസൂത്രത്താൽ ഇവയ്ക്കു നിസ്സാരമായ വിലയേ ഉള്ളൂ.

നഗരവാസികളുടെ യാഥാർത്ഥമായ മനഃസ്ഥിതി നിശ്ചയിക്കുന്നതിന്നു സഹായിക്കുന്ന ഒരു സംഭവം പറയാം. അവിടത്തെ ചെറുതരം സിനിമാതിയേറ്ററുകളിൽ ഒന്നിൽനിന്നു ഒരുക്രൂട്ടം സ്ത്രീപുരുഷന്മാർ തേങ്ങിക്കരഞ്ഞും മുഖം വാടിയും, കണ്ണുചുമന്നും വരുന്നതായി ഞങ്ങൾ കാണുകയുണ്ടായി. "ലാ ഡെയിം ആ കമലിയ" എന്ന പടമാണു് അവിടെ പ്രദർശിപ്പിച്ചിരുന്നതു്. അതൊരു

ഉദരന്ത ചിത്രമായിരുന്ന എന്ന കാര്യം നിസ്സാരമാണ്. യ ഥാർത്ഥത്തിൽ സന്തുഷ്ടരായ ജനങ്ങൾ, ദുഃഖാന്തകഥ കാ ണുമ്പോഴും ചിരിക്കുകയേ ചെയ്യൂ. ഏറ്റവും ഗൌരവം നിറഞ്ഞ ഒരു റഷ്യൻപടം കണ്ടുകൊണ്ടിരിക്കുന്ന ജന ങ്ങൾ ചിരിച്ചു ചാവാറാവുകയാണു പതിവു് എന്ന വ സ്തുത നമുക്കറിയാമല്ലോ.

അമേരിക്കൻ ജീവിതരീതിയുടെ യഥാർത്ഥ ചിത്രം പ്രകടിപ്പിക്കുന്ന അപരിഷ്കൃതമായ ഈ കൊച്ചു പട്ട ണത്തിലെ 50 റെസ്റ്റോറണ്ടുകളിലും 150 ഷാപ്പുകളിലും ഒരെണ്ണംപോലും വെളുപ്പിനു മൂന്നുമണിക്കും അഞ്ചുമണി ക്കും ഇടയ്ക്കു തുറക്കാറില്ല. തന്മൂലം സർവ്വരും പട്ടിണികി ടക്കുകയേ ഗതിയുള്ളൂ എന്ന ഏക വസ്തുതയിൽ നിന്നു തന്നെ അവിടത്തെ ഗവണ്മെൻറിന്റെ മനഃസ്ഥിതി സ്പ ഷ്ടമായിത്തീരുന്നുണ്ടല്ലോ".

മാതൃകാവാർത്താറിപ്പോർട്ട് (ബി)

സന്തുഷ്ടരായ ഗ്രാമീണർ

(അതിമനോഹരമായ ക്രൂഷ്ചേവ് ഗ്രാഡ് എന്ന റഷ്യൻഗ്രാമത്തിൽ ഒരു സന്ദർശനം)

അതിമനോഹരങ്ങളായ താഴ്വരകൾ, കൊച്ചു കൊച്ചു കുന്നുകൾ, പരന്ന പാടങ്ങൾ, നിരന്ന മലനിര കൾ, സമതലപ്രദേശങ്ങൾ സമൃദ്ധമായ ഈ സോവിയ റ്റ് മനോഹാരിതയുടെ മദ്ധ്യത്തിൽ, തരുനിരകൾ, സ സ്യലതാദികൾ, തൃണസമൂഹങ്ങൾ തുടങ്ങിയ അത്ഭുതാ വഹമായ കമ്മ്യൂണിസ്റ്റ് സസ്യസമ്പത്തിനാൽ ചുറ്റപ്പെട്ട കൊണ്ട്, സോവിയറ്റ്നാട്ടിലെ ഏറ്റവും കൊച്ചു ഗ്രാ

മമായ ക്രൂഷേവ്ഗ്രാഡ് ഏതുനേരവും പുഞ്ചിരിതൂകുന്ന അതിലെ 300 നിവാസികളോടുകൂടി അനവരതം വിരാജിക്കുകയാണ്.

അത്യാധുനികങ്ങളും അബരചുംബികളുമായ മോസ്കോവിലെ രമ്യഹർമ്യങ്ങളിൽനിന്ന് ഏറെയേറെ ദൂരെയാണ് കിടപ്പെങ്കിലും, സോവിയറ്റ്ഗവണ്മെണ്ടും കമ്മ്യൂണിസ്റ്റ് പാർട്ടിയും കാണിക്കുന്ന പൈതൃകമായ ശ്രദ്ധയുടെ സഹായത്തോടെ, ഞങ്ങൾ ഈ കൊച്ചു നാട്ടിൻപുറത്തു എത്തിച്ചേരുകതന്നെ ചെയ്തു. ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷനിൽനിന്ന്, ചന്തം തികഞ്ഞ ഒരു കഴുതവണ്ടിയിൽ കയറി 20 മിനിട്ടു യാത്ര ചെയ്തതിനുശേഷമാണ് ഞങ്ങൾ ഇവിടെ എത്തിയതു്. ഇവിടെ ഞങ്ങൾ ഇന്ദ്രജാലങ്ങളൊന്നും പ്രതീക്ഷിച്ചിരുന്നില്ല. ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതു് വെറും ഒഴുക്കനായ, വൃത്തികെട്ട, അവഗണിക്കപ്പെട്ട, ലോകം കൈയൊഴിച്ച, ഒരു കൊച്ചു നാട്ടിൻപുറത്തെ ആണ്. നമ്മുടെ ഭരണകൂടത്തിന്റെയും പാർട്ടിയുടെയും പരിശ്രമത്താൽ, ഞങ്ങൾ നിരാശരായില്ല. ഇങ്ങനെയുള്ള ഒരു പ്രദേശത്തു് പീടികകളോ സിനിമാതിയേറ്ററുകളോ, തെരുവിന്നിരുവശത്തും ഡിപ്പാർട്ടുമെന്റ സ്റ്റോറുകളോ കാണുമെന്നുകരുതി ആരും നോക്കാറില്ലല്ലോ. അവയൊന്നും ഇവിടെ ഇല്ലതാനും. ഇവിടെ തെരുവുകൾപോലും ഇല്ല. നേരെ മറിച്ചു് ലോകത്തിൽവച്ചു് ഏറ്റവും ആധുനികമായ വിമാനത്താവളം വേണമെങ്കിൽ ഇവിടെ നിർമ്മിക്കാം— അതിനു എത്ര സ്ഥലം വേണമെങ്കിലും ഇവിടെ ആകാശത്തി

ലും അതിന്റെ ചുവട്ടിലും ആയുണ്ട്.

ഇവിടത്തെ ജനങ്ങൾ അത്ഭുതാവഹമായ ഐക്യത്തോടുകൂടിയും, പരിപൂർണ്ണമായ പരസ്പരധാരണയോടുംകൂടിയാണെ പാർക്കുന്നതു്. കുന്നിൻചെരിവുകളിൽ കഴിച്ചുണ്ടാക്കിയ ഹൃദ്യമായ ഗൃഹകളിൽ, ക്രൂരജീവിതത്തിനോടുള്ള തങ്ങളുടെ അഗാധമായ ആവേശത്തെ കാര്യക്ഷമമായി പ്രകടിപ്പിച്ചുകൊണ്ടു്, ഒറ്റമുറിയിൽ പതിനഞ്ചോ ഇരുപതോ ആളുകൾ ഒന്നിച്ചു ചേർന്നു്, സഹവർത്തിത്വത്തോടെ സമാധാനമായി ജീവിച്ചുവരുന്നു. പതിനഞ്ചോ ഇരുപതോ ആളുകളും, അവരുടെ ആട്ടുമാടുകളും കോഴികളും എല്ലാംകൂടി ഒറ്റമുറിയിൽ കഴിയുന്നതു കാരണം അവരുടെ ഗൃഹത്തിനു വേണ്ടത്ര ചൂടുണ്ടായിത്തീരുന്നതിനാൽ, മഞ്ഞുകാലത്തു് അവർക്കു വിറകുനേഷിച്ചു അശേഷം വിഷമിക്കേണ്ടതുകൂടിയില്ല. ഇത്തരത്തിലുള്ളതാണു് ഭരണകൂടത്തിന്റെ സഹായകമായ ഏറ്റാട്ടകർമം.

അവരുടെ ജീവിതത്തോതുയർത്തുന്നതിനു് അവിടത്തെ പാർട്ടി സംഘടന നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഇതിനകംതന്നെ, ആ ഗൃഹകളുടെ ഭിത്തികളിന്മേൽ മാർക്സിന്റേയും ലെനിന്റേയും ഏംഗൽസിന്റേയും 300-ലധികം ചിത്രങ്ങൾ കെട്ടിത്തൂക്കിക്കഴിഞ്ഞിട്ടുണ്ടു്. അവർക്കു സോവിയറ്റ് സാമ്പത്തികപദ്ധതിയുടെ അടുത്തഘട്ടത്തിൽ കാറുകളും വസതികളും നല്കുന്നതായിരിക്കും. അതിനിടെ ക്രൂഷേവ്ഗ്രാഡിലെ ജനങ്ങൾ മാനുഷികമായ അന്തസ്സും കൊക്കപ്പുഴവും നിറ

ഞ്ഞ, ശാന്തവും സുഖമയവും ആയ, ഒരു ജീവിതം നയിച്ചുവരികയാണു്."

വിദേശനയത്തെപ്പറ്റിയുള്ള സാമ്പിയംലേഖനം

പോക്ലോവ് ഐ. രാ. സമ്മേളനത്തിൽ

അമേരിക്കക്കാർ ഇനിമേലിൽ തങ്ങളെ "അമേരിക്കൻ ഐക്യനാട്ടുകളിലെ പൌരന്മാർ" എന്നു വിളിക്കണമോ, അതോ വെറും അമേരിക്കാക്കാർ എന്നു മാത്രം മതിയോ, എന്നതായിരുന്നു ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയുടെ 16000-ാമത്തെ സമ്പൂർണ്ണസമ്മേളനത്തിന്റെ കാര്യപരിപാടിയിൽ ഉണ്ടായിരുന്ന ഏക വിഷയം.

സോവിയറ്റ് പ്രതിനിധിയായ ഐ. വൈ. പോക്ലോവ് ആണു് ആദ്യം സംസാരിച്ചതു്. സഖാവ് പോക്ലോവ് തന്റെ ആമുഖഭാഷണത്തിൽ, 1917 ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആവിർഭാവം സംബന്ധിച്ച പരിതഃസ്ഥിതികം വിവരിച്ചു. പിന്നീടു് അദ്ദേഹം മായാകോസ്തുങ്കിന്റെ കവിതാസമാഹാരത്തിൽനിന്നും രാഷ്ട്രീയപ്രസംഗങ്ങളിൽനിന്നും ഏതാനും ഭാഗങ്ങളും വായിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മുഖ്യമായ പ്രതിപാദ്യം, മുതലാളിത്തവ്യവസ്ഥയിലെ സാമ്പത്തികവൈരുധ്യങ്ങളുടെ വിശദമായ ഒരു വിശകലനമായിരുന്നു. വളരെയധികം സമാദരിക്കപ്പെട്ട തന്റെ പ്രസംഗത്തിന്റെ അവസാനഘട്ടത്തിൽ, ബൂവർയുദ്ധം മുതൽക്കു ഇന്നോളം ഉണ്ടായിട്ടുള്ള എല്ലാ ആംഗ്ലോ-സാക്സൺ സമരസന്നാഹങ്ങളേയും സഖാ

വ് പോക്ലോവ് വിശദീകരിക്കുകയും, അപലപിക്കേണ്ടതിനെയെല്ലാം ഏറ്റവും മൂച്ചുകുടിയ ഭാഷയിൽ അപലപിക്കുകയും ചെയ്തു.

അമേരിക്കൻപ്രതിനിധിയും പ്രസംഗിച്ചു."

സാമ്പിൾ സ്പോർട്സ് റിപ്പോർട്ട്

ബെറ്റ്സിലിന്റെ വിജയം

"അഖിലലോക നീന്തൽ ചാമ്പ്യൻഷിപ്പ് മത്സരത്തിന്റെ ഫൈനൽസ്, അതിവിപുലമായ ഒരു ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിൽ ഫിൻലണ്ടിലെ ഹെൽസിങ്കിയിൽവച്ചു ഇന്നലെ നടന്നപ്പോൾ, ന്യൂമീററർ പന്തയത്തിന്റെ ഫൈനൻസിലെത്തിയ നാലുപേരും ഒരു ഉശിരൻ പോരാട്ടമാണു നടത്തിയതു്.

സോവിയറ്റ് നീന്തലിന്റെ 'മഹാപ്രതീക്ഷ'യായ ഏ. ഐ. എം. ബെറ്റ്സിൽ വിജയിക്കാനുള്ള കമ്മ്യൂണിസ്റ്റ് മനോദാർഢ്യവും, വിജയത്തിലുള്ള സോഷ്യലിസ്റ്റ് വിശ്വാസവും തനിക്കു ധാരാളമായുണ്ടെന്നു് വീണ്ടും തെളിയിച്ചിരിക്കുന്നു.

പ്രശസ്തമായ ഒരു കുതിയ്ക്കലോടെയാണു ബെറ്റ്സിൽ 'സ്റ്റാർട്ട്' ചെയ്തതു്. സോവിയറ്റ് നാട്ടിലെ 'പൌണ്ടുകറമ്പർ' കൊണ്ടുള്ള ഒരു പന്തെന്നോണം, അദ്ദേഹം കുളത്തിന്റെ കരയ്ക്കൽനിന്നു സ്വയം ഒരേറ് എറിഞ്ഞു. ജീവനുള്ള ഒരു ടോർപ്പിഡോ കണക്കു്, അദ്ദേഹം വെള്ളത്തിലൂടെ കുതിച്ചു പാഞ്ഞുകയറുന്ന കാഴ്ച കണ്ട കണ്ണുകൾക്കു്, ആ പാച്ചിലിനൊപ്പം മുന്നേറാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും അതൊരു യന്ത്രമല്ല, ബെറ്റ്സിൽ

ആണു്, ലോകപ്രസിദ്ധ സോവിയറ്റ് നീന്തൽ വിദഗ്ധനായ ബൊറ്റ്സിൽ ആണു്, ഇരുപതാം നൂറ്റാണ്ടിനേറയും ഇരുപതാം കോൺഗ്രസ്സിനേറയും സന്താനമായ ബൊറ്റ്സിൽ ആണു്, അജയ്യനായ ചാമ്പ്യിയനായി സോവിയറ്റ്നാട്ടിലെ വിദഗ്ധന്മാരും കമ്യൂണിസ്റ്റ് പാർട്ടിയുംക്രൂടി വളത്തിയെടുത്ത ബൊറ്റ്സിൽ ആണു് എന്നു് ആശ്ചര്യചകിതരായ ജനങ്ങൾക്കു അറിയാമായിരുന്നു.

പന്തയം അവസാനിച്ചപ്പോൾ, നീണ്ടുനിന്ന, ആവേശഭരിതമായ, സുപരിശീലിതമായ, ഹർഷാരവത്തോടെ ബൊറ്റ്സിൽ വാഴ്ത്തപ്പെട്ടതിൽ അശേഷം അത്ഭുതമില്ലല്ലോ.

ഫലങ്ങൾ:— എറിക്സെൻ (സ്വീഡൻ) 60.2 സെക്കണ്ടുകൾ; ലോക്കോമോട്ടോ (ജപ്പാൻ) 60.3 സെക്കണ്ടു്; ഫലാസു് (ഹംഗറി) 60.4 സെക്കണ്ടു്; ബൊറ്റ്സിൽ (യു. എസ്. എസ്. ആർ) 124.5 സെക്കണ്ടു്.

സാമ്പിൾ ലോകവാർത്താപംക്തി

സ്വയം പ്രവർത്തിക്കുന്ന ടൂത്ത്ബ്രഷ് ലോകത്തിൽ ആദ്യമായി ഇതാ സോവിയറ്റ് റഷ്യയിൽ അവതരിപ്പിച്ചിരിക്കുന്നു. പരുത്ത പിടിയും മിനുത്ത ബ്രഷ്ഷും ചേർന്ന അതു്, ടൂത്ത്ബ്രഷ്ഷിന്റെ ഇന്നോളം ഉപയോഗിച്ചിട്ടില്ലാത്ത ഭാഗം ക്രൂടി പല്ലുതേയ്ക്കാൻ ഉപകരിപ്പിക്കാറാക്കണം എന്നു് ചിരകാലമായി സോവിയറ്റ് പൌരന്മാർക്കുണ്ടായിരുന്ന ആഗ്രഹം സാധിപ്പിച്ചിരിക്കുന്നു. സോവിയറ്റ്നാട്ടിലെ എല്ലാ ഡിപ്പാർട്ടുമെൻറ്

സ്റ്റോറുകളിലും ഇതു് ഏകകാലത്തു് ലഭിക്കുന്നു.

* * * *

റഷ്യയിലെ കൊടിപ്പീടികകളും, സക്കാരുത്തരവനുസരിച്ചു്, മേലാൽ ഞായറാഴ്ചകളിലും തുറന്നിരിക്കുന്നതാണു്. ചെങ്കൊടികളോ അരിവാളും ചുറികയും ചേന്ന അടയാളവസ്തുക്കളോ, ഞായറാഴ്ച വാങ്ങണമെന്നുള്ള വക്കു തിങ്കളാഴ്ചവരെ കാത്തിരിക്കേണ്ടിവരുന്നു എന്ന പരാതിയെ തുടന്നാണു് ഈ നടപടി സ്വീകരിച്ചിട്ടുള്ളതു്.

* * * *

കൈകൊണ്ടു് എഴുതൽ അനാവശ്യമാക്കിത്തീർക്കുന്ന വിപ്ലവകരമായ ഒരു യന്ത്രം കണ്ടുപിടിക്കാൻ സോവിയറ്റ് റഷ്യയിലെ സാങ്കേതികവിദഗ്ധന്മാർ മുതിന്നിരുങ്ങിയിരിക്കുന്നു— അക്ഷരമാലയിൽ എത്ര അക്ഷരങ്ങളുണ്ടോ, അത്രയും "കീ"കളും, കടലാസ് ഘടിപ്പിക്കുന്ന ഒരു സിലിണ്ടറും അതിലുണ്ടായിരിക്കും. കീ ഒന്നമത്തിയാൽ മഷിപുരട്ടിയ ഒരു റിബ്ബണിന്മേൽക്കൂടി കടലാസിൽ അക്ഷരം പതിയും. ചരിത്രപ്രധാനമായ ഈ സോവിയറ്റ് കണ്ടുപിടുത്തത്തിനുള്ള രസകരമായ പേർ "ടൈപ്പ്റൈറ്റർ" എന്നാണു്.

അനേകം മണിക്കൂറുകളും നീണ്ടുനില്ക്കുന്ന സുദീർഘപ്രസംഗങ്ങളും പകർത്തുവാൻ മറ്റിടങ്ങളിലെ പത്രങ്ങളും ചെന്നപോലെ സ്ഥലക്ഷാമമുള്ള സോവിയറ്റ് വൃത്താന്തപത്രങ്ങളിൽ, സബ് എഡിറ്ററിങ്ങിന്നു അനിതരസാധാരണമായ പ്രാധാന്യം ഉണ്ടു്. എങ്കിലും ബുദ്ധിപൂർവ്വകമായ വെട്ടിക്കളയൽവഴിയ്ക്കു്, മുഖ്യഭാഗങ്ങളും ലഭിക്കാൻ

താഴെ കാണുന്ന രീതിയിലുള്ള മാതൃകകൾ കമ്യൂണിസ്റ്റ് വായനക്കാർക്ക് കഴിവുണ്ടാക്കിക്കൊടുക്കുന്നു.

സാമ്പിൾ പദാനുപദവിവരണം

ഫ്രെഞ്ചുഗവർമ്മെണ്ട് റഷ്യയെ ബഹുമാനിക്കുന്നു

ഐക്യരാഷ്ട്രസഭയുടെ ഇക്കഴിഞ്ഞ യോഗത്തിൽ മൊ: അരിസ്റ്റിദേ ലെഷാബ്ലി പ്രക്ഷോഭകരമായ ഒരു പ്രസംഗത്തിലൂടെ സോവിയറ്റ് റഷ്യയെ ഹാർദ്ദമായി പ്രശംസിക്കുകയും, ഫ്രെഞ്ചുഗവമ്മെണ്ടിനു സോവിയറ്റ് യൂണിയനോടുള്ള ബഹുമാനം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഫ്രെഞ്ചു് പ്രതിനിധി ഇങ്ങനെ പ്രസ്താവിച്ചു:

"പരിഷ്കൃതലോകം മുഴുവനും.....കമ്യൂണിസത്തിന്റെ ആശയസംഹിതയും ആചരണവും ലക്ഷ്യംവച്ചു് നീങ്ങിക്കൊണ്ടിരിക്കുകയാണു്. ഭീഷണിയുടേയും കൊലപാതകത്തിന്റെയും മെക്കട്ടുകേറ്റത്തിന്റേയും നയമാണു്.....പ്രമുഖപാശ്ചാത്യരാജ്യതന്ത്രജ്ഞന്മാരുടെ അടിസ്ഥാനപരമായ നിലപാടു്. ഒരു കാര്യം എന്നെന്നേയ്ക്കുമായി ഉറപ്പിച്ചും തുറന്നുംതന്നെ പറയാം..... സോവിയറ്റ് യൂണിയനെ.....ഫ്രെഞ്ചുഗവമ്മെണ്ടു് അങ്ങേ അറ്റം ബഹുമാനിക്കുന്നു."

പ്രസ്തുത 'പദാനുപദവിവരണം' തയ്യാറാക്കാൻ എടുത്ത മൂലത്തിന്റെ പൂണ്ണരൂപംക്രടി വായിച്ചിരിക്കേണ്ടതു് സോവിയറ്റ്പത്രലോകത്തിലെ രീതി മനസ്സിലാക്കുന്നതിനു ആവശ്യമാണു്. കമ്യൂ: സംഘപ്രത്യാധിപർ എടുത്തുപയോഗിച്ച വാക്കുകൾക്കു് കീഴ്വര ഇട്ടിരി

ക്കുന്നു.

"പരിഷ്കൃതലോകം മുഴുവനും കമ്മ്യൂണിസത്തിന്റെ ആശയസംഹിതയും ആചരണവും ചേർന്ന് മറ്റിതങ്ങളായ സാമന്തരാഷ്ട്രങ്ങളിൽ കാട്ടിക്കൂട്ടുന്ന ഭീകരതകളെ കഠിനമായി അപലപിക്കാൻ ലക്ഷ്യംവച്ചു നീങ്ങിക്കൊണ്ടിരിക്കുകയാണു്. എല്ലാ സ്വതന്ത്രരാഷ്ട്രങ്ങളുടെയും ചെറുകുലിന്നു പ്രചോദനം നല്കുന്നതും ഇതാണു്. ഭീഷണിയുടേയും കൊലപാതകത്തിന്റേയും മെക്കട്ടുകേറ്റത്തിന്റേയും നയമാണു് പുതിയ സോവിയറ്റ് സാമ്രാജ്യത്വത്തിന്റെ പ്രത്യേകത. ഭയപ്പാടിൽനിന്നും ദാരിദ്ര്യത്തിൽനിന്നും വിമുക്തമായി, സ്വാതന്ത്ര്യത്തോടും സുഖത്തോടുംകൂടി വേണം ലോകത്തിന്നെല്ലാം ജീവിയ്ക്കാൻ എന്നാണു്, പ്രമുഖ പാശ്ചാത്യരാജ്യതന്ത്രജ്ഞന്മാരുടെ അടിസ്ഥാനപരമായ നിലപാടു്. ഒരു കാര്യം എന്നെന്നേയ്ക്കുമായി ഉറപ്പിച്ചും തുറന്നും പറയാം; ഈ സമ്പ്രദായം കെട്ടിപ്പടുത്തിട്ടുള്ളതു് ക്രൂരക്കൊലകളിലും ക്രൂരമർദ്ദനത്തിലുമാണു്. സോവിയറ്റ് യൂണിയനെ ഭീഷ്മതയുടേയും വഞ്ചനയുടേയും പ്രതീകമായി പ്രൊഫ്യൂ ഗവമ്മെണ്ടു് കരുതുന്നു; ഹംഗറിയിലെ സ്വാതന്ത്ര്യയോദ്ധാക്കളെ അങ്ങേ അറ്റം ബഹുമാനിക്കുന്നു."

കലകളോടും വിനോദങ്ങളോടും സോവിയറ്റ് പ്രതിലോകത്തിനുള്ള മനോഭാവത്തെ ഒരു അടിക്കുറിപ്പായി വിദ്യാർത്ഥികൾ ഒന്നു ശ്രദ്ധിക്കണം. ലോകത്തിലെ സർഗ്ഗാത്മക കലാകാരന്മാരെ മുഴുവനും—അവർ എവിടെത്തുകാ

രായിരുന്നാലും ശരി—തങ്ങളുടേതായി കമ്യൂണിസ്റ്റുകാർ അവകാശപ്പെടുന്നു. ഇംഗ്ലീഷ് മഹാകവിയായ വില്യം ഷേക്സ്പിയർക്കു മോസ്കോവിലെ പ്രധാന ചതുഷ്പഥങ്ങളിലൊന്നിൽ ഒരു സ്മാരകപ്രതിമ സ്ഥാപിക്കാൻ സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടി നിശ്ചയിച്ചതു് അതിനാലത്രേ.

ഉണ്ടായ സംഭവം ഇതാണു്:- വമ്പിച്ച തുകകൾ ചെലവാക്കി സമ്മാനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഒരു മത്സരം നിശ്ചയിച്ചു. പ്രശസ്തരായ പല ശില്പികളും തങ്ങളുടെ ശില്പസൃഷ്ടികൾ അയച്ചുകൊടുത്തു. അവ പരിശോധിയ്ക്കാൻ ഒരു ജൂറിയെ ചുമതലപ്പെടുത്തി. സഖാവ് എ. എം. ബാസിനോവിന്നാണു് അവർ ഒന്നാം സമ്മാനം നല്കിയതു്. ഷേക്സ്പിയറുടെ സാഹിത്യപരമായ മഹത്വം ഏറ്റവും ഉജ്ജ്വലമായ രീതിയിൽ പ്രദർശിപ്പിച്ചതു് അദ്ദേഹമായിരുന്നു.

ഒരു ചായക്കടയിൽ ഇരുന്നുകൊണ്ടു് ഷേക്സ്പിയറുടെ ഗീതകങ്ങൾ വായിക്കുന്ന ലെനിന്റെ ഒരു പ്രതിമയായിരുന്നു അതു്— ലെനിന്റെ മൂന്നിരട്ടി വലിപ്പത്തിൽ.

ഗുണപാഠം

വായനക്കാർ ഇപ്പോൾ വേണ്ടത്ര പഠിച്ചു പുരോഗമിച്ചുകഴിഞ്ഞിരിക്കും എന്നുള്ളതിനാൽ, അവർ എന്തുതരം കമ്യൂണിസ്റ്റുകാരായിരിക്കുമെന്നു കൃത്യമായി അറിയാനായി ഒരു പൊതുവിജ്ഞാനപരീക്ഷക്കു് ഉദ്ദേശി

ക്കുന്നു. കൃത്രിമമായ വിനയമോ സങ്കോചമോ കൂടാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. ഒടുവിലെ ചോദ്യത്തിനു ശേഷം മാക്കിട്ടുന്നതാണു്.

1) നിങ്ങൾ നുണ പറയാൻ ആഗ്രഹിക്കുന്നുവോ?

അതേ വേശത്തോടുകൂടി? (അഞ്ചുമാക്കു്) ആവശ്യമെങ്കിൽ മാത്രം (മൂന്നുമാക്കു്) ഒരിക്കലുമില്ല (മാക്കില്ല)

2) നിങ്ങളോടു യോജിക്കാത്തവരെയൊക്കെ തൂക്കിക്കൊല്ലണം എന്നു നിങ്ങൾക്കു എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?

ഉവ്വു് (എട്ടുമാക്കു്); ചിലപ്പോൾ (നാലുമാക്കു്); ഇല്ല (മാക്കില്ല).

3) നിങ്ങളേക്കാൾ ബുദ്ധിയും ശക്തിയും സൌന്ദര്യവുമുള്ള പുരുഷന്മാർ (സ്ത്രീകൾ) ഉണ്ടെന്നു നിങ്ങൾ സമ്മതിക്കുന്നുണ്ടോ?

ഇല്ല (ഒമ്പതുമാക്കു്); കുറച്ചുപേരുണ്ടാകാം (ആറുമാക്കു്); വളരെപ്പേരുണ്ടാകാം (മാക്കില്ല).

4) വെറും സാധാരണക്കാരനായ ഒരു സോവിയറ്റ് ചാമ്പ്യൻ ഓട്ടക്കാരനും, ലോകറെക്കോർഡു് ഭേദിച്ച ഒരു അമേരിക്കൻ പന്തയക്കാരനുംകൂടി മത്സരിച്ചു് ഓടുമ്പോൾ നിങ്ങൾ ആരുടെ പക്ഷമാണു് പിടിക്കുക?

അമേരിക്കക്കാരന്റെ (മാക്കില്ല); ആരുടേയുമില്ല (ഒരു മാക്കു്); റഷ്യക്കാരന്റെ (നാലുമാക്കു്).

5) അസുഖകരമായ ഒരു സത്യം നിങ്ങളോടു് ഒരാൾ വന്നു പറഞ്ഞാൽ നിങ്ങൾ എന്തുചെയ്യും?

നിങ്ങളേക്കാൾ കരുത്തുകുടിയ സുഹൃത്തുക്കളെക്കൊണ്ട് അയാളെ തല്ലിക്കും (ഏഴുമാക്ക്); അയാൾ ഇങ്ങോട്ട് നോക്കാതിരിക്കുമ്പോൾ ചെന്ന് അയാളെ ചവിട്ടും (നാലുമാക്ക്); ശ്രദ്ധിച്ചുകേട്ട് ശരിയായ വിവരം അറിയാൻ നോക്കും (മാക്കില്ല).

6) രണ്ടാഴ്ചക്കാലം സൌജന്യമായ കപ്പലിൽ ഒരുല്ലാസയാത്രയോ, അതോ പകുതി തുകയ്ക്കുണ്ടിട്ട ലെനിന്റെ കൃതികളുടെ സമാഹാരമോ നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുക?

ഉല്ലാസയാത്ര (മാക്കില്ല); ലെനിന്റെ സമാഹാരം (രണ്ടുമാക്ക്); ഉല്ലാസയാത്രയ്ക്കിടയിൽ ലെനിന്റെ കൃതികളുടെ സമാഹാരം വായിക്കൽ (എട്ടുമാക്ക്).

7) നിങ്ങളുടെ ഏറ്റവും ഇഷ്ടനായ സുഹൃത്തിന്നു് നിങ്ങളിൽനിന്നും വ്യത്യസ്തമായ രാഷ്ട്രീയാഭിപ്രായങ്ങളാണു് ഉള്ളതെന്നു കണ്ടാലും, നിങ്ങൾ അയാളുമായി സമ്പർക്കം തുടരുമോ?

ഉവ്വു് (മാക്കില്ല); ഇല്ല; എന്നുമാത്രമല്ല, കഴിയുമ്പോഴൊക്കെ അയാളെ ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്യും (10 മാക്കു്).

8) നിങ്ങളുടെ സുദൃഢമായ അഭിപ്രായങ്ങളിൽ നിങ്ങൾ ഉറച്ചു നില്ക്കുമോ?

ഉവ്വു് (മാക്കില്ല); നിങ്ങളോടു് ഏറ്റവും ഒടുവിൽ സംസാരിച്ച മനുഷ്യനോടു് യോജിക്കും (മൂന്നുമാക്കു്); നിങ്ങൾ നിങ്ങളുടെ അഭിപ്രായത്തേയും, നേരെ വിപരീതമായ അഭിപ്രായത്തേയും, ഒരുപോലെ ആവേശത്തോടെ സമർത്ഥിക്കും (എട്ടു മാക്കു്).

9) നിങ്ങളുടെ സുഹൃത്തിന്റെ സുന്ദരിയായ ഭാര്യ നിങ്ങളുടെ അഭിലാഷങ്ങൾക്കു വഴങ്ങുന്നില്ലെങ്കിൽ നിങ്ങൾ എന്താണു ചെയ്യുക?

അവൾക്ക് ഒരുപാടു കാമുകന്മാരുണ്ടെന്നു കാണിച്ച് അയാൾക്ക് ഒരു ഉപമക്കഥയയയ്ക്കുക (ഒമ്പതുമാർക്ക്); വീണ്ടും ശ്രമിച്ചുനോക്കുക (രണ്ടുമാർക്ക്); തന്റെ സുഹൃത്തിന്റെ ഭാര്യയെ വഴിപിഴപ്പിക്കുന്ന കാര്യം സ്വപ്നത്തിൽപോലും ഓർക്കാതിരിക്കുക (മാർക്കില്ല).

10) രാത്രി കിടക്കാൻ പോകുമ്പോൾ നിങ്ങൾ ലെനിനെ സ്മരിക്കാറുണ്ടോ?

പതിവായി സ്മരിക്കാറുണ്ട് (പത്തുമാർക്ക്); ഒഴിവുള്ളപ്പോൾ രണ്ടുവട്ടമെങ്കിലും (അഞ്ചുമാർക്ക്); പതിവില്ല (മാർക്കില്ല).

ഇനി നിങ്ങളുടെ മാർക്ക് കൂട്ടിനോക്കുക. 'മാക്സിമം' ആയ 78 മാർക്ക് നിങ്ങൾക്കു കിട്ടിയിട്ടുണ്ടെങ്കിൽ, നിങ്ങൾ പ്രവൃത്തിയിലും സ്വഭാവത്തിലും തികഞ്ഞ ഒരു കമ്യൂണിസ്റ്റാണ്. തീച്ചയായും നിങ്ങൾ ഒരു പാർട്ടിലീഡർ ആകാതെവയ്യ. 78നും 34നും ഇടയ്ക്കാണു മാർക്കെങ്കിലും നിങ്ങൾക്ക് പ്രൊമോഷന നല്ല ചാൻസുണ്ട്. ഒരു മാർക്കിന്നും 34 മാർക്കിനും ഇടയ്ക്കാണെങ്കിൽ, പിന്നെ എന്നെങ്കിലും ശരിയാകാൻ സാദ്ധ്യതയുള്ള നല്ലവനായ ഒരു സാധാരണ കമ്യൂണിസ്റ്റാണു നിങ്ങൾ. വെറും പൂജ്യം മാർക്കുമാത്രമേ നിങ്ങൾക്കു കിട്ടിയിട്ടുള്ളുവെങ്കിലോ, നിങ്ങൾ ഒന്നാം പാഠം മുതല്ലു വീണ്ടും പഠിച്ചുതുടങ്ങുകയാണ് ഭേദം. ഇത്തരം സ്വഭാവവും മനോഭാവവും ബുദ്ധിയും ഉള്ളവർക്കു പാർട്ടിമെമ്പർഷിപ്പ് കൊടുക്കുക പതിവില്ല.

പാഠം അഞ്ച്

വിവാഹവും മാർക്സും

അധഃപതിച്ച ബൂർഷ്വാസമുദായത്തിൽ, വിവാഹം, ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് തകർന്ന് വിപത്സന്ധിയിൽപ്പെട്ടിരിക്കുകയാണ്. നേരെ മറിച്ച് കമ്യൂണിസ്റ്റ് വിവാഹങ്ങളാകട്ടെ, സുഖമയവും സന്തുഷ്ടവും യോജിപ്പോടുകൂടിയതും സമതുലിതവുമാണ്. അതിമാനുഷരാകാൻ വേണ്ടി ഈ പുസ്തകം വായിക്കുന്ന വിദ്യാർത്ഥികൾ ചോദിച്ചുപോകും, "എന്തുകൊണ്ട്?" എന്ന്.

കാരണം സ്പഷ്ടമത്രേ— കമ്യൂണിസ്റ്റ് വികാസങ്ങൾ ധനപരമായ താല്പര്യങ്ങൾക്കുവേണ്ടിയോ, ലോഭപൂർണ്ണമായ വികാരപരതയാലോ, അഭദ്യമായ മാംസദാഹത്താലോ അല്ല നടത്തുന്നത്; നേരെമറിച്ച്, ഏറ്റവും മഹനീയമായ, ഏറ്റവും പരിശുദ്ധമായ, ഏറ്റവും മഹത്തായ, ഏറ്റവും സ്ഥിരമായ, ആദർശങ്ങളാലത്രെ.

അതിന്റെ പ്രവർത്തനരീതി ഇങ്ങനെയാണ്:—

അഭിജാതനും വർഗ്ഗബോധമുള്ളവനുമായ മി: പാർട്ടിലൈനിന് 27 വയസ്സു പ്രായമാണ്. സ്റ്റോറ് കൌണ്ടർ പോയിന്റ് വർക്സിൽ മെക്കാനിക്കൽ ഡ്രാഫ്ട്സ്മാനാണ് അദ്ദേഹം. പാർട്ടിവരികൾ കൃത്യദിവസം കണിശമായി അദ്ദേഹം കൊടുക്കുന്നു; എല്ലാ പാർട്ടിമീറ്റിങ്ങിലും കൃത്യനിഷ്ഠയോടെ പങ്കെടുക്കുകയും, എല്ലാ പാർട്ടിപ്രസിദ്ധീകരണങ്ങളും വാങ്ങുകയും, പാർട്ടിവകതാക്കൾ പറയുന്നതെന്തും വിശ്വസിക്കുകയും ചെയ്യുന്നു.

മറ്റു വിധത്തിൽ പറഞ്ഞാൽ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരൻ എങ്ങനെയായിരിക്കണം എന്നതിന്റെ മികച്ച ഒരു മാതൃക.

വൃക്ഷങ്ങളിൽ നവപല്ലവങ്ങൾ പൊട്ടിക്കിളിരുന്ന സുന്ദരമായ ഒരു വസന്തവാസരത്തിൽ പാർട്ടി ഹെഡ് കപാർട്ടേഴ്സിൽവച്ച് അദ്ദേഹം മിസ് നോമിനെ കണ്ടുമുട്ടുന്നു. സഖാവ് നോമിനു് അകൃത്രിമമായ ഒരു മനോഹാരിതയുണ്ടു്. അവളുടെ തലനാരിഴകറ്റം മിഴികറ്റങ്ങളുടെ മീതെ പാറിക്കളിക്കുന്നു. അവളുടെ വിരൽത്തുമ്പുകളിൽ പൂകയിലയുടെ കറയുണ്ടു്; അവൾ നടക്കുന്നേടത്തെല്ലാം മുട്ടുക്കുസിന്റെ നനുത്ത ഒരു മണം വിതറുന്നുമുണ്ടു്— വേറെ തരത്തിൽ പറയുന്നപക്ഷം, അവളെ ആദ്യമായി കണ്ടുമുട്ടുന്ന ആരിലും അഗാധമായ ഒരനുകൂലാഭിപ്രായം ജനിപ്പിക്കത്തക്ക കഴിവു് അവളുടെ ബാഹ്യാകാരത്തിനുണ്ടു്.

മി. പാർട്ടിലൈനിന്റെ ഹൃദയം തുടിക്കാൻ തുടങ്ങുന്നു. ഏതു കമ്മ്യൂണിസ്റ്റുകാരനും അറിയാവുന്നവിധം, സെക്കണ്ടിൽ ഒന്നര വൈറ്റ് എന്ന കണക്കിൽ, അയാളുടെ രക്തധമനികളിലേക്കു് ആ ഹൃദയം രക്തം ചാമ്പിക്കൊണ്ടിരിക്കുന്നതാണു് അതിനു കാരണം. താൻ പ്രണയത്തിൽ അകപ്പെട്ടിരിക്കുന്നു, അഗാധമായും ശാശ്വതമായും അകപ്പെട്ടിരിക്കുന്നു, എന്നു അയാൾ മനസ്സിലാക്കുന്നു; തദ്ഫാരാ, തന്റെ അദമ്യമായ വികാരവായ്പിന്റെ അന്തർനാദത്തെ സങ്കോചലേശംകൂടാതെ അയാൾ അനുസരിക്കുകയും ചെയ്യുന്നു.

മിസ് നോം എവിടെയാണു് പ്രവൃത്തിയെടുക്കുന്നതെന്നു്, പാർട്ടിയുടെ ജില്ലാ സിക്രട്ടറിയോടു് അയാൾ ആദ്യമേ അന്വേഷിക്കുന്നു. ഗവമ്മെണ്ടുവക വലിയ ഒരു നെയ്ത്തുകമ്പനിയിലാണു അവൾക്കു പ്രവൃത്തി എന്നു മറുപടി ലഭിക്കുന്നു. "പാർട്ടിയോടൊപ്പം മുന്നോട്ടു്" എന്ന മുദ്രാവാക്യംകൊണ്ടു് പാർട്ടിസിക്രട്ടറിയോടു് അയാൾ നന്ദി രേഖപ്പെടുത്തി, നേരെ ഫാക്ടറിയിലെത്തി അവിടത്തെ പാർട്ടിസെക്രട്ടറിയെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. കാർഡു കാണിച്ചു് തന്റെ പാർട്ടിയംഗത്വം ബോദ്ധ്യപ്പെടുത്തിയശേഷം, മിസ് നോമും അവളുടെ പ്രവൃത്തിയുംതമ്മിലുള്ള ബന്ധം അയാൾ അന്വേഷിക്കുന്നു.

ആ ഫാക്ടറിയിൽ വന്നിട്ടുള്ളവരിൽ വച്ചു ഏറ്റവും വഷളായ നെയ്ത്തുകാരിയാണു് അവൾ എന്നായിരുന്നു മറുപടി കിട്ടുന്നതെങ്കിൽ, താൻ അത്രയ്ക്കു അഗാധമായ പ്രണയത്തിൽ ഏർപ്പെട്ടിട്ടുള്ള ആ വനിതാസഖാവിനെപ്പറ്റി പിന്നീടു് യാതൊന്നും അന്വേഷിക്കാൻ മെനക്കെടാതെ മി: പാർട്ടിലൈൻ ഉടനടി തിരിച്ചുപോകുമായിരുന്നു. എന്നാൽ ഫാക്ടറിയിലെ നല്ല പണിക്കാരിൽ ഒരുവളാണു അവൾ എന്നാണു മറുപടി. അതിനാൽ പാർട്ടി സിക്രട്ടറിയോടു് നന്ദി പ്രകടിപ്പിച്ചു്, "പാർട്ടിയോടൊപ്പം മുന്നോട്ടു്" എന്ന ഒന്നുകൂടി ആശംസിച്ചുകൊണ്ടാണു് അയാൾ സ്ഥലം വിടുന്നതു്.

അടുത്ത ഡിസ്ട്രിക്ടു് പാർട്ടിറാലി ആഭ്യന്തരവും വൈദേശികവുമായ മുഖ്യനയങ്ങളെപ്പറ്റി തങ്ങൾ എ

ന്നു ചിന്തിക്കുന്നുവെന്നു്, കേന്ദ്ര ആപ്പീസു് പ്രതിനിധി പാർട്ടിയംഗങ്ങളോടു വിവരിച്ചുകൊണ്ടിരിക്കുകയാണു്. മിസു് നോമിന്റെ ഭാവഹാവങ്ങളും നന്നായി കാണാൻ ഉതകുന്ന ഒരു സവിശേഷസ്ഥാനത്തു് മി: പാർട്ടിലൈൻ ഇരിപ്പുറപ്പിച്ചിട്ടുണ്ടു്. സോവിയറ്റു് നാട്ടിലെ ഉരുക്കുൽപ്പാദനത്തിന്റെ ഏറ്റവും ഒടുവിലെ സ്ഥിതിവിവരക്കണക്കുകളെക്കുറിച്ചും, അമേരിക്കൻ സിക്രട്ടറി ഓഫു് സ്റ്റേറ്റിന്റെ ഏറ്റവും പുതിയ പ്രഖ്യാപനത്തെക്കുറിച്ചും ഉള്ള പ്രസ്താവനകളും അവളിൽ എന്തൊന്നു പ്രത്യാഘാതങ്ങളാണു ഉളവാക്കുന്നതെന്നു് അയാളും സവിശേഷം ശ്രദ്ധിക്കുന്നു.

മി: പാർട്ടിലൈനിനു ഭാഗ്യമുണ്ടു്. മിസു് നോം ഓരോ വാക്കും കേൾക്കുന്നതു് തികഞ്ഞ ഭക്തിയോടെയാണു്. "കേൾപ്പിൻ, കേൾപ്പിൻ" എന്നു അവളും പലകുറി ആത്മഗതം ചെയ്യുന്നു. "മൂതലാളിത്തം നശിയ്ക്കട്ടെ" എന്നു രണ്ടുവട്ടവും, "ഹാ, എത്രശരി!" എന്നു് ഒരു വട്ടവും അവളും വിളിച്ചുപറയുന്നു. ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനു് ഏറ്റവുമധികം ഇണങ്ങുന്ന ഒരു ഒന്നാന്തരം ക്രൂട്ടുകാരിയായിരിക്കും അവളെന്നും, ഏതു പ്രതിസന്ധിയിലും അവൻറെ പാർശ്വത്തിൽ*ത്തന്നെ നില്ക്കുമെന്നും ഉള്ളതിനു ഇതെല്ലാം തക്ക തെളിവാണല്ലൊ.

നമ്മുടെ കഥാനായകനു് ഇനി ഏറെയൊന്നും ചെയ്യാനില്ല. മിസു് നോം ധാരാളം സംസ്കൃതമതിയാണെന്നു്, ജില്ലാപാർട്ടിസ്ഥാപനത്തിലെ ലൈബ്രേറിയ

* സ്വാഭാവികമായും വാമപാർശ്വത്തിൽത്തന്നെ.

നിൽനിന്നു് അയാം കണ്ടുപിടിക്കുന്നു—ലെനിന്റേയും മർക്സിന്റേയും എംഗൽസിന്റേയും പല പുസ്തകങ്ങളും വീട്ടിൽക്കൊണ്ടുപോയി വായിക്കാനായി അവം പല തവണയും എടുത്തിട്ടുണ്ടെന്നു മാത്രമല്ല, മറു വായനക്കാരിൽനിന്നു വ്യത്യസ്തമായി, പേജുകം മുറിച്ചിട്ടാണു അവം തിരിച്ചെത്തിച്ചിട്ടുള്ളതെന്നും അയാം മനസ്സിലാക്കി. ഈ വിവരം നൽകിയതിനു മി: പാർട്ടിലൈൻ കൃതജ്ഞനാണു്. ലൈബ്രറിയിൽനിന്നു് ഇറങ്ങുമ്പോം അയാം അതു പ്രകടിപ്പിക്കുന്നുമുണ്ടു് — "പാർട്ടിയോടൊപ്പം മുന്നോട്ടു്."

തള്ളിക്കയറുന്ന വികാരവുമായി അയാം തന്റെ കമ്യൂണിസ്റ്റ്ഹൃദയത്തിന്റെ ആഹ്വാനം പിൻതുടരുന്നു. അടുത്ത പാർട്ടിയോഗത്തിന്റെ പര്യവസാനത്തിൽ, അയാം മിസു് നോമിനെ ധൈര്യമായി സമീപിക്കുന്നു.

"സഖാവെ, മനുഷ്യന്റെ അവയവഘടനയെക്കുറിച്ചു്, ഒരു പാർട്ടിമെമ്പറെന്ന നിലയ്ക്കു്, നിങ്ങൾക്കു ശരിയായ വിവരമുണ്ടെന്നു ഞാൻ കരുതുന്നു."

"സഖാവു് ഡാർവിനോടു് എനിക്കു നിസ്സീമമായ മതിപ്പുണ്ടു്" എന്നാണു് അവളുടെ മറുപടി. "ചരിത്രാതീതകാലത്തുതന്നെ, സോഷ്യലിസം കെട്ടിപ്പടുക്കാൻ വേണ്ടി അന്യോന്യം ഇണചേർന്നു സഹായിച്ച ആ 'സിംഗിംസെൽ സഖാ'ക്കളെപ്പറ്റി പറയുകയുംവേണ്ട."

അവം ശരിക്കും വളർന്ന ഒരു സഖാവാണെന്നു് ഈ ഉത്തരം വ്യക്തമാക്കുന്നതിനാൽ, കൂടുതൽ അടുപ്പമുള്ള വിഷയങ്ങളിലേക്കു കടക്കാൻ മി: പാർട്ടിലൈനി

ന്നു കഴിയുന്നു.

"വാനരസഖാക്കളിൽ നിന്നാണു് നാം ജനിച്ചിട്ടുള്ളതു് എന്നതിൽ നിങ്ങൾക്കു സംശയം ഉണ്ടാവില്ലെന്നു ഞാൻ കരുതുന്നു."

"എനിക്കു് അതിൽ അശേഷം സംശയമില്ല. മനുഷ്യരാശിയുടെ കൈത്തൊട്ടിൽ വൃക്ഷശിഖരങ്ങളിലായിരുന്നു എന്നു എനിക്കുറപ്പുണ്ടു്. അല്ലെങ്കിൽ എന്തിനു്, കമ്യൂണിസ്റ്റു് ബോൾഷെവിക്കു് പാർട്ടിയുടെ ഇരുപതാം വാർഷിക കോൺഗ്രസ്സിൽവച്ചു് സഖാവു് ലെനിൻ പറയായി പറഞ്ഞതുപോലെ, 'ഇതാ ഇപ്പോൾ'....."

മി: പാർട്ടിലൈനിനു് തൃപ്തിയായി. അയാൾക്കു് ഇനി തന്റെ വികാരങ്ങളുടെ കടിഞ്ഞാൺ ഇഷ്ടംപോലെ അഴച്ചുവിടാം. "പാർട്ടിയോടൊപ്പം മുന്നോട്ടു്" എന്നു് ഒന്നു മന്ത്രിച്ചു്, അയാൾ തന്റെ സ്വന്തം പാർട്ടി സിക്രട്ടറിയെ കാണാൻ തിരിക്കുന്നു. "പാർട്ടിയോടൊപ്പം മുന്നോട്ടു്" എന്നു് അയാൾ ഒന്നു നിശ്വസിക്കുന്നു. അയാൾക്കു ഒരു വിവരം അറിയണം. പാർട്ടി സിക്രട്ടറിയോടു് അതാണു് ആവശ്യപ്പെട്ടതു്. (സ്വാഭാവികമായ തെരഞ്ഞെടുപ്പു് പ്രക്രിയയിൽപ്പെട്ടു്) മിസ് നോം അദ്ധ്യാനിക്കുന്ന ജനവിഭാഗത്തിലോ, കർഷകവർഗ്ഗത്തിലോ,—മാർക്സു് ഇടവരുത്താതിരിക്കട്ടെ—ഇടത്തരം കുടുംബത്തിലോ പെടുന്നതെന്നു മിസ് നോമിന്റെ അമ്മയുടെ പാർട്ടിസിക്രട്ടറിയോടു് അനേഷിച്ചറിയണം.

പാർട്ടിസിക്രട്ടറിമാർ ഇരുവരും തമ്മിൽ ഏതാനും ആഴ്ചക്കാലം എഴുത്തുകുത്തു നടത്തിയതിനുശേഷം

സംഗതി തിട്ടപ്പെട്ടുത്തുന്നു—മിസ് നോമിന്റെ കുടുംബം ഹൃദ്യമായ തൊഴിലാളിവിഭാഗത്തിൽ പെട്ടതാണെന്നു കാണുന്നു. അതനുസരിച്ച്, അടുത്ത പാർട്ടിറാലിയിൽ വച്ച് മി. പാർട്ടിലൈൻ അവളെ വീണ്ടും സമീപിക്കുന്നു.

അവളുടെ 'സ്റ്റാഖനോവൈറവ് ഓവർടൈം' ചെയ്തതീർത്തതിനുശേഷം ഒരുനാൾ തന്നോടുകൂടി ഒരു സോവിയറവ് ഫിലിം കാണാൻ വരാമോ എന്നു അയാൾ അല്പം ഭയങ്കോചത്തോടെ അനേപ്ഷിക്കുന്നു.

"ഏതു സോവിയറവ് ഫിലിം കാണാനും എനിക്കു ഇഷ്ടമാണു്—അല്ലാ, ഔൽസുക്യമാണു്" എന്നാണു് അവളുടെ ഉത്തരം. "സോവിയറവ് ഫിലിമുകൾ എപ്പോഴും ഭാവിയിലേക്കുള്ള വഴി തെളിയിക്കുന്നു."

ഭാവിയിലേക്കുള്ള വഴി തെളിയിക്കുന്നതിനു മി: പാർട്ടിലൈനിനും ഔൽസുക്യമുണ്ടു്.

മൂരാച്ചി ജനാധിപത്യപ്പാളിച്ചക്കാരനായ* ശത്രുവിന്റെ മേൽ പാർട്ടി വിജയം കൈവരിക്കുന്നതായി പടത്തിലുള്ള ഘട്ടം വരുമ്പോൾ, മി: പാർട്ടിലൈൻ മിസ് നോമിന്റെ പാണിതലം കയറിപ്പിടിക്കുന്നു. അവൾ കൈ പിൻവലിക്കുന്നില്ല. പാശ്ചാത്യലോകത്തിന്റെ സാമ്രാജ്യത്വവിദ്വേശനയത്തെ അവൾ അപലപിക്കുന്നു

* പടത്തിൽ ഇങ്ങനെ ഒരു ഘട്ടം ഇല്ലെങ്കിലും വിഷമിക്കാനില്ല. ഏതു സോവിയറവ് പടത്തിലും മൂരാച്ചി ജനാധിപത്യപ്പാളിച്ചക്കാരനായ ശത്രുവിനെ പാർട്ടി അടിച്ചിരുത്തുക പതിവാണു്.

വെന്നും, കല്ക്കരിയുല്പാദനം വർദ്ധിപ്പിക്കുന്നതിന്നായി* പ്രയത്നിക്കുവാൻ ഒരുക്കമാണെന്നും ഉള്ളതിനു ഇതു മറെറാരു തെളിവാണു്.

ആ അനർഘനിമിഷം ഇതാ സമാഗതമായി: മി. പാർട്ടിലൈൻ തന്റെ മനോഗതങ്ങൾ തുറന്നു പറയുന്നു. പ്രതിമാസമുള്ള പാർട്ടിയോഗങ്ങളിൽ അയാൾ എഴുന്നേറുനിന്നു മിസ് നോമിനെ വിവാഹം ചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നു.

"സഖാക്കളെ, ഈ പ്രവൃത്തിയിൽ നിങ്ങൾ എനിക്കു യഥാർത്ഥ കമ്മ്യൂണിസ്റ്റ് സഹായം നൽകണമെന്നും, ഈ കാര്യത്തെപ്പററിയുള്ള നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു."

സഖാക്കൾ ഓരോരുത്തരായി മറുപടി പറയാൻ എഴുന്നേല്ക്കുന്നു. അന്നുദിനം പിരിമുറുകിവരുന്ന അന്താരാഷ്ട്രീയസ്ഥിതിഗതികളുടെ ചട്ടക്കൂട്ടിൽ, ഈ സംയോഗം എങ്ങനെയിരിക്കും എന്നു് അവർ വിവരിക്കുന്നു. വിവാഹാനന്തരം, ഈ രണ്ടു സഖാക്കളുടേയും ആശയപരമായ വികസനം എങ്ങനെ സുരക്ഷിതമാക്കാനാണു് തങ്ങൾ കരുതുന്നതെന്നും അവർ വ്യക്തമാക്കുന്നു. ദമ്പതൃജീവിതത്തിലെ ലൈംഗികാവശ്യനിർവ്വഹണം, ദമ്പതിമാരുടെ വ്യാവസായികമായ ഉൽപ്പാദനക്ഷമതയെ എങ്ങനെ ബാധിക്കുന്നു എന്ന ലോലമായ പ്രശ്നവും അവർ ചർച്ച ചെയ്യുന്നു.

---

* ഈ പടം കല്ക്കരിയുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള സമരത്തെപ്പററിയാണു്.

അവസാനം പാർട്ടി സിക്രട്ടറി വാദപ്രതിവാദം ഉപസംഹരിച്ചു് തീരുമാനം പ്രഖ്യാപിക്കുന്നു:— "സഖാവു് പാർട്ടിലൈനിന്റെ വിവാഹനിർദ്ദേശം പാർട്ടിഗ്രൂപ്പു് സശ്രദ്ധം ശ്രവിച്ചു് സ്വീകരിച്ചിരിക്കുന്നു."

എല്ലാവരും എഴുന്നേറ്റുനിന്നു താളക്രമത്തോടെ കയ്യടിയ്ക്കാൻ തുടങ്ങുന്നു. "അധ്വാനിക്കുന്ന രക്തവർഗ്ഗമേ, ഉണരൂ എഴുന്നേല്ക്കുക" എന്ന ഗാനം എല്ലാവരും ചേർന്നു പാടുന്നു. സഖാവു് പാർട്ടിലൈൻ മിസ്സു് നോമിന്റെ അരികിലേക്കു നീങ്ങുന്നു. ദൃഢവും വർഗ്ഗബോധം തികഞ്ഞതും ജനാധിപത്യപരവുമായ ഹസ്തദാനം അവർ അന്യോന്യം നടത്തുന്നു.

ഇപ്പോൾ അവരുടെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്നു. ലജ്ജാവിവശയല്ലാത്ത തന്റെ ഭാവിവധുവിനെ സമീപിച്ചു് പരമമായ ആ ചോദ്യം ചോദിയ്ക്കാൻ മി: പാർട്ടിലൈനിനുള്ള മുഹൂർത്തം ഒടുവിൽ ഇതാ സമാഗതമായിരിക്കുന്നു.

"അപ്പഴേ, എന്താണു ഭവതിയുടെ സ്വന്തം പേരു്?"

ഗൃഹപാഠം

ഇതുവരെയും പഠിച്ചുകഴിഞ്ഞ വിദ്യാർത്ഥികളുടെ 'കോഴ്സു്' ഏതാണ്ടു് പാതിയായിരിക്കുന്നു. അതിനാൽ അവർക്കു താഴെ കൊടുക്കുന്ന പരീക്ഷയ്ക്കിരിക്കാൻ കഴിയേണ്ടതാണു്. പരീക്ഷ മൂന്നു ഭാഗമായിട്ടാണു്. ഒന്നു കന്യകകൾക്കു്; മറേറതു് വിവാഹം കഴിഞ്ഞ സ്ത്രീകൾക്കു്; മൂന്നാമത്തേതു പുരുഷന്മാർക്കും. ആരും ഒന്നി

ലധികം ഭാഗത്തിന്റെ ഉത്തരം എഴുതേണ്ടതില്ല.

കന്യകമാർക്കു്- 20 വയസ്സാണു് നിങ്ങളുടെ പ്രായം. ഉയരമുള്ളവളും മനോഹരിയും 32-19-32 എന്നീ അളവുകളും ഉള്ളവളും ബുദ്ധിമതിയും ആണു നിങ്ങൾ. ഒരു പാർട്ടിയിൽവച്ചു സുന്ദരനായ ഒരിരുപത്തെട്ടുകാരൻ യുവാവിനെ നിങ്ങൾ കണ്ടെത്തുന്നു. സൌന്ദര്യത്തിന്റെ പുറമെ രസികത്വവും, വിലക്രൂടിയ ഒരു കാറും ഉണ്ടു് അയാൾക്കു്. നിങ്ങളിൽ അയാൾ ഉടനടി താല്പര്യം പ്രദർശിപ്പിക്കുന്നു., വളരെ ശ്രദ്ധയും. അടുത്ത രണ്ടു ദിവസവും നിങ്ങളെ വന്നു കണ്ടുകൊള്ളാം എന്നു അയാൾ ഏല്പിക്കുന്നു. അയാൾ അതിവസമ്പന്നനാണു്, പൈതൃകമായി സിദ്ധിച്ച ആറു ഫാക്ടറികളും, എട്ടു് എസ്റ്റേറ്റുകളും, പന്ത്രണ്ടു കപ്പലുകളും, മനോഹരവും സുസജ്ജവുമായ ഒരു ദ്വീപും അയാളുടെ ഉടമസ്ഥതയിലുണ്ടു് എന്നും നിങ്ങൾ കണ്ടെത്തുന്നു. അയാൾ കുടിക്കില്ല, കാശുവച്ചു ചൂതുകളിക്കില്ല, ക്രിക്കറ്റ് കമ്പം ഉപേക്ഷിച്ചിരിക്കുന്നു, ഗോൾഫ് ഒരിക്കലും കളിക്കാറില്ല. അന്യസ്ത്രീകളിൽ അയാൾക്കു താല്പര്യമില്ല. സംതൃപ്തമായ ഒരു ഭവനം മാത്രമേ അയാൾക്കു വേണ്ടൂ. തന്റെ ആയുഷ്കാലമത്രയും ഒരേ ഒരു സ്ത്രീയെ സുഖമായി ഇരുത്താൻ അയാൾ ആഗ്രഹിക്കുന്നു. ഒരു യുവതിക്കു് എന്തെല്ലാം ആഗ്രഹമുണ്ടാകാമോ— നദീതീരത്തുള്ള സുന്ദരമായ ഒരു ഉദ്യാനഹർമ്യംമുതല്ലു്, ഒരു വൈരമാലവരെയും, ഒരു കപ്പൽക്യാബിൻവരെയും, ഉള്ള എന്തും അവളുടെ മുമ്പിൽ കാണിയ്ക്കുവയ്ക്കാൻ അയാൾ ഉത്സുകനാണു്. നിങ്ങൾ ഇ

തെല്ലാം മനസ്സിലാക്കിയതിനുശേഷമാണു് അയാൾ നിങ്ങളോടു് പ്രണയാർത്ഥന നടത്തുന്നതു്.

ചോദ്യം:- പാർട്ടിബോധം തികഞ്ഞ ഒരു വനിതാ കമ്മ്യൂണിസ്റ്റെന്ന നിലയ്ക്കു്, ഈ മൂരാച്ചിമുതലാളിയെ നിങ്ങൾക്കു വിവാഹം ചെയ്യാമോ?

വിവാഹിതകൾക്കു്

ഒരു നെയ്ത്തുമില്ലിലെ ക്ലാർക്കുമായി 14 കൊല്ലം മുമ്പു നിങ്ങളുടെ വിവാഹം നടന്നു. ഒരു മാതൃകാവിവാഹമാണു നിങ്ങളുടേതു്. കമ്യൂ: പാർട്ടിമെമ്പർമാരായ നിങ്ങൾ ഇരുവരും ഒരു പാർട്ടിറാലിയിൽവച്ചാണു് ആദ്യമായി കണ്ടുമുട്ടിയതു്. അതിനുശേഷം എല്ലാ ഞായറാഴ്ചയും നിങ്ങൾ പാർട്ടിയോഗങ്ങൾക്കു ഹാജരാകാറുണ്ടു്. മാർക്സും ഏംഗൽസും ലെനിനുംക്രൂടി കൈകോർത്തുപിടിച്ചുംകൊണ്ടു സോഷ്യലിസമെന്ന ലക്ഷ്യത്തിലേക്കു നടന്നുമുന്നേറുന്നതായ ഒരു ചിത്രം നിങ്ങളുടെ കട്ടിലിനുമുകളിൽ തൂങ്ങിനില്പുണ്ടു്. പതിനാലു സുദീർഘവും വത്സരങ്ങളിലെ സുഖസംതൃപ്തമായ ദാമ്പത്യജീവിതത്തിന്റെ ശുഭ്രാകാശത്തിൽ ആകെക്രൂടി ഒരിക്കൽ മാത്രമേ ഒരു കാർമേഘം നിഴൽ വീശുകയുണ്ടായിട്ടുള്ളൂ. "കുതിരലാടം തറയ്ക്കുന്നതിന്റെ നിരക്കുകൂടം കുറയ്ക്കാൻ മുന്നോട്ടു്" എന്ന വാചകത്തോടെയാണു 1918-ൽ പെട്രോഗ്രാഡിലെ "റെവല്യൂഷനറി കമ്മറ്റി ഓഫ് ഓസ്ലേഴ്സി"നു ലെനിൻ ഒരു സന്ദേശം അയച്ചതെന്നു നിങ്ങൾ പറഞ്ഞു. എന്നാൽ അത്യാവേശകരമായ ഈ സന്ദേശവാക്യം യഥാർത്ഥത്തിൽ നല്കിയതു്, ഓംസ്കിലെ

കുതിരക്കോപ്പുനിർമ്മാതാക്കളുടെ വിപ്ലവസംഘടനയ്ക്കായിരുന്നുവെന്ന നിങ്ങളുടെ ഭർത്താവും വാദിച്ചു. അതു വഴക്കു മൂത്തു. നിങ്ങൾ ഇരുവരും രണ്ടു ദിവസത്തേക്കു അന്നോന്യം ഒരക്ഷരം മിണ്ടിയില്ല. അതു് അത്രയ്ക്കും മൂത്തു. ഭർത്താവു് വീട്ടിൽനിന്നു ഇറങ്ങിപ്പോയി. ഒടുവിൽ അയാൾ തിരിച്ചുവന്നു്, നിങ്ങൾ പറഞ്ഞതാണു് ശരിയെന്നു സമ്മതിച്ചു. ഡിസ്സിഡ്ന്റ്പാർട്ടി സിക്രട്ടറി ഏറ്റവും പുതിയ പാർട്ടിവാഷ്ടികപ്പതിപ്പുനോക്കി ഈ വിഷയത്തിൽ സംശയം തീർത്തുതന്നിരിക്കുന്നുവെന്നു് അയാൾ വെളിപ്പെടുത്തി. അങ്ങനെ ഹാർദ്ദമായ അന്തരഞ്ജനം നടന്നു. എന്നിട്ടു് കഴിഞ്ഞതിനുള്ള ഒരു പ്രായശ്ചിത്തമെന്നോണം, നിങ്ങളുടെ ഭർത്താവു് നിങ്ങളെ പാർട്ടിയുടെ "കേന്ദ്രപച്ചകുത്തൽസ്ഥാപന"ത്തിലേക്കു കൊണ്ടുപോയി. നിങ്ങളുടെ വാദത്തിന്റെ സ്മരണയ്ക്കുന്നോണം, അവിടെവച്ചു്, നിങ്ങളുടെ തുടകൾക്കു ഒന്നോ രണ്ടോ ഇഞ്ചു് മുകളിലായി നിങ്ങളുടെ പൃഷ്ഠഭാഗത്തു് ലെനിന്റെ മുഖം പച്ചകുത്തിത്തരികയും ഉണ്ടായി. (ലെനിന്റെ മുഖത്തിനു ചുറ്റും കുതിരലാടംകൊണ്ടു ഒരു മാലയും ഉണ്ടായിരുന്നു.) ഇത്രയെല്ലാം നടന്നിരിക്കെ നിങ്ങൾക്കു ഒരു കാര്യം അറിയാൻ ഇടയാകുന്നു. കഴിഞ്ഞ പത്തു കൊല്ലമായി നിങ്ങളുടെ ഭർത്താവു് നിങ്ങളെ വഞ്ചിക്കുകയായിരുന്നു, മദ്യശാലയിൽ മദ്യം പകർന്നുകൊടുക്കുന്ന പെണ്ണൊരുത്തിയുമായി അയാൾ ക്രൂടിക്കഴിയുകയായിരുന്നു. അവളിൽ അയാൾക്കു രണ്ടുകുട്ടികൾ ഉണ്ടായിട്ടുണ്ടു്. —എന്നെല്ലാം.

ചോദ്യം— പാർട്ടിബോധമുള്ള ഒരു കമ്യൂണിസ്റ്റ് ഭാര്യയെന്ന നിലയ്ക്ക് നിങ്ങൾ എങ്ങനെയാണ ഈ സ്ഥിതിഗതികൾ നേരിടുക?

പുരുഷന്മാർക്ക്

(വിവാഹിതർക്കും അവിവാഹിതർക്കും)

34 വയസ്സുള്ള ഒരു ഇംഗ്ലീഷുകാരനാണ് നിങ്ങൾ. 12 വയസ്സു മുതല്ക്കുതന്നെ നിങ്ങൾ കമ്യൂ: പാർട്ടിമെമ്പാറാണ്. നിങ്ങളുടെ സഹപാഠിയും ഏറ്റവും അടുത്ത ചങ്ങാതിയുമായ ഒരാൾ ഒരു ദിവസം നിങ്ങളെ സമീപിച്ചു പരമരഹസ്യമായ ഒരു സംഗതി നിങ്ങളോട് പറയുന്നു. അതു പരമരഹസ്യമാക്കിത്തന്നെ വച്ചു കൊള്ളാമെന്നു നിങ്ങൾ സത്യവും ചെയ്യുന്നു. അണ്വായുധങ്ങളിൽ നിന്നു തികഞ്ഞ സംരക്ഷണം നൽകുന്ന ഒരു വിദ്യ, നെടുനാളത്തെ അധ്വാനഫലമായി താൻ കണ്ടുപിടിച്ചിട്ടുണ്ട് എന്നാണ അയാൾ നിങ്ങളെ അറിയിക്കുന്ന രഹസ്യം. ഈ കണ്ടുപിടുത്തത്തെപ്പറ്റി ആക്കുംതന്നെ യാതൊരു വിവരവുമില്ല. അതിന്റെ 'ബ്ലൂപ്രിൻറ്' നിങ്ങൾ ഭദ്രമായി സൂക്ഷിച്ചു കൊടുക്കണം. ടോൺസിലിനു ഓപ്പറേറ്റ് ചെയ്യിക്കാനായി അയാൾ ആസ്പത്രിയിലോളം പോവുകയാണ്. മയക്കമരുന്നിന്റെ ഫലമായി അയാളെങ്ങാൻ മരിച്ചുപോകുന്നപക്ഷം നിങ്ങൾ ഒരു കൃത്യം ചെയ്തുകൊടുക്കേണ്ടതുണ്ട്. 'തന്റെ രാജ്യത്തെ, ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കാൻ അത്യൗത്സുക്യം ഉള്ള ദേശഭക്തനായ ഒരു ഇംഗ്ലീഷുകാരന്റെ മരണപത്രത്തിലെ താൽപര്യവും അവസാനത്തെ ആഗ്രഹവു

മാണ ഇതു'' എന്ന പ്രസ്താവിച്ചുകൊണ്ടു ആ പ്ലാനും രേഖകളും നിങ്ങൾ രാജ്യരക്ഷാമന്ത്രിക്കു അയച്ചുകൊടുക്കണം എന്നാണു അയാൾ ഏല്പിക്കുന്നതു്. നിങ്ങൾ അതു സമ്മതിച്ചു ഏറെവാണ്ടി പൂട്ടിവയ്ക്കുന്നു. ആ സുഹൃത്തു് നിർഭാഗ്യനായി എന്നാണു് മൂന്നുദിവസം കഴിഞ്ഞു് നിങ്ങളെ ആസ്പത്രിക്കാർ അറിയിക്കുന്നതു്.

ചോദ്യം - റഷ്യയുടെ മീതെ, അപരിമിതമായ ഒരു നേട്ടം ബ്രിട്ടനു ഉണ്ടാക്കിക്കൊടുക്കുന്ന അമൂല്യമായ ഈ കണ്ടുപിടുത്തത്തെപ്പറ്റി, പൊരുതുന്ന ഒരു പഴയ കമ്യൂണിസ്റ്റുകാരനെന്ന നിലയ്ക്കു നിങ്ങൾ എന്താണു് ചെയ്യുക?

ഉത്തരങ്ങൾ

കന്യകമാർ - തീർച്ചയായുംവയ്യ, രാഷ്ട്രീയമായ കാരണങ്ങളല്ല, നിങ്ങൾ അയാളെ ഉപേക്ഷിക്കുന്നതു്; നേരെ മറിച്ചാണു്. പണക്കാരനായിരിക്കുക, സുന്ദരനാവുക, മദ്യപനല്ലാതിരിക്കുക, പണംവച്ചുള്ള കളികളിലോ ക്രിക്കറിലോ ഗോൾഫിലോ താല്പര്യം ഇല്ലാതിരിക്കുക—ഇങ്ങനെയുള്ള ചെറുപ്പക്കാർ ഇല്ലതന്നെ. ഇല്ലാത്ത ഒരു മനുഷ്യനെ നിങ്ങൾ എങ്ങനെ വിവാഹം കഴിക്കാനാണു്?

വിവാഹിതകൾ - നിങ്ങളുടെ ഭർത്താവു് വെപ്പാട്ടിയാക്കിയിട്ടുള്ള സ്ത്രീ പാർട്ടിമെമ്പറല്ല. രണ്ടു കുട്ടികൾക്കിടവരുത്തിയ, പത്തുകൊല്ലം നീണ്ടുനിന്ന ഒരു പ്രണയത്തിന്നു്, വേണ്ടുന്ന ഒഴിവുസമയം, പാർട്ടിമെമ്പറായിരുന്നുവെങ്കിൽ, അവൾക്കുണ്ടാകുമായിരുന്നില്ല. അവൾ

പാർട്ടിയിൽച്ചേർന്നു്, അണികൾക്കു കരുത്തുകൂട്ടി, നിങ്ങളുടെ ഭർത്താവുമായുള്ള ബന്ധം ഒരു കുടുംബകാര്യമായി മാറണം* എന്നു ആവശ്യപ്പെടലാണു് നിങ്ങൾ ശരിക്കു ചെയ്യേണ്ട കൃത്യം.

പുരുഷന്മാർ - ഒരാൾ പാർട്ടിമെമ്പറാണെങ്കിലും അല്ലെങ്കിലും അയാളുടെ അന്തിമാഭിലാഷം പരിപാവനമായി കരുതപ്പെടണം. നിങ്ങളുടെ ചങ്ങാതിയുടെ നിര്യാണവാർത്ത കേൾക്കാൻ ഇടയാകുന്ന ആ നിമിഷം, ആ ദ്വേഹം ആശിച്ചിരുന്നവിധംതന്നെ, ആ ബ്ലൂപ്രിൻറുകൾ നിങ്ങൾ രാജ്യരക്ഷാമന്ത്രിക്കു അയച്ചുകൊടുക്കണം. മേൽവിലാസം, ''റെഡ്സ്റ്റാർ, മോസ്കോ, യു. എസ്. എസ്. ആർ.'', എന്നാണു്. കവർ റജിസ്റ്റാക്കാൻ മറക്കുകയും അരുതു്.

---

* കമ്യൂണിസ്റ്റുപാർട്ടി എന്നുവെച്ചാൽ സുഖമായ ഒരു വലിയ കുടുംബമാണു്.

പാഠം ആറ്

മാതൃകാരാജ്യതന്ത്രജ്ഞൻ


മാതൃകാരാജ്യതന്ത്രജ്ഞനെന്ന പദത്തിന്റെ രണ്ടു നിർവ്വചനങ്ങളാണ് ഉണ്ടു്; വിദ്യാർത്ഥികൾ രണ്ടും പഠിച്ചേ പറ്റൂ.

ആദ്യത്തേതു് ലഘുവാണു്, ഓർമ്മവയ്ക്കാൻ എളുപ്പവുമാണു്. "മാതൃകാരാജ്യതന്ത്രജ്ഞൻ കമ്യൂണിസ്റ്റുകാരനായിരിക്കണം. എന്തുകൊണ്ടെന്നാൽ, കമ്യൂണിസ്റ്റല്ലാത്ത ഒരു രാജ്യതന്ത്രജ്ഞനും ഒരുടേയും മാതൃകയായിരിക്കാൻ ആവില്ല."

ഇഷ്ടംപോലെ വളയാനുള്ള കഴിവുണ്ടായിരിക്കണം അയാൾക്കു്. മൊളോട്ടോവിനെ സോവിയറ്റ് യൂണിയനിൽ ഒരുദ്ദം ഇന്നു രാജ്യതന്ത്രജ്ഞനായി പരിഗണിക്കുന്നില്ല. അദ്ദേഹത്തിനു വളയാനോ പിരിയാനോ കഴിഞ്ഞിരുന്നില്ലെന്നതാണു കാരണം. അനേകമനേകം വർഷങ്ങളായി, സാർവ്വദേശികസമ്മേളനങ്ങളിൽ "നേതു" (ഇല്ലാ, അല്ല) എന്ന ഒരേ ഒരു മറുപടിയേ അദ്ദേഹം പറയാറുള്ളൂ. ഒരു യഥാർത്ഥ രാജ്യതന്ത്രജ്ഞൻ വിഭിന്നങ്ങളായ സ്ഥിതിഗതികളിൽ സ്വയം പൊരുത്തപ്പെടുകതന്നെ വേണം. ഒരിക്കൽ പറഞ്ഞതു് രണ്ടാമതൊരിക്കൽ ആവർത്തിക്കുകയും അരുതു്.

നിരായുധീകരണസമ്മേളനത്തിന്റെ 16282-ാമത്തെ യോഗത്തിൽവച്ചു് ഇതിനു് ഒന്നാംതരം ഉദാഹര

ണം ഉണ്ടായി. ജർമ്മനിയുടെ ഏകീകരണം സംബന്ധിച്ച ചർച്ചയ്ക്കിടയിൽ, ബുദ്ധിശാലിയായ സോവിയറ്റ് പ്രതിനിധി, ബുദ്ധിപൂർവ്വമായി ഇങ്ങനെ സംസാരിച്ചു:-



അവന്റെ യജമാനന്റെ സ്വരം

"സോവിയറ്റ് യൂണിയൻ സമാധാനത്തിന്റെ ആത്മാർത്ഥസംരക്ഷകനും, മർദ്ദിതരാഷ്ട്രങ്ങളുടെ പരിത്രാതാവുമാണ്. എന്നാൽ പാശ്ചാത്യലോകമാകട്ടെ, യുദ്ധത്തിന്നാണ കൊതിക്കുന്നത്." പിന്നീട് ഇതേ സമ്മേളനത്തിൽ വച്ചുതന്നെ, അണുപായുധങ്ങൾ നിരോധിക്കണമെന്ന അമേരിക്കൻ പ്രതിനിധി വാദിച്ചപ്പോൾ, ആശ്ചര്യകരമായ മനസ്സാന്നിധ്യത്തോടുകൂടി സോവിയറ്റ് പ്രതിനിധി ഇടയ്ക്കുകയറിപ്പറയുകയുണ്ടായി, "സോവിയറ്റ് യൂണിയൻ സമാധാനത്തിന്റെ ആത്മാർത്ഥസംരക്ഷകനും, മർദ്ദിതരാഷ്ട്രങ്ങളുടെ പരിത്രാതാവുമാണ്; എന്നാൽ" ഇ

ത്യാദി. ഇങ്ങനെയാണ് അവസരത്തിന്നൊത്തതും നിത്യ നൂതനവും അചുംബിതവുമായ പ്രസ്താവന.

ഇനിയും എത്രയോ ഉദാഹരണങ്ങൾ, ഐ. രാ. സ. യോഗങ്ങളിൽവച്ച് റഷ്യൻപ്രതിനിധി ചെയ്യുന്ന പ്രസംഗങ്ങളിൽനിന്നു ഉദ്ധരിക്കാം. ബൊളീവിയയുടെയും പരാഗ്വെയുടേയും അതിർത്തികളിലെ യുദ്ധത്തെപ്പറ്റിയുള്ള ചർച്ചയ്ക്കിടയിൽ അദ്ദേഹം ആവശ്യപ്പെട്ടതു: "രണ്ടു രാജ്യങ്ങളിലേയും ഭടന്മാർ ഒരു കാര്യം ശരിക്കു മനസ്സിലാക്കണം— സോവിയറ് യൂണിയൻ സമാധാനത്തിന്റെ ആത്മാർത്ഥസംരക്ഷണം..." ഇത്യാദി. ഇസ്രായേലും ഈജിപ്തും തമ്മിലുള്ള ഏറ്റവുമൊട്ടലുകൾ ആയാലും, "സോവിയറ് യൂണിയൻ സമാധാനത്തിന്റെ" എന്നു തുടങ്ങുന്ന പ്രസ്താവാഹ്വം വിധി ഉന്നയിക്കപ്പെടാതിരിക്കില്ല.

അയാൾക്കു നമ്മെബോധം ഉണ്ടായിരിക്കണം- ചിരിക്കാൻ ജനങ്ങൾക്കു ഇഷ്ടമാണെന്നു മാത്രകാകമ്മ്: രാജ്യതന്ത്രജ്ഞന്മാർക്കു നന്നായറിയാം. അതിനാൽ അവർ തങ്ങളുടെ പ്രസംഗത്തിൽ ഫലിതവും തമാശകളും ധാരാളം ചേർക്കാൻ നിഷ്കർഷിക്കാറുണ്ട്. ഒരുദാഹരണം: ക്രൂഷ്ചേവ് ആദ്യമായി ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ട അവസരം. ഹംഗറിയുടെ അതിർത്തികൾ ആക്രമിച്ചുകയറി തങ്ങൾ ഹംഗറിയെ വിമോചിപ്പിക്കുകയുണ്ടായെന്നും, റഷ്യൻടാങ്കുകളില്ലായിരുന്നുവെങ്കിൽത്തന്നെ വമ്പിച്ച ഭൂരിപക്ഷത്തോടെ കാദറെ തെരഞ്ഞെടുക്കുമായിരുന്നുവെന്നും, പ്രാകൃതവന്ന ഹാസ്യനടന്റെ മാതൃക

സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞപ്പോൾ, സദസ്യർ ചിരിച്ചു ചിരിച്ചു മണ്ണുകപ്പിക്കളഞ്ഞു! തങ്ങളുടെ പൈതൃകന്മാർ സോഷ്യലിസത്തിലായിരിക്കും ജീവിക്കുക എന്ന് ക്രൂഷേവ് അവരോട് ആണയിട്ടു പറഞ്ഞപ്പോഴും അവർ ചിരിച്ചു ചിരിച്ചു കിടന്നുരുളുകയുണ്ടായി. ഒരു ഹാസ്യനടനെന്ന നിലയിൽ ക്രൂഷേവ് മഹാവിജയമാണെന്നു വ്യക്തമായിരിക്കുന്നു. കൃഷിയിടങ്ങളിൽ നടത്തുന്ന കൃഷികളെയും പാർട്ടി സിക്രട്ടറിമാരെയും ക്രൂടക്കൂടെ മാറ്റുകയെന്ന പ്രസിദ്ധമായ കമ്യൂണിസ്റ്റ് നയമനുസരിച്ച്, അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു എന്നെന്നേയ്ക്കുമായി നീക്കിക്കഴിയുമ്പോൾ, അദ്ദേഹത്തിനു ലാസ്‌വേഗാസിൽ പ്രത്യക്ഷപ്പെട്ട് പ്രതിവാരടെലിവിഷൻപരിപാടി നടത്തുന്നതിനു തയ്യാറാകാൻ അശേഷം ഞെരുക്കമുണ്ടാവില്ല.

അയാൾ കരുത്തനായിരിക്കണം - (താൻ നിയമിച്ച) രഹസ്യപ്പോലീസ് തലവൻ, തന്നെ അറസ്റ്റ് ചെയ്യാനായി പാതിരായ്ക്കു തന്റെ മുറിയിൽ പെട്ടെന്നു കയറിവരുമ്പോൾ മാതൃകാ(കമ്യൂണിസ്റ്റ്)രാജ്യതന്ത്രജ്ഞൻ ഒരിക്കലും പൊട്ടിക്കരയുകയോ, മുട്ടുകുത്തി അപേക്ഷിക്കുകയോ അല്ല ചെയ്യുക. നേരെ മറിച്ച്, ഈ രഹസ്യപ്പോലീസ് നേതാവും ഏറെ താമസിയാതെ തന്റെ ജയിലറയിൽത്തന്നെ വന്നുചേരുമെന്നും, അവിടെവെച്ച് തങ്ങൾക്കു ഉള്ളുതുറന്ന സംസാരിക്കാമെന്നും ഓർത്ത് സന്തോഷിക്കുകയാണ് ഉണ്ടാവുക.

അയാൾ സംസ്കാരസമ്പന്നനാകണം - ഇതിനെക്കു

റിച്ചു് വിസ്തരിക്കേണ്ടതില്ല. മാതൃകാ(കമ്യൂണിസ്റ്റ്)രാജ്യതന്ത്രജ്ഞൻ ഒരിയ്ക്കലെങ്കിലും തന്റെ പ്രതിഭാപ്രകാശം ഒളിച്ചുവയ്ക്കാറില്ല. നേരെമറിച്ചു്, ആ പ്രകാശം പങ്കിട്ടെടുക്കുന്നതിനു്, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെക്കൂടി അനുവദിക്കുകയേ പതിവുള്ളൂ. ക്രൂഷ്ചേവിനെത്തന്നെ ഉദാഹരണമായെടുക്കാം. "നാം ഒരേ ഗൃഹത്തിലാണു് നിവസിക്കുന്നതു്" എന്ന അദ്ദേഹം തന്റെ പ്രസംഗങ്ങളിൽ ആവത്തിച്ചാവത്തിച്ചു പറയാറുണ്ടു്. തന്റെ അപാരമായ പാണ്ഡിത്യത്തെ ആഭരിയ്ക്കാൻ അദ്ദേഹം അനുവഴി ലോകത്തെ അനുവദിച്ചിരിക്കുന്നു. ഭൂമി ഒരു ഗൃഹമാണു് എന്ന കാര്യം അദ്ദേഹത്തിനു് അറിയാം!

അയാം സുന്ദരനാകണം- സുമുഖനാകാൻ നോക്കണമെന്നതു് പാശ്ചാത്യരാജ്യതന്ത്രജ്ഞന്മാക്കു മാത്രമുള്ള പ്രശ്നമാണു്. സോവിയറ്റു് യൂണിയനിലും, അവർ കീഴടക്കി സുഖമാക്കിയിട്ടുള്ള സാമന്തരാജ്യങ്ങളിലും പുറപ്പെടുവിച്ച ഒരു 'ഡിക്രീ' പ്രകാരം, ഇപ്പോൾ തടവിൽ കിടക്കുകയോ നാടുകടത്തപ്പെടുകയോ ചെയ്യാത്ത എല്ലാ രാജ്യതന്ത്രജ്ഞന്മാരും 'എക്സ്ട്രാ ഒഫീഷ്യോ' സുന്ദരന്മാരാണു്. ഈ കല്പന അനുസരിക്കാത്തവരെയെല്ലാം തടവിലാക്കുകയോ നാടുകടത്തുകയോ ചെയ്യും.

അയാം കുട്ടികളെ ഇഷ്ടപ്പെടണം- അഴകുള്ള ഒരു പൈതലിനെ വാരി മുകരുകയോ / ഉമ്മവെയ്ക്കുകയോ / എടുത്തു പൊക്കുകയോ / തലോടുകയോ ചെയ്യുന്ന* ഒരു മാതൃകാരാജ്യതന്ത്രജ്ഞന്റെ ചിത്രത്തേക്കാൾ സുന്ദരമോ

* ഇണങ്ങാത്ത വാക്കുകൾ വെട്ടിക്കളയുക.

മഹനീയമോ, ആവേശകരമോ ആയ മറെറാരു കാഴ്ചയി ല്ല: ഇത്തരം മനുഷ്യർ—ഇക്കഴിഞ്ഞ 25 വർഷത്തിനിട ക്കു് എടുത്തിട്ടുള്ള ഹിറ്റ്ലർ, മുസ്സാളിനി, സ്റ്റാലിൻ, ക്രൂഷ്ചേവു് എന്നിവരുടെ ചിത്രങ്ങൾ നോക്കുക—തീവ്ര യായും ശാന്തരും, ദയാമയരും സമാധാനപ്രേമികളും ആയിരിക്കണം.

അയാൾ തടിച്ച 'മന്ത'നായിരിക്കണം— ലോക ത്തിലെ മഹാന്മാരായ രാജ്യതന്ത്രജ്ഞന്മാരെല്ലാം തടി ച്ച 'മന്ത'ന്മാരാണു്. സ്റ്റാലിൻ ഒരു 'ഹിഡുംബ'നായിരു ന്നു. ക്രൂഷ്ചേവും ബുൾഗാനിനും അങ്ങനെതന്നെ.

ബുൾഗാനിൻ തടിയനോ മന്തനോ അല്ല എന്നു പ റഞ്ഞു് ആരാനും എതിർക്കാൻ ഭാവമുണ്ടെങ്കിൽ, അവ രോടു് ഒന്നേ പറയാനുള്ളൂ — അദ്ദേഹം മഹാനായ ഒരു രാജ്യതന്ത്രജ്ഞനാണെന്നു ആരും പറഞ്ഞിട്ടില്ല!

ഗുണപാഠം

കമ്യൂണിസത്തിന്റെ അഞ്ചു വിശ്വാസപ്രമാണ ങ്ങളും എപ്പോഴും ഉരുവിട്ടു പഠിച്ചിരിക്കണം.

I നീ കക്കരുതു്—നിന്നെ പിടിക്കുവാൻ ഇടയുണ്ടെ ങ്കിൽ.

II നീ കൊല്ലരുതു്—വിലപിടിച്ച എന്തെങ്കിലും, ശവത്തിന്മേൽ ബാക്കിവെച്ചിട്ടില്ലെന്നു് നല്ലപോലെ നോക്കി തിട്ടപ്പെട്ടതാതെ.

III നീ വ്യഭിചരിക്കരുതു്— പാർട്ടിപ്രവർത്തനത്തി ന്നുള്ള വിലപിടിച്ച സമയം അതു് അപഹരിക്കുന്നുവെ

ന്നതുകൊണ്ടു്.

IV നീ നിന്റെ അയൽക്കാരന്റെ വീടോ മുതലുകളോ കൊതിക്കരുതു്. നീ അവയ്ക്കായി കൊതിക്കുന്നതു് വെറുതെയാണു്. ആദ്യം കിട്ടുന്ന ഉചിതസന്ദർഭത്തിൽത്തന്നെ പാർട്ടി അവ തട്ടിയെടുത്തുകളയും.

V നിന്റെ അയൽക്കാരന്റെ ഭാര്യയെ നീ മോഹിക്കരുതു്—അവൾ നിന്നെ അതുപടി വിശ്വസിച്ചേക്കും.

പാഠം ഏഴ്

എതിർനടപടികൾ

"ഒരു റാത്തൽ കാപ്പിപ്പൊടി, ഒരു മൂട്ട, വൻറൊട്ടി, ഒരു കുപ്പി ഓറഞ്ച്ജ്യൂസ്,"—നിങ്ങൾക്കിഷ്ടപ്പെട്ട 'ബ്രാൻഡു'കൾ പറഞ്ഞു് നിങ്ങൾ പീടികയിൽ ചെന്നാവശ്യപ്പെട്ടന്നു. നിങ്ങൾ ചോദിച്ച സാധനങ്ങൾ പീടികക്കാരൻ എടുത്തുതരുന്നു, ബില്ലെഴുതുന്നു, അയാൾവശമോ കാഷിയറുടെ കൈയിലോ പണംകൊടുത്തു് നിങ്ങൾ സാധനങ്ങൾ എടുത്തു മടങ്ങുന്നു.

സാമാനംവാങ്ങൽ ഇതിലും എത്ര വേഗത്തിലും എളുപ്പത്തിലും നടത്താം! പക്ഷെ നിങ്ങൾ അതറിയുന്നില്ല.

അതേ—ബുദ്ധിയുള്ള വിദ്യാർത്ഥികൾ ഇതിനകം ഊഹിച്ചുകഴിഞ്ഞിരിക്കണം. കമ്മ്യൂണിസ്റ്റു് ഷോപ്പിങ്ങ് രീതിമുഖേന ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റിക്കൊടുക്കാനായി ലോകത്തിലെങ്ങുമുള്ള കച്ചവടം യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർ സംഘടിപ്പിക്കണമെന്നു മാത്രം.

പീടികയിൽ പോയിട്ടാണു ജനങ്ങൾ സാമാനം വാങ്ങുന്നതെന്ന തത്വം ആദ്യമായി മനസ്സിലാക്കിയതു് ലെനിൻ ആണു്. ഈ പ്രശ്നത്തിന്റെ നേർക്കു് ആദ്യമായി തന്റെ മാർക്സിസ്റ്റ്വീക്ഷണം പായിച്ചതും, അതിനു മുമ്പു് പതിനായിരക്കണക്കിനു ജനങ്ങൾ പരിശ്രമിച്ചിട്ടും

ഫലിക്കാതിരിക്കെ ഒരു മഹാകാര്യം കണ്ടുപിടിച്ചതും, അദ്ദേഹമാണു്; കൂപ്പിയുടെ അടപ്പൊട്ടക്കുവാനുള്ള ഒരു കോർക്കു്സ്ക്രൂ വേണമെങ്കിൽ നിങ്ങൾ പോവുക ഒരു മൈരിപ്പുകടയിലേയ്ക്കല്ല, അതുപോലെ ഒരു ജോടി മൈരിപ്പു വാങ്ങാനായി നിങ്ങൾ പോവുക ഇരിമ്പുകടയിലേയ്ക്കല്ല, എന്ന ഉജ്ജ്വലസത്യം.

ഈ കണ്ടുപിടുത്തത്തിന്റെ അതിഭീമമായ പ്രാധാന്യം മനസ്സിലാക്കുന്നതിനു്, നിങ്ങൾ പരിശീലനം സിദ്ധിച്ച ഒരു മാർക്സിസ്റ്റു് ആയ്കൊണ്ടതില്ല. അതു കണ്ടുപിടിയ്ക്കണമെങ്കിലോ ലെനിനെപ്പോലെയുള്ള ഒരാൾക്കേ കഴിയൂ— ചരിത്രത്തിനു പുതിയ രൂപം നല്കുവാനും, മനുഷ്യരാശിക്കു സുഖസമൃദ്ധികൾ കൈവരുത്തുവാനും, അതിവേഗം വളർന്നുവരുന്ന തന്റെ പുരോഗമനപരമായ പക്ഷവാതത്തിനു ചികിത്സ കണ്ടുപിടിക്കുവാനും വേണ്ടി തന്റെ ഓരോ ചിന്താശകലവും സമർപ്പിച്ചുപോന്നിരുന്ന ഒരാൾക്കു മാത്രം!

പുരോഗമനപരവും ഉൽകൃഷ്ടവുമായ സോഷ്യലിസ്റ്റു് സാമ്പത്തികവ്യവസ്ഥ ലെനിനിസ്റ്റു് സമ്പദ്വ്യവസ്ഥയുടെ മൌലികനിയമങ്ങളെ ആധാരമാക്കിയാണു് പടുത്തുയർത്തിയിട്ടുള്ളതു്. അതിന്റെ പ്രാഥമികഘടകങ്ങൾ ഈ പാഠത്തിൽനിന്നു മനസ്സിലാക്കാം.

സ്ത്രീകളുടെ ഉടുപുടവകൾ വില്ക്കുന്ന ഒരു കടയിലേയ്ക്കു്, മി: സ്റ്റോൺ, മിസിസു് സ്റ്റോൺ എന്നീ ദമ്പതികൾ, വഷളായ പശ്ചാത്യരീതിയനുസരിച്ചു്, തങ്ങളുടെ മകളെ അനുഗമിക്കുന്നു. ഇവർ വന്നിരിക്കുന്നതു് കു

ളിമുറിയിൽ വെള്ളം നിറയ്ക്കാനുള്ള തൊട്ടിവാങ്ങാനായി ട്ടല്ല, പുൽത്തകിടി അരിഞ്ഞുനിരപ്പാക്കാനുള്ള ഒരു സ ായം പ്രവർത്തനയന്ത്രം വാങ്ങാനുമല്ല, നേരെമറിച്ച്, സ്ത്രീ കളുടെ എന്തോ ഉട്ടുപുടവ മേടിയ്ക്കാനാണ് എന്ന ഉടന ടി പറയാൻ ഷാറ്റ്പ് അസിസ്റ്റൻറിനു കഴിയും— കാര ണം, പരിശീലനം സിദ്ധിച്ച ഒരു മാർക്സിസ്റ്റ് ആണ് അവൾ; ലെനിൻസാഹിത്യം വായിച്ചിട്ടുള്ളവളാണ്.

ആ 'സീസ'ണിലെ ബോൾ ഡാൻസിനു പോ കാൻ താനുദ്ദേശിക്കുന്നതായി മിസ് സ്റ്റോൺ വെളിപ്പെ ടുത്തുന്നു. അതിനു പറ്റിയതരത്തിലുള്ള വിശേഷപ്പെട്ട ഈവനിങ്ങ് ഗൌൺ അവൾക്കു വേണം.

"നിങ്ങൾ ഉള്ളിൽ കരുതിയതു് ഏതു തരമാണ്?" എന്ന പീടികക്കാരി അന്വേഷിക്കുന്നു.

"ഏതെങ്കിലും നല്ല ചന്തമുള്ള ഒന്ന്" എന്നു അ വൾ മറുപടി നൽകുന്നു. അവൾക്കു നന്നെ ചെറുപ്പമാ ണ്; അതുകൊണ്ട് അവൾ തെല്ലൊരു നാണം കുണുങ്ങു കയും ചെയ്യുന്നു.

"ഭംഗിയും ചെറുപ്പവും തുളുമ്പുന്ന ഒന്ന്" എന്നു മി സിസ് സ്റ്റോൺ വിശദീകരിക്കുന്നു— അവൾക്കു കുറച്ചു പ്രായം കൂട്ടമല്ലോ (തനിക്കും പിന്നീട് എന്തോ വാങ്ങ ണമെന്നു അവൾക്കു വിചാരമുണ്ട്.)

"വലിയ വിലയാകാത്ത ഒന്ന്"— മിസ്റ്റർ സ്റ്റോൺ ആണ് അതു പറഞ്ഞതു്. കാരണം പണം കൊടുക്കേ ണ്ടതു് അയാളാണല്ലോ.

ആകെയുള്ള 74 ദിനസുകളിൽ അഞ്ചുതരം എട്ട

ത്തു പീടികജോലിക്കാരി കൌണ്ടറിൽ നിവത്തുന്നു. എന്നിട്ടാണു് സംസാരം തുടങ്ങുക. മഞ്ഞയായാൽ മിസ് സ്റ്റോൺ വിളത്തിരിക്കും; ചുമപ്പായാൽ, വില കേൾക്കുമ്പോൾ അമ്പരം വിളറും. വയലറവും പച്ചയും ചേർന്ന പൂക്കളുടെ ഡിസൈൻള്ളതു വല്ലാതിരിക്കും; തവിട്ടുനിറത്തിൽ കറുത്ത വരകളുള്ളതായാൽ പ്രായക്കൂടുതൽ തോന്നിക്കും. ബ്രോക്കേഡ് വല്ലാതെ മോടിയാവും. സിൽക്കായാലോ കൂടുതൽ സിൽക്കിയും. ഇളം പച്ചയാണെങ്കിൽ പാറേറൺ ഇല്ലാത്തപക്ഷം ജോറായിരിക്കും—കടും പച്ചയോ, എന്തെങ്കിലും പാറേറണോടു കൂടിയും.

ആ സമരം അങ്ങനെ ഏതാണ്ടും മണിക്കൂറുകൾ നീണ്ടുനില്ക്കും. അപ്പോഴേക്കും 74 ദിനുസും മേശപ്പുറത്തും കസാലകളിലും, നിലത്തുമായി നീത്തിയിട്ടു കഴിഞ്ഞിരിക്കും. ജോലിക്കാരി അപ്പോഴാണു പറയുക: "ക്ഷമിയ്ക്കണം; ഇവിടെ ഇനി വേറെ ദിനുസില്ല." എന്നിട്ട്, ആദ്യമാദ്യം അത്രയൊന്നും പററാത്ത ഏതെങ്കിലും സൈസ്തന്നെ വീണ്ടും നോക്കാൻ തുടങ്ങുകയായി.

പക്ഷെ ഇക്കുറി കുറച്ചു വ്യത്യാസമുണ്ട്. മി: സ്റ്റോണിന്റെ മുഖം കുറെ ചെമന്നുകഴിഞ്ഞിരിക്കുന്നു; ഞരമ്പുകൾ തടിച്ചും. മിസ് സ്റ്റോൺ ആകട്ടെ, ആകെ തളർന്നു വിളറിയിട്ടുണ്ട്. പീടികയിൽ വന്നു കയറിയിട്ടു മണിക്കൂർ അഞ്ചായി. ഈ നേരംകൊണ്ടു് മിസ് സ്റ്റോണിനു വേണമെങ്കിൽ സുന്ദരനായ ഒരു യുവാവുമായി പരിചയപ്പെടുവാൻ കഴിയുമായിരുന്നു; അയാൾ ഒരുപക്ഷെ അവളോടു് വിവാഹാർത്ഥന ചെയ്യുകഴിഞ്ഞിരി

ക്കുമായിരുന്നു; വിവാഹം നടത്താനായി അവക്കിരുവക്കും ക്രൂടി സ്കോട്ട്ലണ്ടിലേക്കു പറക്കാമായിരുന്നു; റജിസ്ട്രാരുടെ ആഫീസിൽപോയി വിവാഹം കഴിച്ചു് കുടുംബമായി ജീവിച്ചു തുടങ്ങാമായിരുന്നു. അല്ലെങ്കിൽ സൗസജ്ജമായ ഒരു വീടു് വാടകയ്ക്കെടുക്കുകയെങ്കിലും ചെയ്യാമായിരുന്നു. എന്നാൽ ഇതൊന്നുംതന്നെ ഉണ്ടായില്ല. അതിനുപകരം ഈ സമയമത്രയും പീടികയിൽ കഴിച്ചു കൂട്ടി തങ്ങളുടെ ഓജസ്സു് മുഴുവൻ പാഴാക്കുകയാണു് ചെയ്തതു്.

എന്തുകൊണ്ടു്?

കാരണം വ്യക്തം. 74 ദിനസുകൾ അവിടെ ഉണ്ടായതുതന്നെ—ഉപഭോക്താക്കളുടെ നേർക്കു മുതലാളിത്ത വ്യാപാരികൾ യാതൊരു പരിഗണനയും കാണിക്കാത്തതുകൊണ്ടുതന്നെ.

നേരെമറിച്ചു സ്റ്റോൺകുടുംബക്കാർ നേരെ പീടികയിൽ ചെന്നുകയറി ഈവനിങ്ങു് ഡ്രെസ്സിനുള്ള എന്തെങ്കിലും തുണിത്തരത്തിനു ആവശ്യപ്പെട്ടുകയും, ജോലിക്കാരി കൊണ്ടുവന്നുവെച്ച വയലറ്റ്-മഞ്ഞ സാധനം നോക്കുകയും ആയിരുന്നുവെങ്കിലോ? എത്ര എളുപ്പത്തിലുള്ള പണി!

"ഇളം ചുവപ്പുനിറത്തിലുള്ള ഒന്നു തരാമോ", എന്നു മിസ്സ് സ്റ്റോൺ ചോദിക്കുന്നു.

"അങ്ങനെ ഒന്നു ഇവിടെ ഇല്ലല്ലൊ."

"എന്നാൽ ഇളം നീലനിറത്തിൽ, പാറ്റേൺ ഒന്നുമില്ലാത്ത, എന്തെങ്കിലും പ്ലെയിൻ."

''ഇല്ല.''

"അതെ, വേറെ എന്തു തരമുണ്ട്?''

"നെയ്ത്തുമില്ലുകളിൽ ഇങ്ങനെ ഒരു തരമേ ഇപ്പോഴും ഉണ്ടാക്കുന്നുള്ളൂ. അടുത്ത കൊല്ലത്തേക്കു പ്ലെയിൻ കറുപ്പുണ്ടാക്കുവാൻ അവർ പ്ലാനിടുന്നുണ്ടെന്നു തോന്നുന്നു. പന്ത്രണ്ടുമാസം കഴിഞ്ഞു നിങ്ങൾക്കു വീണ്ടും ഒന്നു വരരുതോ?"

അതിവിശിഷ്ടമായ ഈ രീതിയിൽ എന്തുമാത്രം സമയം ലാഭിക്കാം! എന്തുമാത്രം അദ്ധ്വാനം ലാഭിക്കാം!

ഇതിലും വേഗം ക്രൂടിയ, ഇതിലും മികച്ച, മറെറാരു രീതിക്രൂടിയുണ്ട്.

സ്റ്റോൺകുടുംബം പീടികയിൽക്കയറിച്ചെല്ലുന്നു. ഷാപ്പുവേലക്കാരിയുമായി ഇങ്ങനെ സംഭാഷണം നടക്കുന്നു:-

"ഈവനിങ്ങ് ഗൌണിനു പററിയ എന്തെങ്കിലും ദിനുസു കണ്ടാൽ കൊള്ളാമെന്നുണ്ട്."

"യാതൊന്നുമില്ല".

—എന്നാൽ യഥാത്ഥ കമ്മ്യണിസം നടത്തിപ്പാലാവുംവരെ, ഈ യൂട്ടോപ്യൻ പ്രതിവിധി, ദുർഭാഗ്യവശാൽ സാദ്ധ്യമല്ലെന്നാണ് സ്ഥിതി.

'ഉപഭോക്തൃ- നിർമ്മാണ- പ്രശ്ന'ത്തിൽ സാമാനം പാക്കുചെയ്യൽ പ്രധാനമായ ഒന്നാണ്. പലപല കമ്മ്യണിസ്റ്റ് രീതികളും ഉള്ളതിൽ ഒന്നിന്റെ ഉദാഹരണം വേണമെങ്കിൽ ഹംഗറിയിൽ കാണാം.

ഭക്ഷണപദാത്ഥങ്ങൾ ടിന്നുകളിലോ ക്യാനുകളി

ലോ ആക്കി, ഏറെ കാലത്തേക്കു പുതുമ പോകാതെയും ഭക്ഷണയോഗ്യമാക്കിയും വയ്ക്കുന്ന രീതി പിന്തിരിപ്പൻ രാജ്യങ്ങളിലുണ്ട്. എന്നാൽ കമ്യൂ: നാട്ടുകളിൽ എത്രയോ പുരോഗമിച്ച രീതിയാണ്. ടിന്നിലാക്കിയ ഭക്ഷണപദാർത്ഥങ്ങൾ അവിടെ കൂപ്പികളിലാണ് വരിക. നീണ്ടുനീണ്ട മൂന്നോ നാലോ ആഴ്ചവരെ ഇവ സൂക്ഷിക്കാൻ ഈ രീതി ഉപകരിക്കുന്നു. മാത്രമല്ല, അപ്പോഴേക്കും അതു കേടുവന്നുകഴിഞ്ഞിരിക്കുന്നതായി, അനായാസേനകാണാനും ഇതു സഹായിക്കും. കൂപ്പി ഉപയോഗിക്കുവാനുള്ള ഏക ഹേതു ഇതത്രേ. ടിന്നുകളും ക്യാനുകളും ഉണ്ടാക്കുന്നതിനുള്ള അസംസ്കൃതവസ്തുക്കൾ, സുഹൃത്തും സഹായിയുമായ റഷ്യ ഹംഗറിക്കു നിഷേധിക്കുന്നുവെന്ന കാര്യം അത്ര പ്രസക്തമല്ലതന്നെ.

ഒരു ഹംഗറിക്കാരൻ തന്റെ അനുഭവം പറഞ്ഞതു് സ്മരണീയമാണ്.

''പന്നിമാംസവും ബീൻസും ചേർത്ത ഭക്ഷണത്തെ ഞാൻ വളരെ ഇഷ്ടപ്പെടുന്നു. അതിനാൽ ഇയ്യിടെ ഒരു ദിവസം ഞാൻ ഒരു ഷാപ്പിൽച്ചെന്നു, ഒരു ടിൻ അല്ല; ഒരു ക്യാൻ തരാൻ ആവശ്യപ്പെട്ടു. അതുവാങ്ങി വീട്ടിൽ കൊണ്ടുപോയി ഒരു കോരികയിലൊഴിച്ചു. ഉപ്പിലിട്ട കാബേജ് ആയിരുന്നു അതു''! വിശപ്പു കഠിനമായി ഉണ്ടായിരുന്നതിനാൽ അതങ്ങു ഭക്ഷിക്കുകയുംചെയ്തു.

പന്നിമാംസവും ബീൻസും വളരെ ഇഷ്ടമായിരുന്നതിനാൽ, അടുത്തദിവസം, വീണ്ടും ആ ഷാപ്പിൽ ചെന്നു. കൂപ്പികളുടെ ലേബലുകൾ, ഒരുപക്ഷെ, ഫാക്ട

റിയിൽവച്ച് അന്യോന്യം മാറിയതാകാം എന്നായിരുന്നു ഞാൻ സ്വയം സമാധാനിച്ചിരുന്നതു്. പന്നിമാംസത്തിന്റെ കൂപ്പികളിന്മേലെല്ലാം കാബേജിന്റെ ലേബലുകൾ ഒട്ടിച്ചുപോയിരിക്കാനാണു് വഴി എന്നുള്ളതു കൊണ്ടു്, ഇത്തവണ ഞാൻ ഉപ്പിലിട്ട കാബേജാണു് ആവശ്യപ്പെട്ടതു്. ഒരു കൂപ്പി വാങ്ങി വീട്ടിൽ കൊണ്ടുപോയി കോരികയിൽ ഒഴിച്ചുനോക്കി—ഉപ്പിലിട്ട കാബേജായിരുന്നു അതു്.

പന്നിമാംസവും ബീൻസും ഞാൻ ആരാധിക്കുന്നുവെന്നു് പറഞ്ഞുവല്ലൊ. അതിനാൽ മൂന്നാം ദിവസവും ഞാൻ ഷാപ്പിലെത്തി. വെറും യുക്തിവാദംകൊണ്ടു പ്രയോജനമൊന്നുമില്ലെന്നു ഇതിന്നകം ഞാൻ ധരിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ടു്, ഭക്ഷണയോഗ്യമായ എന്തെങ്കിലും ഒന്നിന്റെ—അതെന്തായാലും വേണ്ടില്ല—ഒരു ഭരണി തരാനാണു് ആവശ്യപ്പെട്ടതു്.

അയാൾ ഭരണി എഴുത്തു പൊതിഞ്ഞുതന്നു. ഞാൻ അതു വീട്ടിൽ കൊണ്ടുപോയി; പൊതിഞ്ഞ കടലാസെല്ലാം വലിച്ചുകളഞ്ഞു ലേബൽ നോക്കി. ഉപ്പിലിട്ട കാബേജ് എന്നാണു അതിൽ എഴുതിയിരുന്നതു്. ദ്വേഷ്യംകൊണ്ടു ഞാൻ മതിമറന്നു; ആ ഭരണിയെടുത്തു നിലത്ത് ഒരേറുകൊടുത്തു. അതു തകർന്തരിപ്പണമായി. അടുക്കളയാകെ കിടന്നുവട്ടം കറങ്ങുന്നുണ്ടെന്നു് എനിക്കു തോന്നി— അതു പന്നിയിറച്ചിയും ബീൻസും ആയിരുന്നു!"

ഈ ഉദാഹരണം പലതിലൊന്നു മാത്രമാണു്. മാർ

ക്ലിസ്റ്റ്- ലെനിനിസ്റ്റ്- പാക്കിങ്ങ് ടെക്നിക്കുകളുടെ സവ്വാതിശായിത്വം തെളിയിക്കുന്ന പല ദൃഷ്ടാന്തങ്ങളും നല്കാൻ, മാതൃകാപരമായ കമ്യൂണിസ്റ്റ് വ്യവസായത്തിന്നും കമ്യ: വ്യാപരത്തിനുംക്രുടി കഴിയുമെന്ന വിദ്യാത്ഥികൾക്ക് എങ്ങനേയും ഉറപ്പിക്കാം.

മാർക്സ് ഏറവും ശരിയായി പറഞ്ഞതുപോലെ പീടികജോലിക്കാർ ഉപഭോക്താക്കളെ സഹായിക്കാനുള്ളവരാണു്. പക്ഷേ അവർ വെറും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ മാത്രമാണു്. അതിനാൽ ഉപഭോക്താക്കളെ സഹായിക്കുകയെന്ന കുഴഞ്ഞുമറിഞ്ഞ ഏർപ്പാട് ഒരു കമ്മറിയെക്കൊണ്ടു ശരിയാക്കി സംഘടിപ്പിക്കുകയാണു വേണ്ടതു്.

സാമാനങ്ങൾ തൂക്കിവില്ക്കുമ്പോൾ, തുലാസ് അല്പമൊന്നു ശ്രദ്ധിച്ചു പ്രയോഗിച്ചാൽ, അത്ഭുതകരമായ പല നേട്ടങ്ങളും ഉളവാക്കാൻ കമ്യൂണിസ്റ്റ് കച്ചവടത്തിന്നു കഴിയും. പീടികക്കാക്ക് ഗുണകരമായി തുലാസൊന്നു തട്ടിവിട്ടാൽ, കമ്യ: കച്ചവടത്തിന്നും, സാമാനങ്ങൾ വാങ്ങുന്നവക്കും ഒരുപോലെ ലാഭകരമാണു്. സാമാനം കുറച്ചു കൊടുത്താൽ, ക്രുടുതൽ ഉപഭോക്താക്കൾക്കു നൽകാൻ കഴിയുമല്ലോ. അതുതന്നെയും, കനം കുറഞ്ഞ പൊതികൾ ആക്കുന്നതുകൊണ്ടു്, അവ ചുമന്നു് ഹെർണിയ പിടിക്കാനും, ഉൽപ്പാദനക്ഷമത കുറയാനും ഇടയാക്കാതെ കഴിക്കാമല്ലോ.

ദ്രവപദാത്ഥങ്ങളുടെ കാര്യത്തിലും ഇതേ കമ്യ: വാദരീതി അംഗീകരിക്കാവുന്നതാണു്. "പത ക്രുടുംതോറും

ബീർ കുറയും" എന്നാണു് (അന്നു്) മഹാനായ സ്റ്റാലിൻ പതിനാറാം പാർട്ടി കോൺഗ്രസ്സിൽ വച്ചു പറഞ്ഞതു്. അദ്ദേഹത്തിന്റെ ദീർഘദർശനപരമായ വാക്കുകൾ അനുസരിക്കുന്നതുകൊണ്ടു്, കമ്യൂ: ബീർഷാപ്പുകാക്കു ഒരു കുപ്പിക്കൊണ്ടു് ആ ഗ്ലാസു് ബീറ് ഒഴിച്ചുകൊടുക്കാൻ കഴിയും.

ലെനിനിസ്റ്റ് ധനശാസ്ത്രത്തിൽ നിഷ്ണാതരായതുകൊണ്ടു്, എല്ലാ മനുഷ്യരും തുല്യരാണു് എന്ന പ്രമാണം പ്രയോഗിക്കാൻ കമ്യൂ: പീടികജോലിക്കാക്കു നന്നായറിയാം. ആരു്, ആരോടു്, സാമാനം ആവശ്യപ്പെടുന്നു എന്നതു് അവരെ സംബന്ധിച്ചേടത്തോളം ഒരു മാറ്റവും വരുത്തുന്നില്ല. ടിന്നിലാക്കിയ (കുപ്പിയിലാക്കിയ) ഭക്ഷണപദാർത്ഥങ്ങളും, കേയ്ക്കുകളും, വെണ്ണയും, ഉപ്പിട്ടു ഉണക്കിയ മാംസവും അയയ്ക്കാൻ ആവശ്യപ്പെട്ട ഒരു ഗൃഹനായികക്കു് പീടികയിൽനിന്നു് അയച്ചു കിട്ടിയിട്ടുള്ളതു്, നിലവും തുണികളും തുടയ്ക്കാനുള്ള ബ്രഷ്ഷുകളും കീടനാശിനികളും ആണെന്നു കാണുമ്പോൾ എന്തുമാത്രം ആനന്ദമാണുണ്ടാവുക എന്നു് ആർക്കും ഊഹിക്കാമല്ലോ. മാത്രമോ? പതിവുള്ള മുഷിപ്പൻ അത്താഴം ഇതാവിളമ്പാൻ പോകുന്നു എന്നു് അതിഥികൾ കരുതിയിരിക്കുമ്പോൾ, അതിനു പകരം, ഗൃഹനായിക വന്നു് അവരുടെ തുണികൾക്കു ബ്രഷ്ഷിട്ടു് ഡിഡിടി വിതറുന്നതായി കണ്ടാൽ, കമ്യൂണിസ്റ്റ് സമ്പ്രദായം എന്തുമാത്രം മികച്ചതായിക്കഴിഞ്ഞിരിക്കുന്നുവെന്നു് മനസ്സിലാക്കി ആനന്ദിക്കാൻ സാധിക്കുമല്ലോ.

ഷാപ്പ്ജോലിക്കാർ നിശ്ചയമായും മര്യാദയുടെയും വിനയത്തിന്റേയും മാതൃകകൾ ആയിരിക്കണം. ആരെങ്കിലും ഒരാൾ സാമാനം വാങ്ങാനായി പീടികയിൽ കയറിച്ചെന്നാൽ അവർ അസാമാന്യമായ നയതന്ത്രമാണു് പ്രദർശിപ്പിക്കുക. ഏറ്റവും പുതിയ സ്പോർട്സ് ഫലത്തെപ്പറ്റി ചർച്ച ചെയ്തുകൊണ്ടു് അവർ ഇരുന്നേടത്തുതന്നെയിരിക്കും. "നിർബ്ബാധമായി സാമാനം വാങ്ങാനാണു് ആളും ഇഷ്ടപ്പെടുക" എന്നാണല്ലോ മഹാനായ സോവിയറ്റ് കവി മയക്കോവ്സ്കി തന്റെ ഒരു പ്രണയകവിതയിൽ പാടിയിട്ടുള്ളതു്— സോവിയറ്റ് കവികൾക്കാകട്ടെ ഒരിയ്ക്കലും തെറ്റു പറ്റാറുമില്ല.

ചുമയ്ക്കുകയോ, തൊണ്ട കാറിക്കുകയോ, നിലത്തു വല്ല നാണയവും ഇട്ട ശബ്ദം ഉണ്ടാക്കുകയോ മറ്റോ ചെയ്തു് അവരെ ഉപദ്രവിയ്ക്കാൻ ഉപദ്ദേശിക്കുന്നവരുടെ മുതിരുന്നപക്ഷം, അവർ ഉടനെതന്നെ, അയൽക്കാരുടെ ദാമ്പത്യത്തെയോ തങ്ങളുടെ കാമുകീകാമുകന്മാരുടെ ശാരീരികയോഗ്യതകളെയോ പറ്റി സംസാരം തിരിച്ചുവിടും.

വന്നവനെങ്ങാൻ ഈ ചർച്ചയ്ക്കു അലോസരം ഉണ്ടാക്കുന്നപക്ഷം— ഉണ്ടാക്കുന്നപക്ഷം മാത്രം— ജോലിക്കാരിൽ ഒരാൾ, കമ്യൂണിസ്റ്റ് മര്യാദയനുസരിച്ചു് ഏറ്റവും ദയാവായ്പു് കലർന്ന സ്വരത്തിൽ അന്വേഷിക്കും: "എന്തു പണ്ടാരമാണെടോ തനിക്കു വേണ്ടതു്?"

യോഗ്യതികഞ്ഞ ഇത്തരം പെരുമാറ്റരീതികൾ അല്പദിവസംകൊണ്ടൊന്നും പഠിക്കാവുന്നതല്ലല്ലോ. ചിന്നാണിയിൽ കിടക്കുന്ന രാജ്യങ്ങളെ വീണ്ടും പഠിപ്പി

ച്ചു ശരിയാക്കുക എന്ന മഹാഭാരമാണു് കമ്യൂണിസ്റ്റുകാക്കുള്ളതു്. കമ്യൂണിസത്തിന്റെ നെടുംകോട്ടയായ യു. എസ്. എസ്. ആറിൽ എന്നതുപോലെ ഉപഭോക്താക്കൾക്കു അത്യുദ്ഗമായും മര്യാദയായും സാമാനങ്ങൾ ലഭിക്കാറാകുന്ന സൌഭാഗ്യപൂർണ്ണമായ അവസ്ഥ, വാണിജ്യപരമായും സാമ്പത്തികമായും ലോകത്തിലെങ്ങും കൈവരുത്തിത്തീർക്കുന്നതുവരെ ഈ മഹാഭാരം അവരുടെ ചുമലുകളിൽ നിക്ഷിപ്തമായിരിക്കും, തീച്ച.

ഗൃഹപാഠം

ഒരു ഷാപ്പിലും ഒരു സാധനവും ഇല്ല എന്ന സോഷ്യലിസ്റ്റ് യൂട്ടോപ്യയെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചുവല്ലോ.

സാമാനങ്ങൾക്കു "വാങ്ങൽ നികുതി"യോ തത്തുല്യമായ തുകയോ മാർക്സിസ്റ്റ് സ്റ്റോറിൽ പിരിക്കാൻ ഉത്കൃന്ന വഴികൾ നിർദ്ദേശിച്ചുകൊണ്ടു്, ഏതാണ്ടു് ബുംഗാനിൻ—മാക്മില്ലൻ— ദൈർഘ്യത്തിൽ ഒരു ഉപന്യാസം എഴുതുക.

അതെഴുതുമ്പോൾ ഔദ്യോഗികമായ പ്രതിവിധി ക്രൂടി ഉൾക്കൊള്ളിച്ചിരിക്കണം. താൻ ചില ഷാപ്പുകളിൽ പോയി എത്ര പണം ചെലവാക്കാറുണ്ടെന്നു് ആൾക്കും ഏതാണ്ടറിയാമല്ലോ. ഈ പണം നേരിട്ടു ഖജനാവിലേക്കു കൊടുത്തേക്കണം. സ്ഥിരശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരാകട്ടെ, ആ തുക ശമ്പളത്തിൽ നിന്നു പിടിയ്ക്കാൻ സമ്മതിച്ചാൽ മതി.

പാഠം എട്ട്

കൂട്ടുകൃഷി

ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന്റെ ഏറ്റവും വലിയ സൌഭ്യം കിടക്കുന്നതു് കൂട്ടുജീവിതത്തിലാണു്. ഇതിന്നർത്ഥം എന്തും പങ്കിടുന്നു* പദ്ധതികളും, ആശയങ്ങളും, അഭിലാഷങ്ങളും, ഫാക്ടറികളും, ഭൂമി, ഉൽപ്പാദനോപാധികളും തുടങ്ങിയ എല്ലാം എന്നാണു്.

വ്യക്തിസ്റ്റേറ്റുകളുടെ ഭരണരീതി പോലും കൂട്ടുയോജിപ്പു് അനുസരിച്ചാണു നിശ്ചയിക്കുക. സോവിയറ്റു യൂണിയനിൽ കമ്മ്യൂണിസം ഏർപ്പെടുത്തിയിട്ടുള്ളതുതന്നെ, ഉദാഹരണം പറഞ്ഞാൽ, അവിടത്തെ 2000 ലക്ഷം ജനങ്ങളിൽ 15 ലക്ഷം പേർ കമ്മ്യൂണിസ്റ്റു് പാർട്ടി അംഗങ്ങളാണെന്നതുകൊണ്ടും, അവരെല്ലാം കൂട്ടംചേർന്നു് കമ്മ്യൂണിസ്റ്റു് രീതി സ്വീകരിച്ചിരിക്കുന്നു എന്നതുകൊണ്ടുമാണു്. കൂട്ടുസമ്പദ്വ്യവസ്ഥകൊണ്ടുള്ള മെച്ചങ്ങളും ശരിക്കു് അറിയാനാഗ്രഹിക്കുന്നവർ, ഈ തെരഞ്ഞെടുപ്പിന്റെ അത്യാവശ്യകത നന്നായി മനസ്സിലാക്കണം.

കമ്മ്യൂണിസ്റ്റല്ലാത്ത രാജ്യങ്ങളിൽ പ്രഭുക്കളും ജന്മിമാരും വ്യവസായാധിപതികളും എല്ലാം ചേർന്നു് അധീനപ്പെടുത്തുന്ന കർഷകജനതയുടെ മുഖങ്ങളും, അതിവിസ്തൃതങ്ങളായ തങ്ങളുടെ എസ്റ്റേറ്റുകളുടെ മ

---

* സ്ത്രീകളെ ഒഴിച്ചു് (ഒന്നാം പാഠം നോക്കുക).

ണ്ണിൽ അരച്ചുചേർത്തുവരുമ്പോൾ, നമുക്കു സോവിയറ്റ് കൃഷിയിലെ കൃട്ടുസുഖത്തെ, ഒന്നു പരിശോധിച്ചുനോക്കാം.

കമ്മ്യൂണിസ്റ്റുകാർ ഏറെറടുക്കുമ്പോൾ, ഭൂമി മുഴുവനും ഉടനടി ദേശസാൽക്കരിക്കുന്നു. മുമ്പിലത്തെ ഉടമസ്ഥന്മാർക്ക് അതോടെ സർവ്വാവകാശങ്ങളും നഷ്ടപ്പെടുകയും ചെയ്യുന്നു. എന്നിരിക്കിലും അവർക്കു രാജ്യാതിർത്തിവിട്ടു ഓടി രക്ഷപ്പെടാൻ അവകാശമുണ്ട്.*

ഭൂമി ഉപേക്ഷിച്ചോടുമ്പോൾ കളപ്പുരകളും, കന്നുകാലികളും, കൃഷിക്കുള്ള യന്ത്രോപകരണങ്ങളും, വിത്തു്, വല്ലി മുതലായതെല്ലാം ഇട്ടെറിഞ്ഞു പോകുന്നുവെന്നു് വ്യക്തമാണല്ലോ. പിന്നെ ശരിക്കു എന്താണു സംഭവിക്കുന്നതെന്നതിന്റെ ഒരു യഥാർത്ഥ ചിത്രം, 10000 ഏക്കർ വിസ്താരം വരുന്ന ഒരു എസ്റ്റേറ്റിൽ നടക്കുന്ന കൃട്ടുകൃഷിപ്രക്രിയയുടെ പടിപടിയായുള്ള ഓരോ ഘട്ടത്തിൽനിന്നും കണ്ടറിയാം.

1) ഈ 10000 ഏക്കറും ഒരേ ഒരാളുടെ ഉടമസ്ഥതയിൽ ഇരിക്കുകയാണു്.

2) ഈ എസ്റ്റേറ്റു് അത്രയും കമ്മ്യൂണിസ്റ്റുകാർ ദേശസാൽക്കരിക്കുന്നു.

3) കമ്മ്യൂ: പാർട്ടിയുടെ കാർഷികകാര്യക്കമ്മിറ്റിയംഗങ്ങൾ എസ്റ്റേറ്റു് മുഴുവനും പരിശോധിക്കുകയും അതിലെ പല മുതലുകളുടേയും കൃത്തിൽ 20 ട്രാക്ടറുകൾ, 30 കൃഷിയിടക്കെട്ടിടങ്ങൾ പലതരത്തിൽ പെട്ട

* മൈനുകളും അതിർത്തിയിലെ കാവൽഭടന്മാരും തടഞ്ഞുനിർത്തുന്നില്ലെങ്കിൽ.

117 യന്ത്രങ്ങളും, 156 ചെമ്മരിയാടുകളും, 423 പശുക്കളും എന്നിവയടങ്ങിയ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു.

4) മുൻ ഉടമസ്ഥൻ ഈ എസ്റ്റേറ്റിനെയും ക്രൂരമായി അവഗണിക്കുകയായിരുന്നുവെന്നു കുറ്റപ്പെടുത്തുന്ന ലേഖനങ്ങളും കമ്മ്യൂ: പത്രങ്ങളും പ്രസിദ്ധപ്പെടുത്തുന്നു.

5) അഞ്ചേക്കർ വരുന്ന ഖണ്ഡങ്ങളായി ഈ എസ്റ്റേറ്റ് മുഴുവൻ പങ്കിടാൻ പാർട്ടി തുടങ്ങുന്നു. ഒറ്റ അളുടേതായിരുന്ന ഇതു് ഇപ്പോൾ 2000 കുടുംബംവക ആയിത്തീരുന്നു.

6) തങ്ങൾക്കു കിട്ടിയിട്ടുള്ള ഭൂമി തങ്ങളുടെ തനതു സ്വത്താണു്, അനിയന്ത്രിതാധികാരത്തോടു കൂടിയ സ്വത്താണു്, അതുകൊണ്ടു അതു് കിട്ടിയ കൃഷിക്കാർക്കു് അതിൽ എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ടു് എന്നു കമ്മ്യൂ: പത്രങ്ങൾ അഭിപ്രായപ്പെടാൻ തുടങ്ങുന്നു.

7) ട്രാക്ടറുകളും കൃഷിയന്ത്രങ്ങളും വിത്തുകളും ഉപയോഗിക്കാൻ ആ കുടുംബക്കാർ ആഗ്രഹിക്കുന്നു. അഞ്ചേക്കറുള്ള ഓരോ കൃഷിയിടത്തിനും വേണ്ടതു വിത്തു് വെവ്വേറെ എത്തിച്ചുകിട്ടാറാക്കണമെങ്കിൽ സർക്കാരിനു കനത്ത പണച്ചെലവു വരുമെന്നും, അതിനാൽ കർഷകത്തൊഴിലാളികളുടെ താല്പര്യം മുൻനിർത്തി, അടുത്തടുത്ത ചെറുകിട ഉടമകൾ തമ്മിൽത്തമ്മിൽ യോജിക്കുകയാണു വേണ്ടതെന്നും, കമ്മ്യൂ: പാർട്ടിയുടെ കൃഷികാര്യക്കമ്മറി വിശദീകരിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നു. ഇതിനു വഴങ്ങുന്നവർക്കു വിത്തും ട്രാക്ടറുകളും കൃഷി

യന്ത്രങ്ങളും മറെറല്ലാ സഹായങ്ങളും നൽകുന്നു.

8) തൊട്ടടുത്തു് ചെറുകിട ഭൂവുടമകൾക്കു്, സ്വയം മുൻനിന്നു് സഹകരണസംഘങ്ങൾ അഥവാ കോൽക്കോഴകൾ—ത്രുപവൽക്കരിക്കുന്നതിനു്, കൃഷിത്തൊഴിലാളികളുടെ അപേക്ഷയനുസരിച്ചു്, ഗവമ്മെണ്ടു് അനുമതി നല്കിയിരിക്കുന്നതായി കമ്മ്യൂ: പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.

9) വലിയ ജന്മിയുടെ അവകാശികളായ ചെറുകിടക്കാർക്കു് അങ്ങനെ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശമില്ല.

10) കോൽക്കോഴകൾ ത്രുപവൽക്കരിക്കാൻ ധൈര്യപ്പെടാത്ത വിധത്തിൽ, സാമ്രാജ്യത്വത്തിന്റെ ഏജന്റുമാരുടെ ഭീഷണികൾക്കു് ചെറുകിടക്കാർ ഭയചകിതരായിരിക്കയാണെന്നു റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതിനാൽ രഹസ്യപ്പോലീസുകാർ അവിടെയെത്തുന്നു.

11) രാഷ്ട്രീയപ്പോലീസു് 200 ചെറുകിടക്കാരെ അറസ്റ്റുചെയ്യുന്നു. തങ്ങൾ അമേരിക്കൻചാരന്മാരാണെന്നും, പകൽസമയത്തു് ട്രാക്ടറുകളായിത്തോന്നിക്കുന്ന ഹെലിക്കോപ്ടറുകൾ ഉപയോഗിച്ചു് രാത്രികാലത്തു് വിളവുകളിൽ കൊളറാഡോചാഴികളെ വിതറാറുണ്ടെന്നും അവർ ഏറുപറയുന്നു.

12) ചാരന്മാരിൽ പത്തുപേരെ വധശിക്ഷയ്ക്കു് വിധിക്കുന്നു; മറുള്ളവരെ തൂക്കിക്കൊല്ലുന്നു.

13) 10000 ഏക്കർ വ്യാപ്തിയോടെ പിറന്നാൾ രുന്നെ "റെഡ്ലെനിൻ കോൽക്കോഴ"" ത്രുപവൽക്കരി

ച്ച കഴിയുന്നു.

14) ട്രാക്ടറുകൾ, കാർഷികയന്ത്രങ്ങൾ, വിത്തുകൾ എന്നിവ നല്ലൂണമെന്നു കോൽക്കോഴ് സക്കാരിനോട് ആവശ്യപ്പെടുന്നു.

15) കോൽക്കോഴിന്നു ട്രാക്ടറുകളും കാർഷികയന്ത്രങ്ങളും വിത്തും മറ്റും നല്ലുന്നതു് സാമ്പത്തികമായി ഗുണകരമാകണമെങ്കിൽ അവിടത്തെ ലാഭം മുഴുവനും ഖജനാവിലേക്കു കിട്ടണമെന്നു് കമ്യൂ: പാർട്ടിയുടെ കാർഷികകാര്യക്കമ്മറ്റി കണക്കാക്കുന്നു. അതിനാൽ തങ്ങളുടെ ഭൂമി സക്കാരിലേക്കു് ഏല്പിച്ചുകൊടുക്കുകയാണു് നല്ലതെന്നു് ചെറുകിടക്കാരോടു് ഉപദേശിക്കുന്നു. സക്കാരിന്നു അവ ലാഭമായി നടത്താം.

16) കോൽക്കോഴുകാരായ ചെറുകിടക്കാർ തങ്ങളുടെ ഭൂമി ഏറെറടുത്തു്, സ്റ്റേറുടമസ്ഥതയിലുള്ള ഒരു ക്രൂട്ടുകൃഷി—അഥവാ "സൊവോഴ്" ഏർപ്പെടുത്തണമെന്നു് നിർബ്ബന്ധിക്കുന്നതായി കമ്യൂ: പത്രങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.

17) കോൽക്കോഴുകാരായ ചെറുകിട ഉടമസ്ഥന്മാർക്കു് അങ്ങനെ യാതൊരു ഉദ്ദേശവുമില്ല.

18) പ്രസ്തുത സ്ഥലം രാഷ്ട്രീയപ്പോലീസു് സന്ദർശിക്കുന്നു ഇത്യാദി (10-ാം നമ്പർ നോക്കുക).

19) രാഷ്ട്രീയപ്പോലീസു് 200 ചെറുകിട ഉടമകളെ അറസ്റ്റു് ചെയ്യുന്നു ഇത്യാദി (11-ാം നമ്പർ നോക്കുക).

20) പിറന്നാൾത്തന്നെ, 10000 ഏക്കർ വൃഷ്ടി

യോടുകൂടി, "ലെനിന്റെ മീശയുടെ കീഴിലുള്ള റെഡ് ഡോൺ" എന്ന സൊവോഴ് ത്രുപവൽക്കരിക്കുന്നു.

21) പഴയ മൂരാച്ചിജന്മിയുടെ കയ്യിൽനിന്നു എന്തു ക്രൂലി കിട്ടിയിരുന്നുവോ, അതേ നിരക്കിൽത്തന്നെ ആ ഭൂമിയിലൊരിക്കൽ ക്രൂലി നല്കുന്നതാണെന്നു് സൊവോഴിലെ പ്രവൃത്തിക്കാരെ കമ്യൂ: പാർട്ടിയുടെ കാർഷികകാര്യക്കമ്മീറ്റി അറിയിക്കുന്നു—25 ശതമാനം വരുന്ന ലഘുവായ ഒരു പിടുത്തം ഉണ്ടാകുമെന്നുമാത്രം.

22) സൊവോഴിന്റെ ഭരണം നടത്താനായി അനിയന്ത്രിതമായ അധികാരത്തോടുകൂടി ഒരാളെ—തികഞ്ഞ പരിശീലനം സിദ്ധിച്ച ഒരു തുകൽപ്പണിക്കാരനെ — പിറന്നാൾതന്നെ കേന്ദ്രപാർട്ടിക്കമ്മീറ്റി അയച്ചുകൊടുക്കുന്നു.

23) ആ 10000 ഏക്കറും ഇപ്പോൾ ഒരേ ഒരാളുടെ കൈയിലായിരിക്കുന്നു.

വ്യവസായത്തിൽ ക്രൂട്ടുസുഖം നേടുന്നതിനായി—അതായതു ഫാക്ടറികൾ ദേശസാൽക്കരിക്കൽ, ഡിപ്പാർട്ടുമെൻറ് സ്റ്റോറുകളും ഷാപ്പുകളും നടത്തൽ മുതലായവ—ഇതേ അടിസ്ഥാനതത്വങ്ങൾ തന്നെയണു അംഗീകരിക്കുക. സ്ഥാപനം തൊഴിലാളികൾക്കു പങ്കിട്ടുകൊടുക്കാതെ, പാർട്ടിയുടെ ഒരാൾക്കു് (ശരിയായ മനുഷ്യൻ തെറ്റായ സ്ഥാനത്തു് എന്ന മൂന്നാമത്തെ പാഠം നോക്കുക) നേരെയങ്ങു് ഏല്പിച്ചുകൊടുക്കുന്നു എന്ന ഒരേ ഒരു വ്യത്യാസം മാത്രമേ ഉള്ളൂ.

ഗ്രഹപാഠം

ശരിയായ കമ്യൂണിസ്റ്റുകാരെ അവരുടെ വേഷവും പെരുമാറ്റവും കണ്ടാൽ വളരെ എളുപ്പത്തിൽ തിരിച്ചറിയാം. താഴെ പറയുന്ന പന്ത്രണ്ടു നിയമങ്ങളും വിദ്യാർത്ഥികൾ ശരിക്കു പഠിക്കണം—ആറെണ്ണം യുവാക്കന്മാരും ആറെണ്ണം യുവതികളും.

യുവാക്കൾ

എ) മുഖ്യം ക്ഷൌരം ചെയ്തിരിക്കണം—ഏറ്റവും ചുരുങ്ങിയതു് ആഴ്ചയിൽ ഒരിക്കലെങ്കിലും. അധികം ക്ഷൌരം ചെയ്താൽ തൊലി നേർത്തു പോകും, കട്ടിയുള്ള തൊലി ആവശ്യമുള്ളതാണു്, പരിഷ്കാരമുള്ളതാണു് എന്നു് യാഥാർത്ഥകമ്യൂണിസ്റ്റുകാക്കറിയാം.

ബി) തലമുടി രണ്ടുമാസത്തിൽ ഒരിയ്ക്കൽ മാത്രം വെട്ടിയ്ക്കണം. അതിൽ കൂടുതൽ പാടില്ല. അങ്ങനെ ലാഭിക്കാൻ കഴിയുന്ന സമയത്തു്, 1905-ലെ വിപ്ലവത്തിന്റെ മാർക്സിസ്റ്റു് അപഗ്രഥനത്തെയും, അതിലെ സാമ്പത്തികോൽഗ്രഥനത്തെയും കുറിച്ചു് ലെനിൻ പറഞ്ഞതുതുയും കാണാപ്പാഠം പഠിക്കാൻ നോക്കുക.

സി) കുടതീരെ വേണ്ടെന്നു വയ്ക്കുക. അതിന്നു "സവ്വാണി-പ്പാളിച്ചക്കാരുടെ'' ഒരു വാസനയും, കൊള്ളരുതാത്ത ബ്രിട്ടീഷ്ചുവയും ഉണ്ടു്. തൽസ്ഥാനത്തു് വെള്ളം ചോരുമെന്നു് ഉറപ്പുപറയാവുന്ന ''മോസ്കു്വിഷ്'' മഴക്കോട്ടകം ഉപയോഗിക്കുക.

ഡി) ഷട്ടിനു പകരം നൈറ്റ്ഷർട്ടു് ഇട്ടു ആഫീസിൽ പോവുകയാണെങ്കിലും ജാക്കറ്റ് ഉപേക്ഷിക്കാ

തിരിക്കുക.

ഇ) അണ്ടർക്ലോത്തുകളും, സോക്കുകളും, ഷർട്ടുകളും, തൂവാലകളും മുതലായവയുടെ കാര്യത്തിൽ പ്രത്യേകം മനസ്സിരുത്തണം. (യാതൊരു ഉപേക്ഷയും കൂടാതെ) മാസത്തിൽ ഒരിക്കൽ അവ മാറുക.

എഫ്) 'മോണോഗ്രാം' ചെയ്ത ഉടുപ്പുകൾ വാങ്ങുമ്പോൾ മനസ്സിരുത്തണം. "എം. ഐ." എന്നു് പോക്കറിന്മേൽ അടയാളമുള്ള ഷർട്ടു് ധരിച്ചുകൊണ്ടു്, "കേ. ജി." എന്നു് അടയാളമുള്ള തൂവാലയാൽ മൂക്കു തുടയ്ക്കുന്നതിനേക്കാൾ വഷളായി മറെറാന്നില്ല—വിശേഷിച്ചും നിങ്ങളുടെ പേരു് പീറർ സ്മൂവിഷ് എന്നായിരിക്കുമ്പോൾ.

വനിതാസഖാക്കൾ

ഏ) ഒരു 'പുരുഷൻ' ധരിച്ചു് ഫാഷൻ പുലർത്തുക—വസന്തം മുതൽ ശിശിരം വരെ ഒരേ ഒരു പുരുഷൻ മാത്രമേ ധരിക്കാവൂ. ഇടയ്ക്കിടയ്ക്കു് അതു മാറുന്നതായാൽ, നിങ്ങളുടെ കൂട്ടുജോലിക്കാരായ പുരുഷന്മാരുടെ ശ്രദ്ധ ഉൽപ്പാദനത്തിൽനിന്നു് വ്യതിചലിപ്പിക്കും (ഒന്നാം അദ്ധ്യായം നോക്കുക).

ബി) ഏതെങ്കിലും പാർട്ടിയ്ക്കോ തിയററിലേക്കോ പോകുമ്പോൾ ഒരു ഈവനിങ്ങു് ഗൌൺ ധരിക്കുക. കമ്യൂണിസ്റുകാരുടെ ഈവനിങ്ങു് ഗൌൺ എന്നു വച്ചാൽ ഒരു ബ്ളൌസും പാവാടയുമാണു്.

സി) തന്ത്രകാര്യാലയോദ്യോഗസ്ഥന്മാരും മറവും പങ്കെടുക്കുന്ന പ്രധാന സഹീകരണാവസരങ്ങളിൽ വിശേ

ഷപ്പെട്ട ഒരു ബാഡ്ജ് ധരിക്കുക. കമ്യൂണിസ്റ്റുകാരുടെ വിശേഷപ്പെട്ട ബാഡ്ജ് എന്നുവച്ചാൽ ഒരു പാവാടയും ഒരു ബ്ലൗസും ആണു്.

ഡി) അധികം കുളിക്കുന്നതു്, കൃഷിക്കു അത്യന്താപേക്ഷിതമായ വെള്ളം അപഹരിക്കലാവും എന്നോർക്കുക.

ഈ) സ്വർണ്ണം, വെള്ളി, രത്നങ്ങൾ, ആഭരണങ്ങൾ എന്നിവയെ വെറുക്കുക. പാർട്ടിബോധമാണു് ഏറ്റവും നല്ല ആഭരണമെന്നു് എല്ലുനേരവും ഓർക്കുക.

എഫ്) 'സഖാവെ, നിങ്ങൾ ബ്രേസിയർ ധരിക്കാറുണ്ടോ?' എന്നു പാർട്ടിസെക്രട്ടറി ചോദിച്ചാൽ, ഉടനെ മറുപടി നൽകുക:'' ഇല്ല, എനിക്കു് എന്റെ വർഗ്ഗബോധമാണു് താങ്ങും തുണയും."

പാഠം ഒമ്പതു്

മതസ്വാതന്ത്ര്യം

മതമെന്നതു് ആക്കായാലും വെറും വ്യക്തിപരമായ കാര്യമാണു്. കമ്യൂണിസ്റ്റ്‌രാഷ്ട്രത്തിലുള്ള ഏതു പൌരനും, തനിക്കിഷ്ടമുള്ള മതം അനുസരിക്കാനും, ഇഷ്ടമുള്ളപ്പോഴൊക്കെ പ്രാർത്ഥിക്കാനും, വേണമെന്നു തോന്നുമ്പോഴൊക്കെ പള്ളിയിൽ പോകാനും അവകാശമുണ്ടു്. മതവിശ്വാസത്തിന്റെ കാര്യത്തിൽ പള്ളി മാത്രമേ എന്തെങ്കിലും പറയുകയുള്ളൂ.

പിന്നെ പാർട്ടിയും— അതു് പറയാനുണ്ടോ?

തനിക്കിഷ്ടമുള്ള മതം ആചരിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തിക്കല്ലാതെ മറ്റാർക്കും ബാധകമല്ല.

പിന്നെ പാർട്ടിക്കും— അതു പറയാനുണ്ടോ?

സത്യം പറഞ്ഞാൽ, ഇക്കാര്യത്തിലുള്ള പാർട്ടിലൈൻ വളരെ സരളമാണു്. തനിക്കിഷ്ടമുള്ള മതം ആർക്കും ആചരിക്കാം.

എങ്കിലും കമ്യൂണിസവും മതവും തമ്മിൽ തക്കതായ ഉളവായിട്ടുണ്ടെന്നും, ചില്ലറ വിഷയങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടെന്നും, വിദ്യാർത്ഥികൾ നിശ്ചയമായും മനസ്സിലാക്കണം.

'ദൈവം ഉണ്ടു്' എന്നു് പള്ളിയുടെ ഭാഗത്തുനിന്നു ഏക സ്വരത്തിൽ തർക്കിച്ചതാണു് ഇക്കാര്യത്തിലുണ്ടായിട്ടുള്ള ഒരു ചെറിയ തർക്കം. അനേകായിരം സംവത്സര

ങ്ങളായി അവർ അതിൻ ശഠിച്ചു നില്ക്കുകയാണു്— എത്രയോ വഷ്ം മുമ്പു്, 1892-ൽത്തന്നെ, ഈ തെറ്റി ലേയ്ക്കു സഖാവു് ലെനിൻ സവ്വരുടേയും ശ്രദ്ധയാകർഷി ച്ചിരുന്നിട്ടും.

തന്റെ ആളുകളാൽ ദൈവമാക്കപ്പെടാൻ വേണ്ടി ജനിക്കുന്ന ചില അതിമാനുഷന്മാരല്ലാതെ, യഥാത്ഥ ത്തിൽ ദൈവം ഇല്ല. ഇത്തരം ആളുകൾക്കു് സുവ്യക്ത ങ്ങളായ ചില പ്രത്യേകതകൾ ഉണ്ടു്. അവർ റഷ്യൻ വംശജന്മാരായിരിക്കും; അവർ, ചീകിയുഴിഞ്ഞു നിത്തി യ കള്ളത്താടികൾ ധരിച്ചിരിക്കും. അവരുടെ പേരുകൾ തുടങ്ങുന്നതു 'ഉ'വിലും അവസാനിക്കുന്നതു 'ല്യാനോവി'ലും ആയിരിക്കും. ഈ സിദ്ധാന്തം 1904-നോടടുത്തുവച്ചു ലെനിൻ ഒന്നു വികസിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ കാര്യങ്ങൾ 'വെ' എന്നു തുടങ്ങി 'നിൻ' എന്നവസാനിക്കുന്ന പേരുള്ളവർക്കുമാത്രമേ ബാധകമാവൂ എന്നാണു അദ്ദേഹം പറഞ്ഞതു്. ഇക്കാലത്തുതന്നെയാണു് സഖാവു് ലെനിൻ 'ഉല്യാനോവ്' എന്ന പേർ ഉപയോഗിക്കാതായതും.

ലെനിന്റെ സിദ്ധാന്തങ്ങൾ സ്റ്റാലിനും ഭക്തിപൂവ്വം അനുസരിച്ചിരുന്നു. ലെനിന്റെ വാക്കുകൾ ഒരു കാലത്തും വിസ്മരിക്കരുതെന്നു് ലോകമാസകലമുള്ള കമ്യൂണിസ്റ്റുകാരെയും പാർട്ടിയംഗങ്ങൾ അല്ലാത്തവരെയും അദ്ദേഹം ഉൽബോധിപ്പിച്ചു. അതുപ്രകാരം, ലെനിൻ ശരിയായി ഉപദേശിച്ചിരുന്ന വിധംതന്നെ, ദൈവമാക്കപ്പെടേണ്ടവരുടെ പേരു് "സ്" എന്നാണു തുടങ്ങുക,

അവസാനിക്കുക "റാലിൻ" എന്നും.

ഒരു കാര്യത്തിലും ഒരാളുടേയും മേൽ തങ്ങളുടെ അഭിപ്രായം വച്ചുകെട്ടുവാൻ ശരിയായ കമ്മ്യൂണിസ്റ്റുകാരാരും ആഗ്രഹിക്കാറില്ല. എന്നു മാത്രമല്ല, വല്ല തർക്കവും വന്നാൽ, കക്ഷികളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുക എന്ന ആയുധം ഉപയോഗിക്കാനാണു് അവർ ഇഷ്ടപ്പെടുന്നതും. മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ, ഇതിലും, സോവിയറ്റ് യൂണിയന്റെ മഹത്തായ ദൃഷ്ടാന്തം നമുക്കു മാർഗ്ഗദർശകമായിട്ടുണ്ടു്— മെത്രാന്മാർ, മതപുരോഹിതന്മാർ, കന്യാസ്ത്രീകൾ തുടങ്ങിയവരെ അവർ അനേകമനേകം ആണ്ടുകളായി വിജയപൂർവ്വവും അനായാസമായി ഉപദേശിച്ചുപോന്നു— അതിന്റെ ഫലമായി അവരിലാരുംതന്നെ ഇന്നു അവശേഷിച്ചിട്ടേ ഇല്ല.

നമുക്കു പള്ളിക്കാര്യത്തിലേക്കുതന്നെ മടങ്ങാം. അയുക്തമായ ഒരു പ്രസംഗം ചെയ്യുന്ന പുരോഹിതനു് എന്തു സംഭവിക്കുന്നുവെന്നു നമുക്കു നോക്കാം. കമ്മ്യൂണിസം ഉണ്ടായിവിട്ടിട്ടുള്ള സ്വതന്ത്രവും സുഖഭ്രയിഷ്ഠവുമായ ജീവിതം, ഇതിനകംതന്നെ നിലവിൽവന്നിട്ടുള്ള രാജ്യങ്ങളിൽ ഈ പ്രശ്നം അത്ര ഗുരുതരമൊന്നുമല്ല. അവിടത്തെ മഹാഭ്രൂരിപക്ഷം പള്ളികളും, മറ്റു കാര്യങ്ങൾക്കു ഉപയോഗിക്കാനായി വിട്ടുകൊടുത്തുകഴിഞ്ഞിരിക്കും. ഈ ദാനങ്ങളാകട്ടെ, തികച്ചും സ്വാഭീഷ്ടപ്രകാരമാണു്, നിയമാനുസൃതമായിട്ടാണു്, യാതൊരു സമ്മർദ്ദവും ചെലുത്താതെയാണു്— ഈ ദാനപ്രമാണങ്ങളിൽ ഒപ്പിട്ടുന്നേരത്തു് ഒരിടത്തെങ്കിലും, ഒരാളുടെയെങ്കിലും, നെഞ്ചി

ന്റെ നേക്കു്, ഒറ്റ തോക്കുപോലും ചൂണ്ടിയിട്ടില്ല.

ചൂണ്ടിയിട്ടുള്ളതു് പുറത്തിന്നു നേക്കാണു്. യഥാർത്ഥ കമ്യൂണിസ്റ്റുകാക്കു് ഉചിതരീതികളെന്തെന്നറിയാം.

അവശേഷിച്ചിട്ടുള്ള പള്ളികളിലെ പുരോഹിതന്മാക്കു്, ഇഷ്ടമുള്ളതെന്തും പ്രസംഗിക്കാം. ദൈനന്ദിനജീവിതത്തിന്റെ സൌന്ദര്യത്തെപ്പറ്റി, ഉന്നതാധികാരികം— പാർട്ടിയുടെ നിയന്ത്രണത്തിൻ കീഴിൽ— വ്യവസായോൽപ്പാദനം അനുക്രമം വർധിപ്പിക്കുന്നതിനെപ്പറ്റി, എല്ലാം, അവക്കു യഥേഷ്ടം സംസാരിക്കാം. ലോകസമാധാനത്തിനെതിരായി ഗൂഢാലോചന നടത്തുന്ന ചെകുത്താന്മാരെ (സാമ്രാജ്യത്വവാദികളെ) അവക്കു് അപലപിക്കാം. ഉയർന്നവരുന്ന ജീവിതത്തോതിനെയും, എല്ലാവരും സുഖികളും സംതൃപ്തരും ശാന്തരും കമ്യൂണിസ്റ്റുകളും ആയിരിക്കുന്നതിനെയും, പ്രശംസിക്കുന്ന സ്തോത്രങ്ങൾ ആലപിയ്ക്കാനും അവക്കു് സ്വാതന്ത്ര്യം ഉണ്ടു്.

തന്റെ പ്രസംഗങ്ങൾക്കിടയിൽ ഒരു പുരോഹിതൻ മറ്റു് കാര്യങ്ങൾ പരാമർശിക്കുന്നതു് തടയുന്ന ഒന്നുംതന്നെയില്ല. ഒരു അച്ചന്റെ ഉടുപ്പുകളും മറ്റും നിയമപരമായ അവകാശികൾക്കു വിട്ടുകൊടുക്കാൻ സ്റ്റേറ്റ് എക്സിക്യൂഷനേഴ്സ് ഡിപ്പാർട്ടുമെൻറ് അവിടെ ഉണ്ടല്ലൊ.

അപ്പോൾ സ്വാഭാവികമായും തെളിയുന്നു മുഖ്യമായ കാര്യം ഇതാണു്—അതിൽ സ്വന്തം മതം അനുസരി

ക്കാൻ തികഞ്ഞ സ്വാതന്ത്ര്യമുണ്ട്.

കുട്ടികളുടെ മതബോധനത്തിനും പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. തങ്ങളുടെ കുട്ടികൾക്ക് മതബോധനം നല്കുണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ, കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ ആ വിവരം ഹെഡ്മാസ്റ്ററോട് പറയണം എന്നേ ഉള്ള. "വിദ്യാഭ്യാസത്തിനു പരിപൂർണ്ണ സ്വാതന്ത്ര്യം" എന്ന തത്വത്തെ തികച്ചും മാനിക്കുന്നതിനാൽ, ആ കുട്ടികളെ ഉടനടി സ്കൂളിൽനിന്നു പറഞ്ഞയയ്ക്കാൻ ഹെഡ്മാസ്റ്റർ നിർബ്ബന്ധിതനാണ്.

ഹെഡ്മാസ്റ്ററുടെ വാദഗതികൾ ഏതെങ്കിലും മാതാപിതാക്കൾക്ക് ബോദ്ധ്യമാകാതിരിക്കുകയും, തങ്ങളുടെ കുട്ടികൾക്ക് മതബോധനം നൽകിയേ പറ്റൂ എന്നു അവർ ശഠിച്ചുനില്ക്കുകയും ആണെങ്കിൽ, ഇക്കാര്യത്തിനു അത്രയൊന്നും ഞെരുക്കമില്ലെന്നു ഹെഡ്മാസ്റ്റർ സമ്മതിക്കേണ്ടതുണ്ട്. ലഘുവായ ഒരു ചടങ്ങ് അവർക്ക് ചെയ്യാൻ ഉണ്ട്. ഹെഡ്മാസ്റ്റർ അവരെ അത് ധരിപ്പിക്കണം. തങ്ങളുടെ ആവശ്യം, തങ്ങളുടെ ജോലി സ്ഥലത്തിന്റെ അധിപതികളെയും, പാർട്ടിയുടെ ജില്ലാ കമ്മറ്റിയേയും, രാഷ്ട്രീയപ്പോലീസിനേയും, വിദ്യാഭ്യാസമന്ത്രികാര്യാലയത്തേയും, പാസ്പോർട്ട് ഓഫീസിനേയും, അതിർത്തികാവല്ക്കാരേയും, പ്രധാനമന്ത്രിയേയും ഒന്നു എഴുതി അറിയിക്കണമെന്നുമാത്രം.

ഈ കാര്യം ഇവരെയൊക്കെ അറിയിക്കണമെന്നതു ഒരു 'പതിവുചടങ്ങ്' മാത്രമാണ്— ഹെഡ്മാസ്റ്റ

ക്കു് പിന്നീടു് ഏതൊരുവിധത്തിലും ബാധയാവില്ല എന്നതുകൊണ്ടുതന്നെ. അച്ഛനമ്മമാക്കാണെങ്കിൽ പരമാവധി സംഭവിക്കാവുന്നതു് അവരുടെ ജോലിയും വീടും മുതലും ജീവനും നഷ്ടപ്പെട്ടേക്കാം എന്നു മാത്രവുമാണു്.

പരിപൂർണ്ണമായ ഭദ്രതയോടെ കുട്ടികൾക്കു മതപാഠശാലകളിൽ പോകാം. എങ്കിലും ഒന്നു മനസ്സിലാക്കേണ്ടതുണ്ടു്. അങ്ങനെ കുട്ടികൾക്കു സമയം നഷ്ടപ്പെടുന്നതു്, മറ്റു പഠനവിഷയങ്ങളിൽ വേണ്ടത്ര പുരോഗതി നേടാൻ തടസ്സമായേക്കും. ഈ മാതിരി കുട്ടികൾ സ്കൂളിൽ ചേരുമ്പോൾത്തന്നെ, അവരുടെ "ടേം" അവസാനിക്കുന്ന കാലത്തെ റിപ്പോർട്ടു് എഴുതിക്കഴിയും—"മൂന്നു വിഷയങ്ങളിൽ തോറ്റു" എന്നു്. ആ മൂന്നു വിഷയങ്ങൾ ഏതെല്ലാമാണെന്നു് തീരുമാനിക്കാൻ ഹെഡ്മാസ്റ്റർക്കോ മറ്റദ്ധ്യാപകന്മാർക്കോ വിശേഷിച്ചു ഒരാഗ്രഹവും കാണുകയുമില്ല. കാരണം, അതു് ആ കുട്ടിയുടെ വ്യക്തിപരമായ കാര്യമാണു്. തനിക്കു എന്തു വേണമെന്നു് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം അവനുണ്ടുതാനും.

തന്റെ കുട്ടിക്കു് മതപാഠം വേണമെന്നു ഏതെങ്കിലും മാതാപിതാക്കന്മാർ ശഠിച്ചുനില്ക്കുന്നപക്ഷം, മതബോധനം വേണ്ട കുട്ടികളുടെ പട്ടികയിൽ അവന്റെ പേരും ചേർക്കും. കുട്ടിയും രക്ഷകർത്താവും പോയിക്കഴിഞ്ഞാൽ ഉടനെതന്നെ (മുകളിൽ പറഞ്ഞവരെ നോക്കുക) ശരിയായ അധികാരികളെ അറിയിക്കുന്നതും, ലിസ്റ്റു് ചവറ്റുകൊട്ടയിൽ നിക്ഷേപിക്കുന്നതുമാണു്. അപേക്ഷകരുടെ കുറവുകാരണം, മതബോധനക്ലാസുകൾ


നടത്തുക പ്രായോഗികമല്ലല്ലോ.

അപ്പോൾ സ്വാഭാവികമായും, മുഖ്യമായ കാര്യം ഇതാണ്— ആക്ടും, സ്വന്തം മതം ആചരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്.

ഞായറാഴ്ച പള്ളിയിൽ പോകുന്നവരെ ഏതു യഥാർത്ഥ കമ്മ്യൂണിസ്റ്റും തീച്ചയായും നോക്കിവയ്ക്കും. എങ്കിലും വല്ലപ്പോഴും ഒരിയ്ക്കൽമാത്രം പള്ളിയിൽ പോകുന്നവരേയും, എല്ലാ ഞായറാഴ്ചയും മുടങ്ങാതെ പ്രാർത്ഥനാപുസ്തകവും ജപമാലയുമായി പോകുന്നവരെയും തമ്മിൽ അയാൾ വേർതിരിച്ചറിയണം. അതുംപോരാ— പ്രാർത്ഥനാപുസ്തകവും ജപമാലയും മറ്റുമായി പള്ളിയിൽ മുട്ടാതെ പോവുക മാത്രമല്ല, പ്രാർത്ഥനയിൽ പങ്കുകൊള്ളുക, മെഴുകുതിരി കത്തിക്കുക, തങ്ങളുടെ കുട്ടികളെ ജ്ഞാനസ്നാനം ചെയ്യിക്കുക, തങ്ങളുടെ പണം പാർട്ടിഫണ്ടുകൾക്കു നൽകാനായി സൂക്ഷിച്ചുവയ്ക്കാതെ പള്ളിപ്പിരിവിലേക്കു സംഭാവനചെയ്യുക മുതലായവ നടത്തുന്നവരേയും അയാൾ പ്രത്യേകിച്ചു വീക്ഷിക്കേണ്ടതുണ്ട്. ഈ മാതിരിയുള്ള എല്ലാ കേസുകളും ഏതു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരനും പാർട്ടിക്കു റിപ്പോർട്ടു ചെയ്യണം. പാർട്ടിനേതാക്കൾക്കു വേണമെങ്കിൽ— ശരിയായ ജനാധിപത്യതത്വങ്ങളനുസരിച്ച് — അവരെ അപ്പോൾത്തന്നെ ഉദ്യോഗത്തിന്റെ ഭാരത്തിൽനിന്നു ഒഴിവാക്കാൻ കഴിയും. അവരുടെ മുഴുവൻ സമയവും മതപരമായ പ്രവർത്തനങ്ങൾക്കു വിനിയോഗിക്കാറാക്കാൻ സൌകര്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ഉദാരവും സൂ

ചിന്തിതവുമായ ഒരു വഴിയാണല്ലോ ഇതു്.

ഇങ്ങനെ ഡിസ്മിസ് ചെയ്യുമ്പോൾ, അതിനു കാരണമായി, "ആശയപരമായി ഗുരുതരമായ തെറ്റു കൾ" എത്രവേണമെങ്കിലും പറയാം — പാർട്ടിയോഗത്തിന്നിടയ്ക്കു് മാമ്മികമായ ഒരു ഘട്ടത്തിൽ ഒരാൾ ചുമച്ചു, ജീവിതനിലവാരത്തിലുള്ള അതൃപ്തി പ്രകടിപ്പി



മനുഷ്യജീവി ലാളിക്കപ്പെട്ടുകയാണു്.

ക്കാനായി ഇടനാഴിയിൽവച്ചു ദീർഘനിശ്വാസം വിടുന്നതായി കണ്ടു, ഉപയോഗിച്ചുകഴിഞ്ഞ ഒരു ബസ്സ് ടിക്കറ്റു വലിച്ചെറിയുന്നതു കണ്ടു, എന്നു തുടങ്ങിയ എത്ര കുറ്റങ്ങൾ വേണമെങ്കിലും പറയാം. ഏതായാലും ഇപ്പറഞ്ഞ കുറ്റക്കാർ പള്ളിയിൽ പോകുന്നതു് കണ്ടു എന്നു്, യഥാർത്ഥ കമ്യൂണിസ്റ്റുകാർ ഒരിക്കലും പറയാ

റില്ല.

വിദ്യാർത്ഥികൾ ഇതിനകം ധരിച്ചുകഴിഞ്ഞിട്ടുള്ള മാതിരി, ഇതാണ് — കമ്മ്യൂണിസ്റ്റ് ഗവൺമെണ്ടിന്റെ കീഴിൽ ആർക്കും മതം ആചരിക്കാനുള്ള സ്വാതന്ത്ര്യം പരിപൂർണ്ണമായുണ്ട്.

ഗുണപാഠം

സോവിയറ്റ് നാട്ടിലെ സ്കൂളുകളിൽ മതാഭ്യസനത്തിന്നു വേണ്ടത്ര കുട്ടികളിൽനിന്നു അപേക്ഷകൾ കിട്ടാറില്ലാത്തതിനാൽ (മുന്നദ്ധ്യായം നോക്കുക) "നോഹയുടെ പേടകം" പോലെയുള്ള പുരാണകഥകളൊന്നും യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർക്ക് സ്വീകാര്യമല്ല. അതിനാൽ ശരിയായ ആശയപശ്ചാത്തലത്തിൽ ഒരു നാടോടിക്കഥ എഴുതിത്തയ്യാറാക്കാനായി മൃഗങ്ങളിലും പക്ഷികളിലുംപെട്ട ഏതാനും എണ്ണത്തെ കൂട്ടിച്ചേർത്തുണ്ടാക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടുകയാണു്.

താഴെ പറയുന്ന സൂചനകൾ ഉപകാരപ്രദങ്ങളാക്കാം:

ആന:- ജനങ്ങൾക്കു വളരെ ഇഷ്ടമാണു്; തീറ്റ ഒരുപാടു വേണം. നിവൃത്തിയുണ്ടെങ്കിൽ ഒഴിവാക്കുക. അതല്ലാ പ്രധാനമാണെങ്കിൽ, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മഹത്തായ ശക്തിക്കു പ്രതീകമായ ഏഷ്യാറ്റിക് ജാതി വേണമെന്നു നിഷ്കർഷിക്കുക. അതിലും അധികം സ്വീകരിക്കാവുന്നതാണു് വെള്ളാന. കമ്മ്യൂ: സമ്പ്രദായത്തിന്റെ ഉൽകൃഷ്ടതയുടെ ഏറ്റവും നല്ല

ചിഹ്നം.

തത്ത: അത്യാവശ്യം.

കങ്ഗാത്രു:- തനി മുതലാളിത്തമയം, അനാവശ്യം.

ഒട്ടകപ്പക്ഷി:- ഉപദേശിക്കാവുന്നതല്ല. വളരെ കൊതിയനാണു്; പാർട്ടിനേതാക്കളെ അനുസ്മരിപ്പിച്ചേക്കാം, പിന്തിരിപ്പൻ പ്രവൃത്തികൾക്കു പ്ലാനിട്ടുകൊണ്ടു് മണലിൽ തലപൂഴ്ത്താൻ ഇടയുണ്ടു്.

നീർനായ്:- അനാവശ്യം. അത്യുഷ്ണവും അവ്യാഖ്യേയവുമായ ഗജ്ജനം—അപല്ഭരമായ മറെറാരു താരതമ്യപഠനം ഇവിടെ സാദ്ധ്യമായേക്കാം.

ചിരിക്കുന്ന കഴുതപ്പുലി:- എന്തിനേപ്പററിയാണു് ചിരി എന്നു നോക്കണം.

സിംഹം:- മൃഗങ്ങളുടെ രാജാവെന്നു കരുതപ്പെടുന്നുണ്ടെങ്കിലും അസഹീകാര്യൻ. അവർ സ്വന്തം രീതിമാററി, അവനെ മൃഗരിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായിതിരഞ്ഞെടുക്കുന്നപക്ഷം കാര്യം പുനരാലോചിക്കാവുന്നതാണു്.

കഴുത:- തീപ്പെയായം വേണ്ടം. അവയുടെ എണ്ണം ക്രൂട്ടംതോറും, കമ്മ്യൂ: പാർട്ടിയുടെ വിശിഷ്ടവിഭാഗംഘടകത്തിന്നു ശക്തിക്രൂട്ടം.

ഒട്ടകം:- തൊഴിലാളികളുടെ പ്രാരബ്ധഭാണ്ഡങ്ങൾ ഓർത്തുപോകാതിരിക്കാനായി, മുതുകിൽ പൂഞ്ഞയില്ലാത്തവ മാത്രം മതി.

ഓന്തു്:- നിശ്ചയമായും വേണം.

ചീങ്കണ്ണി:- നാസർ പാശ്ചാത്യരുമായി യോജിപ്പുണ്ടാകുന്നില്ലെങ്കിൽ ഈജിപ്ഷ്യൻ വഗ്ദ്മാകാം.

അണ്ണാൻ:- ചുമപ്പനാണെങ്കിൽ തരക്കേടില്ല. പക്ഷേ ഓരോന്നു ശേഖരിച്ചുവയ്ക്കുന്ന അവന്റെ സ്വഭാവം, മുതലാളിത്തവാസനയെ അനുസ്മരിപ്പിക്കുന്നു.

കഴുകൻ:- സ്വഭാവം നോക്കിയാൽ ഭീരു, അധാർമ്മികൻ, അറപ്പുണ്ടാക്കുന്നവൻ—എന്നാലും ഇരിക്കട്ടെ.

ചെമ്മരിയാട്ട്:- സംഘാത്മകമൃഗം, നല്ലതു്.

സ്രാവു്:- ചെറുമത്സ്യങ്ങളോട്ട് ക്രൂരത കാട്ടുന്നവയാകയാൽ അറഗ്ലാൻറിക്ക് ജാതികം വേണ്ട. സോവിയററ് കടലുകളിലുള്ളവ—ചെറുമത്സ്യങ്ങളുടെ സുഹൃത്തും സംരക്ഷകനുമായിരിക്കുന്നതിന്റെ ഉപയോഗമുള്ള മാതൃക.

നീറ്റ്പന്നി:- കമ്യൂണിസ്റ്റ് വിശിഷ്ട സംഘത്തിൽ വളരെ ഇണങ്ങത്തക്കവിധം തൊലിക്കട്ടിയുള്ളതു്.

നായ:- മനുഷ്യസുഹൃത്തു്, കുടുംബസഖാവു്, ഗൃഹസംരക്ഷകൻ—ചോദ്യത്തിന്റെ വിഷയമേ ഇല്ല.

മുകളിൽ പറഞ്ഞ പക്ഷികളിലും മൃഗങ്ങളിലും ഏതിനെയെങ്കിലും അയോഗ്യമാക്കാൻ സഹായകമായ വല്ല വിവരവും തങ്ങളുടെ ഗവേഷണങ്ങൾക്കിടയിൽ വിദ്യാർത്ഥികൾക്കു ലഭിക്കുന്നപക്ഷം, യാതൊരു കാലതാമസവും കൂടാതെ, അവ, "സിക്രട്ടറി, മൃഗങ്ങളുടെ നാടൻ കഥാവകുപ്പു്, യു. എസ്. എസ്. ആർ." എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കണം. നിങ്ങൾ ഉദ്ദേശിക്കുന്ന അർഹത ഇങ്ങനെ വല്ലതുമായി വല്ല സാദൃശ്യവും ഉണ്ടെന്നു കാണുന്നപക്ഷം, സിക്രട്ടറിയുടെ പേരു് ഉപയോഗിക്കരുതു്.

പാഠം പത്തു്

സർക്കാർസാഹിത്യം

സാഹിത്യത്തിനു്, കമ്യൂണിസ്റ്റ്രാഷ്ട്രത്തിൽ അതിപ്രധാനമായ പങ്കാണു് വഹിക്കാനുള്ളതു്; അതായതു് യഥാർത്ഥസാഹിത്യം. വാസ്തവത്തിൽ യഥാർത്ഥ സാഹിത്യമെന്നുവച്ചാൽ കമ്യൂ: സാഹിത്യം മാത്രമാണു്. ഇനിയങ്ങോട്ടു വായിക്കാൻ മുതിരുംമുമ്പു്, കുട്ടികൾ നാലു കാര്യങ്ങൾ നന്നായി പഠിച്ചുറപ്പിക്കട്ടെ.

1) സാഹിത്യമെന്നുവച്ചാൽ, ആശയപരമായ ഉള്ളടക്കം ചേർന്നതും, സാഹിത്യമൂല്യമുണ്ടെന്നു വായനക്കാരായ പൊതുജനങ്ങൾ കരുതുന്നവയുമായ എല്ലാ ലിഖിതകൃതികളുടേയും സമാഹാരമാണു്.

2) ആശയപരമായ ഉള്ളടക്കമെന്നുവച്ചാൽ മാർക്സിസ്റ്റ്- ലെനിനിസ്റ്റ്- ആശയങ്ങളാകുന്നു. ലോകത്തിലെ ഏറ്റവും വലിയ എഴുത്തുകാർ (മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, തോറേ, പോളിറ്റ്, മാവോ സേതുങ്) അതു പ്രത്യക്ഷമായി പ്രഖ്യാപിക്കുന്നു. വിദേശീയ സ്വാധീനശക്തികളിൽനിന്നു ഇനിയും സ്വയം മുക്തരാകാൻ കഴിഞ്ഞിട്ടില്ലാത്ത രണ്ടാംകിട എഴുത്തുകാരാകട്ടെ, തങ്ങളുടെ കമ്യൂണിസ്റ്റ് ധാരണാപ്രവാഹത്തിനു്, പരോക്ഷമായ ബലമേ കല്പിക്കുന്നുള്ളൂ*.

---

* 'വേണമോ വേണ്ടയോ' എന്നു ഹാംലറ് ചോദിച്ചതു് ആകസ്മികമായിട്ടല്ല. ശവക്കുഴി തോണ്ടുന്ന ആ രണ്ടുപേരിൽ ആരെങ്കിലും ഇത്തരം പ്രശ്നം നേരിട്ടിട്ടില്ല. അധഃപതിച്ച ആധ്യവർഗ്ഗം മാത്രമേ വേണമോ

3) ഒരു പുസ്തകത്തിന്റെ സാഹിത്യമൂല്യം ഉണ്ടോ ഇല്ലയോ എന്നു വിധിക്കുന്നതു വായനക്കാരായ പൊതുജനങ്ങളുടെ ഗ്രൂപ്പുകളാണു്.

4) കമ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സിക്രട്ടറിസ്ഥാനം അലങ്കരിക്കുന്ന ആൾ നിശ്ചിതസമയങ്ങളിൽ ആ ഗ്രൂപ്പിൽ ഉൾപ്പെട്ടിരിക്കും.

അതിനാൽ, വായനക്കാക്കു് അറിവു നല്കുകയും, അവരെ പഠിപ്പിക്കുകയും, ആശയപരമായി വളർത്തുകയും, ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ ഒരു സാഹിത്യകൃതി ആ പേരു് അർഹിക്കുന്നുള്ളൂ. അക്കാരണത്താൽ, സാമ്രാജ്യത്വയുദ്ധക്കൊതിയന്മാരുടെ നേക്കു് വെറുപ്പു് ഉളവാക്കിവിടുകയും, മുതലാളിത്ത അമേരിക്കയേക്കാൾ ഭംഗിയായ റഷ്യാനാട്ടിലെ ഉരുക്കുവ്യവസായത്തിന്നുള്ള മഹത്വം ഉന്നിപ്പറയുകയും ചെയ്യാത്ത പ്രണയകഥകളും കുറാനേഷണസംഭവങ്ങളും പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വിദ്യാർത്ഥികൾ വെറുപ്പോടെ വലിച്ചെറിയേണ്ടതാണു്.

സാഹിത്യപരമായ ഏതാദ്ദേശാവശ്യങ്ങൾ വർത്തമാനകാലത്തിലേയും ഭൂതകാലത്തിലേയും യഥാർത്ഥകമ്മ്യൂ

വേണ്ടയോ എന്നു ശങ്കിക്കുകയുള്ളുവെന്നാണു് ഷേക്സ്പിയറുടെ സൂചന. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ യഥാർത്ഥപ്രതിനിധികളായ ശവക്കഴി കുത്തുന്നവർക്കു് ഇത്തരം പ്രശ്നമേ വരാറില്ല. കമ്യൂണിസ്റ്റ്സമുദായം ഏറെത്താമസിയാതെതന്നെ ഒരു യാഥാർത്ഥ്യമായിത്തീരുമെന്നും, "ശവക്കഴി കുത്തുന്നവരുടെ സ്വതന്ത്രകമ്യൂണിസ്റ്റ് ടേ റ്റ് യൂണിയനു"കളിൽ അംഗങ്ങളായാലുള്ള ആശയപരമായ മെച്ചങ്ങൾ അന്നു തങ്ങൾക്കു ആസൂത്രികമാമെന്നും അവർക്കു നന്നായറിയാം.

ണിസ്റ്റെഴുത്തുകാർ സാധിപ്പിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ, ആദ്യകാലസാഹിത്യത്തെ വേണമെങ്കിൽ ശാശ്വതസാഹിത്യമാക്കിത്തീർക്കാൻ കഴിയും— പാത്രങ്ങളുടെ വർഗ്ഗസ്വഭാവം മാറ്റുകയും, കഥാഘടനയെ പ്രത്യയശാസ്ത്രപരമായി ശുദ്ധീകരിക്കുകയും ചെയ്തുകൊണ്ട്. ഇതിൽത്തന്നെ, വിദ്യാർത്ഥികൾ കമ്മ്യൂണിസ്റ്റ് പദ്യസാഹിത്യമാണ് പരിചിന്തിക്കേണ്ടതു്.

കവിത എന്നുവച്ചാൽ, കവിതാത്മകമായ വികാരത്തിന്റെയോ വിചാരത്തിന്റെയോ പ്രകടനം എന്നായിരുന്ന ഏറെക്കാലം കരുതിപ്പോന്നിരുന്നതു്. പ്രണയം, മരണം, വസന്തം, സമുദ്രം, സൂര്യോദയം, പുഷ്പങ്ങൾ— അല്ലെങ്കിൽ അവിവാഹിതയായ (ചിലപ്പോൾ വിവാഹിതയുടേയും) അംഗനയുടെ ക്രന്തൽ, കടമിഴികൾ, അധരങ്ങൾ, ദന്തപംക്തി തുടങ്ങിയ ശരീരാവയവങ്ങൾ മുതലായ നിരുദ്ദേശകങ്ങളും നീരസപ്രദങ്ങളുമായ വസ്തുക്കളെ പ്രതിപാദിക്കുന്ന ദൃഷ്ടാന്തങ്ങളായിരുന്ന അന്നു അധികവും. എന്നാൽ ഇടംപ്രഥമമായി ഒരു യഥാർത്ഥ- പരിപൂർണ്ണ-കമ്മ്യൂണിസ്റ്റ് കവിത പ്രസിദ്ധീകൃതമായപ്പോൾ, ലോകം ആ വ്യത്യാസം ഉടനടി കണ്ടു. പാർട്ടി ഹെഡ്കപാർട്ടേഴ്സിലെ ഒരു ഉല്ലടാവസ്ഥയെ വിവരിക്കുന്നതായിരുന്ന അതു്. അവിടത്തെ ഏലക്ട്രിക്ക് ലിഫ്ട് ശരിയായി പ്രവർത്തിച്ചിരുന്നില്ല. മുഴുത്ത മടികാരണം വൈദ്യുതപ്രവൃത്തിക്കാർ അതു ശരിയാക്കിയിരുന്നില്ല. പാർട്ടി സിക്രട്ടറി ഇടപെട്ടതിനെ തുടർന്ന് അതു വീണ്ടും പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു.

വേരുനിറഞ്ഞു കട്ടപിടിച്ച മൺപ്രദേശങ്ങൾ കിളച്ചുമറിക്കുന്നതിന്റെ അത്യാവശ്യകത, ഗ്ലൈസുണ്ടാക്കുന്ന സക്കാർ ഫാക്ടറികളുടെ ഏറ്റവും പുതിയ നേട്ടങ്ങൾ, പ്രമുഖനായ ഒരു പാർട്ടിമെമ്പറുടെ പുരോഗമനപരമായ രക്തവാതം, ലെനിന്റെ താടിമീശ മുതലായി അത്യന്തം ഹൃദയോത്തേജകവും കവിതാത്മകവുമായ കാവ്യബീജങ്ങൾ കമ്മ്യൂണിസ്റ്റ് പ്രതിഭാശാലികൾ പില്ക്കാലത്തു് ലോകത്തിനു നൽകിയിട്ടുള്ള സംഭാവനകളിൽ പെടും.

എന്തെങ്കിലും കമ്മ്യൂണിസ്റ്റ് കവിത സ്വന്തമായി എഴുതണം എന്നാഗ്രഹിക്കുന്നവർക്കു് താഴെ നല്കുന്ന കുറിപ്പുകൾ സഹായകമായേക്കും:-

സാവ്വലൌകികമായ എന്തെങ്കിലും മാനുഷികാശയം പ്രകടിപ്പിച്ചുകൊണ്ടു് ആരംഭിക്കുക. വർഗ്ഗബോധം നിറഞ്ഞ അദ്ധ്വാനത്തെ പരാമർശിച്ചുകൊണ്ടു് അതങ്ങു തുടരുക. കമ്മ്യൂണിസ്റ്റ് സാമ്പത്തികവ്യവസ്ഥയുടെ ശ്രേഷ്ഠത ഊന്നിപ്പറഞ്ഞുകൊണ്ടും, കുറച്ചു ഉല്പാദനസ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരിച്ചുകൊണ്ടും, സശ്രദ്ധം പരിഷ്കരിച്ച വൃത്തങ്ങളിൽ കവിതയെഴുതുക. കമ്മ്യൂണിസ്റ്റണികളിൽ ഒളിച്ചു കടന്നുകൂടിയിരിക്കുന്ന ശത്രുവിനേയും, അവനോടുള്ള പോരാട്ടത്തെയും കുറിച്ചു അതിശക്തിയായ ഏതാനും വരികൾ എഴുതുവാൻ മറക്കരുതു്! അവസാനമായി, കർഷകരും തൊഴിലാളികളും തമ്മിലുള്ള ഐക്യം ബലപ്പെടുത്തുന്ന വിധം, ഒരു കോൽക്കോഴിലെ (ക്രൂട്ടുകൃഷിസ്ഥലം) നിത്യജീവിതത്തിന്റെ ഏതാ

ന്നും ചിത്രങ്ങളും വർണ്ണിക്കുക.

ഇതാ ഒരു മോഡൽ. ''സോവിയറ്റ് ഉടുപ്പുവ്യവസായം മുന്നോട്ട്'' എന്ന തലക്കെട്ടിലുള്ള ഇതു്, വാർസാക്കരാർരാഷ്ട്രങ്ങളിലെ മന്ത്രിമാർ പങ്കെടുത്ത ''കമ്യൂണിസ്റ്റ് ഫാഷനുകളുടെ അന്താരാഷ്ട്രീയ പ്രദർശന''ത്തെക്കുറിച്ചുണ്ടായിരുന്ന ഒരു പത്രറിപ്പോർട്ടിനെ ആധാരമാക്കി എഴുതിയതാണു്:

"ഇരുക്കാലിമൃഗത്തിൻെറ
മട്ടിലീ മന്നിൽ വാഴ്വു ഞാൻ;
വേലചെയ്യ കരുത്താന്നി-
ട്ടുക്കായ് മാംസപേശികൾ,
രണ്ടിഞ്ചു കനമുള്ളോരു
ശീലാന്തിവടിവാന്നു തേ.
സന്തുഷ്ടനായ് വേലചെയ്യും
പിന്മാറില്ലൊരു നേരവും.
എനിക്കു പൂഴവേ കാണും
ക്രൂരൻ മതിലു നോക്കുകിൽ
അഴകിന്നുള്ള മോന്തായം,
മിന്നും തട്ടും തുലാങ്ങളും.
അവയ്ക്കിടയിലൂടേ താ-
നിങ്ങു വന്നണയുന്നിതാ
വിജ്ഞാനം വിതറീടുന്ന
പുഞ്ചിരിത്തെല്ലു തൂകുവോർ,
നമുക്കെഴും ചെറുകിട-
വ്യവസായനിയാമകർ,

മഹാന്മാരായ കമ്യൂണിസ്റ്റ്
മന്ത്രിമാ,രാത്തമോദരായ്.
പലനാട്ടുകളിൽ കാണാം
വസ്തുനിർമ്മാണവിദ്യകളം;
സ്റ്റാർട്ടോ ബിക്കിനിയോ നാരി-
മാരുടുത്തുനടന്നിടാം.
എങ്കിലും മറെറാരേടത്തുമിത്തരം കാഴ്ച കണ്ടിടാ-
വർഗ്ഗബോധം തുളുമ്പുന്നൊ-
രിത്തരം വസ്തുസഞ്ചയം
ഇത്തരം പരമോൽകൃഷ്ട-
ലെനിനിസ്റ്റ് വിജയങ്ങളും
മറെറ നാടുകളിൽച്ചെറെ-
മിത്തരം കാഴ്ച കണ്ടിടാ.
ആടിതൊട്ട മുടീലോള- മിഞ്ഞാനാനന്ദമത്തനാം;
എൻ കരളിംക്കുള്ളിലെരിയുന്നൊണ്ടാരാനന്ദകന്ദളം.
ഇപ്പാരെപ്പേരുമേ വാരിപ്പുണരാൻ വെമ്പൽകൊളം
വു ഞാൻ.
നമുക്കിടാനീം നാന്തവും പിന്നെ മുപ്പത്തിനാലുമേ
മോഡലുള്ളതിലോരോന്നിനേയുമേ കുമ്പിടുന്ന
ഞാൻ
എനിക്കുള്ളൊരു കമ്യൂണിസ്റ്റാത്മാവാൽ കുമ്പിടുന്ന
ഞാൻ.
പെണ്ണാടകളം പാലേ കയ്യാ-
ലുണ്ടാക്കും വിഷയത്തിൽ നാം
നെടുനാളായി നിഷ്കർഷ
കാട്ടീടാറില്ല തെല്ലുമേ;

നമുക്കുള്ളോരണികളിൽ
ശത്രുക്കൂട്ടം നിഗ്രഹമായ്
ഒളിച്ചിരുന്ന വിത്താഢ്യർ,
ബാങ്കർമാരും പ്രഭുക്കളും,
എന്നിരുന്നാലുമവരെ -
ത്തകർത്തു കണ്ടപാട്ടു നാം;
അവരെപ്പിടിക്രൂടീനാ -
മവരെ ഗ്ലൂരിയാക്കി നാം.

നമുക്കുള്ളോരു ലെനിനിസ്റ്റ്
മോഡലാം മോഡലേതിലും
കാണാം വള്ളികളും നാനാ
പുള്ളിയും ബട്ടണും തഥാ,
ക്രെംലിനന്നംവച്ചിട്ടുന്ന
നിത്യനൂതനഭാവവും.

പുഴയോരത്തു നില്ക്കുന്ന
മാരത്തണ്ലാലഹോ
കതിരോനൊരു പൊന്നാട
നെയ്തിരിക്കുന്ന സുന്ദരം.
കമ്മ്യൂണിസ്റ്റായ ദാശന്റെ വരവും പാത്തുകൊ
ണ്ടിതാ
താഴെ,യാറിനുള്ളിലുണ്ടു നാനാമീനവ്യൂഹങ്ങളും.
പുഴയിൽപ്പള്ളികൊള്ളുന്നൊ -
രലകടൽ, മീതെയങ്ങതാ
മാർക്സിസ്റ്റുമാനത്താ,നന്താൽ
പറക്കും മേഘപാളിയും,

നമുക്കെഴും ക്രൂട്ടുകൃഷി
സ്ഥലത്തെ ട്രാക്ടർകർഷകമേൽ
കൃഷിക്കാ,രവർ തൻ ചാരേ
നില്ക്കുന്ന തൊഴിലാളരും,
ചുവന്ന കൊക്കെഴും റഷ്യൻ
പൊന്മയൊന്നപ്പറത്തതാ-
എന്തു ചന്തം പാത്തിടുമ്പോ-
ളെന്തൊരാനന്ദ,മോക്കുകിൽ!
എന്തുമാത്രം 'ലെനീനീയം'!
മഹൽ കമ്യൂപ്രദർശനം!

ഇതാണു് യഥാർത്ഥകവിത.

കമ്മ്യൂണിസ്റ്റുകാരായ നോവലെഴുത്തുകാർ രണ്ടിടത്തുനിന്നാണു് പ്ലോട്ട് കണ്ടുപിടിക്കുന്നതു്. (1) മഹാന്മാരായ കമ്മ്യൂണിസ്റ്റുകാരുടെ വീരജീവിതം (2) അന്നദിനപ്രവൃത്തി. ലോകപ്രസിദ്ധകമ്മ്യൂണിസ്റ്റ്ധീഷണാസമ്പന്നനും കസാലകഥം കേട്ടപാടു തീക്കുന്നവനുമായ വാസ്സിലിവാസ്സിലീവിച്ചു് മൊറോണോവിനെപ്പററി എൽ. എം. കെ. തിപ്പാത്തിറാസറോയാങ്കോ എഴുതിയിട്ടുള്ള ഏഴു വോള്യം വരുന്ന ജീവചരിത്രപരമായ നോവലിൽനിന്നു് ഉദ്ധരിക്കുന്ന ഈ ഭാഗം ഇതിൽ ആദ്യത്തേതിനു ദൃഷ്ടാന്തമാണു്:-

"ഒരു ഷൂലേസിന്റെ അരണ്ട വെളിച്ചം മാത്രമാണു് ആ ഇരുണ്ട മുറിയിൽ വെട്ടം വീശിയിരുന്നതു്. വൃദ്ധനായ മൊറോണോവിനു് ഒരു മെഴുകുതിരി വാങ്ങിക്കാനുള്ള കഴിവുണ്ടായിരുന്നില്ല. അയാൾക്കു ജോലിയൊ

ന്നും ഇല്ലായിരുന്നു. തന്റെ ബാല്യകാലസ്മരണകളും അയവിറക്കിക്കൊണ്ടാണു് അയാളും ജീവിച്ചുപോന്നിരുന്നതു്. അയാളുടെ ഭാര്യ, അമ്മയില്ലാത്ത നാലു കുട്ടികളെ—അവരിൽ ഏറ്റവും ഇളയ വാസ്സിലിക്കു രണ്ടുവയസ്സേ ആയിരുന്നുള്ളൂ—അയാളിൽ അർപ്പിച്ചുകൊണ്ടു്, അവരുടെ വിവാഹത്തിനു എത്രയോ മുമ്പുതന്നെ മരിച്ചുപോയിരുന്നു. ആ മുറിയ്ക്കുള്ളിൽ ഒരിയ്ക്കലും സൂര്യപ്രകാശം കടക്കാറില്ല. എങ്കിലും വാസ്സിലിയുടെ പിഞ്ചുചുണ്ടുകളിൽനിന്നു ഒഴുകിയിരുന്ന വാക്കുകളും കേൾക്കാനായി, തൊട്ടടുത്ത പ്രെസ്നോപ്പോൾസ്കായാ പ്രൊപ്പെക്തു് എന്ന ചേരിയിൽനിന്നു്, വെറും ചാക്കുകോണകം മാത്രം ഉടുത്തു് എത്താറുള്ള അയൽപക്കക്കാരെക്കൊണ്ടു് ആ മുറി നിറയാറുണ്ടു്. വൃദ്ധനായ മോറോണോവു് മയക്കത്തിൽനിന്നു് ഉണരുമ്പോൾ മാത്രമേ അവൻ സംസാരം നിർത്തിയിരുന്നുള്ളൂ. അന്നേരം അവന്റെ വായിൽനിന്നു വാക്കൊന്നും പുറത്തുവരില്ല. തന്റെ പച്ചക്കണ്ണുകളും തട്ടിന്മേലുറപ്പിച്ചു് അവനങ്ങു കിടക്കും. മാത്രമല്ല, ചുട്ടുള്ള എന്തെങ്കിലും വയററിന്നകത്താക്കാൻവേണ്ടി ചുമരിന്മേൽനിന്നു ഒരു കുമ്മായക്കട്ട അടിത്തിയെടുത്തു സാപ്പിടുകയും ചെയ്യും.

"എന്നിട്ടു് അവൻ സംസാരം തുടർന്നു. സാറമാരുടെ ക്രൂരതകളും, മുതലാളിത്തത്തിന്റെ തകർച്ച, വരാൻപോകുന്ന വിപ്ലവത്തിൽ (ശിശുസഹജമായ കൗതുകത്തോടെ 1917 ഒക്ടോബർ 29-ാംനു- എന്നു അവൻ പ്രേ

വചിച്ചു)* തൊഴിലാളിവർഗ്ഗത്തിന്നുള്ള മുൻകയ്യ് എന്നി
വയെപ്പററി അവൻ സംസാരിച്ചു. ദിവസം വന്നപ്പോൾ,
കൊച്ചുവാസ്സിലി ഒരു റെജിമെൻറിൻെറ മുൻപന്തി
യിൽ നിന്നു്, ഒരു വെങ്കുതിരപ്പുറത്തുകയറി നേതൃത്വം
നൽകി. അവന്നു മൂന്നു വയസ്സു് ശരിക്കും തികഞ്ഞിരു
ന്നുവെന്നുള്ളതു വിട്ടാൽ, വാർധക്യത്തിൻെറ യാതൊരു
ലാഞ്ഛനയും മുഖത്തുണ്ടായിരുന്നില്ല. കണ്ടാൽ അവന്നു
വെറുമൊരു നാല്പതോ നാല്പത്തഞ്ചോ വയസ്സു പ്രായമേ
തോന്നിച്ചിരുന്നുള്ളുതാനും. അവൻെറ കയ്യിൽ, ക്ഷൗ
രക്കത്തിയുടെ മൂർച്ചയുള്ള ഒരു റിവോൾവറും, അവൻെറ
അമ്മൻ ലെപ്പിസിൻസ്കിരാജകുമാരൻെറ കൊട്ടാരത്തിൽ
നിന്നു ഒരു മുത്തുമാല, വൈരംകൊണ്ടുള്ള രണ്ടുമൂടിപ്പൂവു്
എന്നിവയോടൊപ്പം കൊണ്ടുവന്നിരുന്ന ഒരു പഴയ കോരി
കയും ഉണ്ടായിരുന്നു. കൊച്ചുവാസ്സിലി ക്രൂക്രൂടെ ആകാ
ശത്തിലേക്കു വെടിവയ്ക്കും; എന്നിട്ടു കുതിരയെ അടി
ച്ചു മുന്നോട്ടുപായിക്കും, അന്നേരമത്രയും, ഇളങ്കാററിൽ
ഉലഞ്ഞാടുന്ന ഒരു കൊച്ചുതുവാലയുടെ കോന്തലകൊണ്ടു
തൻെറ മുഖം ക്രൂടക്രൂടെ മറയ്ക്കുകയും ചെയ്യുമായിരുന്നു.

"എല്ലാ പക്ഷികളും പൂക്കട്ടെ; എല്ലാ പക്ഷികളും
പാടട്ടെ," എന്നതു്, കമ്യൂണിസ്റ്റുകാരുടെ "അധ്വാന
നോവലി"ൻെറ ഒരു ഉത്തമോദാഹരണമാണു്. മൈനീ
സ് ജനകീയറിപ്പബ്ലിക്കിലെ മിസ്റ്റിസിസകാര്യമന്ത്രിയായ
പ്രൊഫസർ ലീലോ-പ്രാങ്ങ് എഴുതിയിട്ടുള്ള ആ

* ഇക്കാരണത്താലാണു് കമ്യൂണിസ്റ്റുകാർ മഹത്തായ ഒക്ടോബർ
വിപ്ലവം എല്ലാക്കൊല്ലവും നവമ്പർ 7-നു് കൊണ്ടാടുന്നതു്.

നോവലിലെ ആദ്യത്തെ 7000 പേജ്, ടൈനദീതീരത്തുള്ള ഒരു മണലൂരുക്കൽക്കമ്പനി വാങ്ങിയ്ക്കാനാണ് വിനിയോഗിച്ചിട്ടുള്ളതു്. അടുത്ത 2000 പേജ് (പുസ്തകത്തിൽ ആകെ 9627 പേജ് മാത്രമേ ഉള്ളൂ), മണൽവേവിക്കുന്ന തൊഴിലാളികളിൽ ഒരുവനായ ടു-പീ-ആർ കമ്യൂണിസ്റ്റ് പാർട്ടി അംഗത്വം കിട്ടാനായി അയച്ച അപേക്ഷയാണു്. പുതിയ വായനക്കാക്കു് ഇനി വായിക്കാം:—

"മഹാനായ മാവോസേതുങ്ങിന്റേയും, എന്റെ ഭാര്യയുടെ രാഷ്ട്രീയപരിണാമത്തെ വളർത്തിയ അയൽപക്കജില്ലയിലെ പാർട്ടി സിക്രട്ടറിയുടെയും സഹായത്താൽ ഞാൻ ഇപ്പോഴും ഒമ്പതു കുട്ടികളെക്കൊണ്ടു് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. (ഇവിടെ അയാളം ആ കുട്ടികളുടെ പ്രവൃത്തികളെക്കുറിച്ചു് സാമാന്യം ദീർഘമായി വിവരിച്ചിട്ടുണ്ടു്.) എന്റെ പത്താമത്തെ കുട്ടി, പാർട്ടിയുടെ സഹായത്താൽ, ഇതാ എത്തിച്ചേരാറായി. ഇങ്ങനെ, എനിക്കു സുഖമയമായ ജീവിതം സാദ്ധ്യമാക്കിത്തരികയും, എന്റെ കുട്ടികൾക്കു വിദ്യാഭ്യാസവും തൊഴിലും നൽകുകയും, എന്റെ ഓരോ പക്ഷിക്കും പുഷ്പിക്കാനും, എന്റെ എല്ലാ പുഷ്പങ്ങൾക്കും 'പക്ഷി'ക്കാനും കഴിവുണ്ടാക്കിത്തരികയും ചെയ്യുന്ന, എല്ലാം കാണുന്ന, സംഘടനയിൽനിന്നു് എനിക്കു ഇനിയും കൂടുതൽ പലതും ആശിയ്ക്കുന്നതേ?"

എന്നാൽ, തന്റെ നോവലിലെ അടുത്ത 627 പുറങ്ങളിലൂടെ, തന്റെ കുടുംബജീവിതത്തിന്റെ മനോ

ഹരവും ശുഭമെയവുമായ ഒരു ചിത്രം വരച്ചുകാട്ടി പാർട്ടിയെ തെറ്റിദ്ധരിപ്പിക്കാനാണ് ലീലോപ്രാങ്ങ് ഉദ്യമിക്കുന്നതെന്നു തെളിയുന്നുണ്ട്. അയാളുടെ കൂട്ടികാം വല്ലപ്പോഴുമൊക്കെ മാത്രം കിട്ടുന്ന വേലകൊണ്ടാണ് ഉപജീവനം കഴിക്കുന്നതെന്ന് ഒരു യഥാർത്ഥകമ്യൂണിസ്റ്റുകാരൻ വെളിപ്പെടുത്തുന്നതോടെ, അയാം പൊട്ടിക്കരയുകയും, താൻ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒരു ചാരനാണെന്നു ഏറ്റുപറയുകയും ചെയ്യുന്നു. മാത്രമല്ല, താൻ ചിയാങ്ങ് കൈഷേക്കിന്റെ മരുമകനാണെന്നും അയാം 'കുറ്റസമ്മതം' ചെയ്യുന്നു. ഒരു പട്ടാളക്കോടതി ആ കുടുംബത്തിന്റെ മുഴുവൻ കഥ കഴിക്കാൻ കല്പിക്കുന്നു. ആ ശിക്ഷ നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ പാർട്ടിസിക്രട്ടറി ചെയ്യുന്ന ആവേശകരവും വാചാലവുമായ പ്രസംഗത്തോടെയാണ് ആശ്ചര്യജനകമായ ഈ നോവൽ പര്യവസാനിക്കുന്നത്.

ഇനി സാക്ഷാൽ കമ്യൂണിസ്റ്റുനാടകം. സാധാരണ ബൂർഷ്വാനാടകത്തിൽ നായിക നായകനെ കണ്ടെത്തുന്നു, അവളോട് അയാം പ്രേമാർത്ഥന നടത്തുന്നു, അവരുടെ അവസാനത്തെ തുള്ളിചോര പോലും ചിന്താമെന്നു അയാം ഉറപ്പുനല്കുന്നു. കമ്യൂ: നാടകത്തെ ഈ മോഡലുമായി നമുക്കൊന്നു താരതമ്യപ്പെടുത്താം.

ഇങ്ങനെ ഒരു കഥാതന്തുവിന്മേൽ കൈവയ്ക്കണമെന്ന് ആഗ്രഹിക്കുന്ന സോവിയറ് നാടകക്കാരൻ ആദ്യമേതന്നെ പ്രചരണമന്ത്രികാര്യാലയത്തിലേക്കും, പാർ

ട്ടിയുടെ പ്രസ്സ് വകുപ്പിലേയ്ക്കും, അജിപ്രൊപ്പ് വിഭാഗത്തിലേക്കും ഫോൺചെയ്യുന്നു—ആ ആഴ്ചയിൽ രാഷ്ട്രീയമായ എന്തെല്ലാം പോയിൻറുകളാണ് ഉണ്ടാകുന്നതെന്നു അറിയാൻ, വിതയ്ക്കുന്നതിൻെറ പ്രധാന്യം, കൃത്രിമവളം, മണ്ണിൽനിന്നു കല്ലും കരട്ടും കാലയും നീക്കൽ, ഓക്ക് വൃക്ഷത്തിൻെറ ഫലസമ്പത്തിനു ദേശീയസാമ്പത്തികക്രമത്തിലുള്ള മൂല്യം, പുതിയ ഒരണുശക്തിസ്റ്റേഷൻ സ്ഥാപിക്കൽ, മൂരാച്ചികളുടെ ചാരവൃത്തിസംഘീസിലെ ക്ലബിപ്പട്ടാളത്തെ മറനീക്കി വലിച്ചുപുറത്താക്കാൻ വേണ്ടിയുള്ള നിരന്തരസമരം, ക്രൂട്തൽ രക്തഭോതാക്കം ഉണ്ടാകേണ്ടതിൻെറ അത്യാവശ്യകത എന്നിവയാണ് ആ പോയിൻറുകൾ എന്നു അയാൾക്കു അറിവുകിട്ടുകയും ചെയ്യുന്നു.

ബൂർഷ്വകളുടെ നാടകത്തിലെന്നപോലെ രംഗം, പാക്കിലെ ഒരു ബെഞ്ചാകാം. എന്നാൽ കമ്യൂ: രംഗത്തിലെ പശ്ചാത്തലം, "സമാധാനത്തിനുവേണ്ടിയുള്ള സോവിയറ്റ് അണുശക്തിസ്റ്റേഷൻ" എന്നു എഴുതിയിട്ടുള്ള ഒരു വലിയ ചതുരൻ കെട്ടിടമായിരിക്കണം. ഒരു യുവാവും യുവതിയും പ്രവേശിക്കുന്നു.

യുവാവ്:- നീ എന്നെ സ്നേഹിക്കുന്നുണ്ടോ?

യുവതി:- ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.

യുവാവ്:- ഭയങ്കരമായോ?

യുവതി:- കരട്ടും കാലയും കൂടഞ്ഞുനീക്കിയശേഷം പുതുതായി വിതച്ച വിത്ത്, കൃത്രിമവളത്തെ സ്നേഹിക്കുംപോലെ.

യുവാവു്:- അപ്പോൾ,.....നീയും എന്റെ മാതിരിതന്നെ.....

യുവതി:- (ആകാംക്ഷയോടെ) ഉവ്വു്, പൊന്നേ.

യുവാവു്:- നമുക്കു കാട്ടിലേക്കു പോകാം.

യുവതി:- എന്തിനു്?

യുവാവു്:- ഓക്കിന്റെ കായ്കളും ശേഖരിക്കാൻതന്നെ. അതു ദേശീയസമ്പത്തിന്നു സഹായകമാവും.

യുവതി:- .....നിങ്ങളുടെ അമ്മായി പോകട്ടെ അതിനു്!

യുവാവു്:- .....ഏതമ്മായി?

യുവതി:- .....സമാധാനപരമായ ആവശ്യങ്ങൾക്കുമാത്രംവേണ്ടി നിലകൊള്ളുന്ന നമ്മുടെ ഏറ്റവും പുതിയ സോവിയറ്റ് ആറാം പ്ലാൻറിന്നടുത്തു പാക്കുന്ന അമ്മായി.

യുവാവു്:- (സ്വരം താഴ്ത്തി).....ശു്, ശു്, ശു്..... അതു അമ്മായി ശത്രുക്കളിൽ ഒരുത്തിയാണു്. അവൾ സാമ്രാജ്യത്വത്തിന്റെ ഒരു ചട്ടുകവുമാണു്.

യുവതി:- നമ്മുടെ വിവാഹം കഴിഞ്ഞാൽ ഉടനെതന്നെ നമുക്കു അവളെ മറനീക്കിക്കാട്ടാം.

യുവാവു്:- അപ്പോൾ നീ എന്നെ സ്നേഹിക്കുന്നു?

യുവതി:- ഞാൻ സ്നേഹിക്കുന്നു.

യുവാവു്:- സത്യമായും?

യുവതി:- ഞാൻ എന്റെ അവസാനത്തെ തുള്ളി രക്തംപോലും അങ്ങയ്ക്കു നൽകാം.

യുവാവു്.- അതുവേണ്ട, സഖാവേ. ഓരോ ആസ്പ

ത്രിയിലുമുണ്ട് ഓരോ രക്തബാങ്ക്.

(തിരട്ടീല)

കമ്മ്യൂണിസ്റ്റ് തർജ്ജമ:- ലോകസാഹിത്യം മനുഷ്യരാശിയുടെ മുഴുവനും സ്വത്തായിരിക്കേണ്ടതാണെങ്കിലും, റഷ്യൻഭാഷ ലോകത്തിലെ ഏക ഭാഷയായിത്തീരാൻ അല്പംസമയംകൂടി പിടിച്ചേക്കാം. അതിനാൽ കമ്മ്യൂ: തർജ്ജമ പലപ്പോഴും അത്യാവശ്യമായി വരാം.

പരിപൂർണ്ണസാഹിത്യസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂട്ടിന്നകത്തുനിന്നുകൊണ്ട്, പാർട്ടിയുടെ മാർഗ്ഗദർശകതത്ത്വത്തിൻ കീഴിൽ, സമർത്ഥരായ പരിഭാഷകർക്ക് ഒരു മൂലകൃതിയെ പിടിച്ചു്, കമ്മ്യൂണിസ്റ്റ് പ്രസിദ്ധീകരണത്തിന്നു പറ്റുന്നവിധം എങ്ങനെ മാറ്റാം എന്നതിന്നു ഡിഫോയുടെ റോബിൻസൺ ക്രൂസോ ഉദാഹരണമായെടുക്കാം.

മൂലകൃതിയുടെ സ്വഭാവം നോക്കുമ്പോൾ അതിൽ സാമൂഹ്യപ്രാധാന്യം ഇല്ലെന്നും, വ്യക്തിക്കു സമഷ്ടിയുടെ സാമീപ്യം ഇല്ലെങ്കിലാണു് കൂടുതൽ പുരോഗതി എന്ന അഭിപ്രായം ഉണ്ടാകാമെന്നും ഉള്ള ഒരു പ്രതീതിയുണ്ട്. എന്നാൽ "സഖാവു് റോബിൻസണി"ൽ സ്ഥിതി മറിച്ചാണു്. തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാനായി മുതലാളിത്തക്കുപ്പൽക്കമ്പനി തീരുമാനിക്കുകയും, താണതരം സാമഗ്രികൾ കൊണ്ടുണ്ടാക്കിയ കുപ്പലിറക്കി, അതിലെ തൊഴിലാളികളെ മൃഷ്ണനം ചെയ്യാൻ ഉറപ്പിക്കുകയും ചെയ്തതുകൊണ്ടാണു് അതിലെ നായകൻ ദുർഘടത്തിലാവുന്നതു്. കുപ്പൽ കൊടുങ്കാറ്റിൽ പെട്ടുമുങ്ങുമ്പോൾ

അയാൾ ഒരുവൻ മാത്രമേ രക്ഷപ്പെട്ടുള്ളൂ. ലങ്കാഷയറിലെ ധനാഢ്യനായ ഒരു ബോയിലർ നിർമ്മാതാവിന്റെ ഏക പുത്രനാണു് അയാൾ. എന്നിരുന്നിട്ടും, ഒരു ഷർട്ടും ട്രൌസറും ഒഴികെ യാതൊന്നും തനിക്കു് അവശേഷിച്ചിട്ടില്ലെന്നു കാണുമ്പോൾ അതാണു് ശരിയായ കമ്യൂണിസം എന്നു മനസ്സിലാക്കത്തക്കവിധം അയാൾ രാഷ്ട്രീയമായി വളർന്നിട്ടില്ല. അവിടത്തെ പാർട്ടി ഉദ്യോഗസ്ഥന്മാരെയും അയാൾക്കു കാണാൻ കഴിയാത്തതിനാൽ, അയാൾതന്നെ ഉടനെ പാർട്ടിയുടെ ഒരു ഡിസ്ട്രിക്ട് ശാഖ സംഘടിപ്പിച്ചു്, താൽക്കാലികാദ്ധ്യക്ഷനും സിക്രട്ടറിയും ആയിത്തീരുന്നു. അചിരേണ അയാൾ ഒരു ലാമയേയും (തെക്കേ അമേരിക്കയിൽ കാണുന്ന ഒരുതരം ഒട്ടകം) ഒരാടിനേയും തത്തയേയും പിടിക്കുന്നു. ഇതോടെ കാര്യങ്ങൾ എളുപ്പമായിത്തീരുന്നു— സിക്രട്ടറിയുടെ പണി അയാൾക്കു് ഇനി തത്തയെ ഏല്പിക്കാമല്ലോ.

സഖാവു് റോബിൻസന്റെ നേതൃത്വത്തിൽ ദ്വീപു് സോവിയറിലെ ഒന്നാം പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നു. ദ്വീപിന്റെ തെക്കേ പകുതി വടക്കേ പകുതിയിലേക്കും, വടക്കേതു തെക്കോട്ടും മാറ്റൽ പ്രസ്തുത പദ്ധതിയിൽ പെടും. മുങ്ങിപ്പോയ ഒരു കപ്പലിൽനിന്നുള്ള ചരക്കുകൾ സഹായത്തിന്നെത്തുന്നു. ടിന്നിലാക്കിയ ഒരുപാടു് ആഹാരസാധനങ്ങൾ, ഉപ്പു്, മൂരിയിറച്ചി, ചാളമത്സ്യം, ജാം, പണിയായുധങ്ങൾ, പലതരം പെട്ടികൾ മുതലായവ തിരയടിച്ചു് കരയ്ക്കണയുന്നു. പെട്ടികളിലൊന്നിൽ നിറയെ പുസ്തകങ്ങളാണു്. മാർക്സിന്റെ

'ക്യാപ്പിറൽ', സ്റ്റാലിന്റെ ജീവചരിത്രം, ലെനിന്റെ "ഒരടി മുന്നോട്ട്, രണ്ടടി പിന്നോട്ട്" എന്നിവ അക്കൂട്ടത്തിൽ പെട്ടിരുന്നു. തങ്ങൾക്കു സ്വന്തമായ ഒരു തത്വസംഹിത ഉണ്ടാകാൻ പോകുന്നു എന്നുകണ്ടു് സന്തുഷ്ടരായ ദ്വീപനിവാസികൾ, മറവുള്ളവ വേലിയിറക്കത്തിൽ ഒഴുകിപ്പോകുന്നതു തടഞ്ഞതുമില്ല.

ഈ കൂട്ടത്തിലേക്കു ഒരു നീഗ്രോയും വന്നുചേരുന്നു. അമേരിക്കയിലെ തെക്കൻ സ്റ്റേറുകളിൽ നടക്കുന്ന ക്രൂരമർദ്ദനങ്ങളിൽനിന്നു ചാടി രക്ഷപ്പെട്ടവനാണു അയാൾ. ഒരു ചൊവ്വാഴ്ചയാണു് അയാൾ വന്നതു്. ഇതിനെ മുൻനിർത്തി, മാർക്സിസ്റ്റ് തത്ത്വശാസ്ത്രപ്രകാരം, അയാൾക്കു് വെനസ്ഡേ തഴ്സ്ഡേവിച്ചു് എന്നു നാമകരണം ചെയ്യുന്നു. നേരത്തെ പിടിച്ചിരുന്ന അമേരിക്കൻ ഒട്ടകത്തെ മാതാപിതാക്കൾ, ഇടത്തരക്കാരിൽ ഉയർന്നവരുടെ വർഗ്ഗത്തിൽപ്പെട്ടവരാണെന്നും, അവൻ പാർട്ടിക്കെതിരായി ഗൂഢാലോചന നടത്തിയിരുന്നുവെന്നും, പിന്നീടു് കണ്ടുപിടിച്ചതിനെത്തുടർന്നു്, ദ്വീപുകാർ ഒരു രഹസ്യവിചാരണ നടത്തുകയും, ആ മൃഗത്തെ കൊന്നതിന്നുവാൻ വിധിക്കുകയും ചെയ്തു.

റോബിൻസന്റെ ദ്വീപിലെ രണ്ടുഭാഗങ്ങൾ തമ്മിൽ അന്യോന്യം മാറുന്നതിൽ വരുന്ന ക്ലേശവും അദ്ധ്വാനവും അനുഭവിക്കുവാനായി, സ്വതേ സുഖകരമായ തങ്ങളുടെ വന്യജീവിതം ഉപേക്ഷിക്കുവാൻ അവിടത്തെ പക്ഷിമൃഗാദികൾ കൂട്ടാക്കാതിരുന്നതിനാൽ, പ്രതിവിപ്ലവകാരികളെന്നനിലക്കു അവയെ കാച്ചിക്കളഞ്ഞു. അ

വശേഷിച്ചുവയാകട്ടെ, അയാളോട്ട് ഒരു ലോകകമ്യൂണിസ്റ്റ്യൂണിയൻ സ്ഥാപിക്കുവാൻ ഏകകണ്ഠമായി ആവശ്യപ്പെട്ടന്നു. ആ യൂണിയന്റെ ഗുണോൽക്കർഷത്തിനു വേണ്ടി അയാൾ സമാധാനം ഭദ്രമാക്കിത്തീർക്കുകയും ചെയ്യുന്നു."

കമ്യൂണിസ്റ്റ് യക്ഷിക്കഥകളും സർവ്വസാധാരണങ്ങളാണ്. "സ്നോവൈറ്റും ഏഴു കുലാക്കുകളും" എന്ന കഥയാണ് അവയിൽവച്ചു ഏറ്റവും മുഖ്യം.

വളരെയേറെ പണക്കാരനായ ഒരു മുതലാളിയുടെ വിധവയുടെ 'മരുമകൾ' ആണ് സ്നോവൈറ്റ്. ചിറ്റമ്മയായ വിധവ അവളെ അത്യന്തം വെറുക്കുന്നു. അതിനു തക്ക കാരണമുണ്ട്. ഒരു തൊഴിലാളിയായിരുന്ന അവളുടെ അച്ഛൻ; അമ്മ ഒരു അലക്കുകാരിയും. അവളെ മുതലാളിത്തഘാതകന്മാർ കാവുകളഞ്ഞു. സ്നോവൈറ്റ് വീട്ടിൽനിന്നു ചാടിപ്പോയി. സുഖം കണ്ടെത്താൻ അതേ ഒരു വഴിയുള്ളുവെന്നു അവൾക്കു തോന്നി. ഒരു പാർട്ടിചിഹ്നം രക്ഷാകവചമായി അവൾ മാറോടണച്ചുവച്ചിരുന്നു.

കുള്ളന്മാരായ ഏഴു കുലാക്കുകളെ അവൾ കണ്ടെത്തുന്നു. ക്രൂട്ടടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണെങ്കിലും മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങളുമായി പിന്നേയും മല്ലടിച്ചു കഴിയുകയായിരുന്നു അവർ. തങ്ങളുടെ പിഞ്ഞാണങ്ങളും ഗ്ലാസുകളും മറ്റാരെങ്കിലും ഉപയോഗിക്കുന്നതിനു അവർ എതിരായിരുന്നു എന്ന കാര്യത്തിൽനിന്നു അതു ഊഹിക്കാം. സ്നോവൈറ്റിനെ കിടക്കയിൽ

കാണുന്നതോടുകൂടി അവരുടെ അഭിപ്രായം മാറുന്നു. അവളെ ചൂഷണം ചെയ്യാൻ അവർ ഉറച്ചു. അതും കൂട്ടുടിസ്ഥാനത്തിൽ. പക്ഷേ അവർ ഉറച്ചു നിന്നതേ ഉള്ളൂ. അവളുടെ മുടി കെട്ടാൻ ഒരു ചുമന്ന റിബ്ബൺ കൊടുക്കാമെന്നു് അവർ പ്രലോഭിപ്പിച്ചുനോക്കി. പക്ഷേ ഫലം ഉണ്ടായില്ല. പാർട്ടി റാലിക്കു കൊണ്ടുപോകാമെന്നു അവർ പറഞ്ഞു; അതിനും ഫലം ഉണ്ടായില്ല. നല്ല കല്ലിൽ കൊത്തിയ ലെനിന്റെ ഒരു പ്രതിമ സമ്മാനിക്കാമെന്നു അവർ വാഗ്ദാനം ചെയ്തുകൊണ്ടും ഗുണമൊന്നും ഉണ്ടായില്ല. അവരുടെ തന്നെ ഇട്ടുങ്ങിയ വഴിയിൽ ഉറച്ചു നിന്നു് (ഒന്നോ രണ്ടോ പേരെയൊഴിച്ചു്) അവരെ നിഷേധിച്ചതേ ഉള്ളൂ.

പക്ഷേ ഒരുനാൾ അവളുടെ ദുഷ്ടയായ ചിറ്റമ്മ, ഒരു സോവിയറ്റു് സമാധാനപ്പടയാളിയുടെ കള്ളവേഷത്തിൽ ചെന്നു. തലേമാസത്തെ ബുർഗാനിന്റെ "സമാധാനക്കത്തുകളുടെ ഒരു സമാഹാരം" അവർക്കു സമ്മാനിച്ചു് അവളെ വശീകരിച്ചു. ആകെയുള്ള 12586 പേജിലെ ഒന്നാം പുറം അവർ ആത്തിയോടെ തുറന്നു നോക്കുമ്പോഴേക്കും ജീവനറ്റു് അവർ കസാലയിലേക്കു മറിഞ്ഞുവീണു.

ചുരുങ്ങിയ ക്രൂരിക്കു വേലയെടുക്കാൻ കിട്ടിയിരുന്ന ഒരുവർഷം നഷ്ടപ്പെട്ടതിൽ കുള്ളൻ കുലാക്കുകൾക്കു നന്നെ കുണ്ഠിതമുണ്ടായി. അവളുടെ ശവസംസ്കാരച്ചെലവു തങ്ങൾ തന്നെ വഹിക്കേണ്ടി വരുമെന്നു് അവർ കണ്ടു. പക്ഷേ ഭാഗ്യവശാൽ, തത്സമയത്തു്, സഖാവു് രാജകു

മാരൻ (ഒരു പാർട്ടി നേതാവു്) അവിടെ വന്നെത്തുക യും, സന്നിഹിതരായിരുന്ന എല്ലാവരോടും മേയ്ദിന പരേഡിൽ പങ്കെടുക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. പാർട്ടി അച്ചടക്കത്തിന്റെ ശക്തിയാൽ, സ്സ്നൈവെ റു് ഉടനടി ചാടിയെഴുന്നേറു്, കയ്യിൽ ഒരു ബാനറു മായി സഖാവു് രാജകുമാരനോടൊപ്പം മാർച്ചു ചെയ്യു ന്നു.

"സഖാവു് ആലീസ് അതിശയനാട്ടിൽ" എന്ന ക ഥയിൽ ഒരു ഇംഗ്ലീഷുകാരിപ്പെൺകിടാവു് എന്തോ വി ഴുങ്ങിയതിന്റെ ഫലമായി ഒരത്ഭുതനാട്ടിൽ എത്തിച്ചേ രുന്നു. അവിടെ കാണുന്ന എന്തും മനോഹരമാണു്. മനു ഷ്യർ ദയാലുക്കളും സുന്ദരന്മാരും സമത്ഥന്മാരുമാണു്. എല്ലാവക്കും സുഖവും സംതൃപ്തിയും സമൃദ്ധിയും അനുഭ വപ്പെട്ടിരുന്നു. എല്ലാവക്കും ഭരണക്രമത്തോടു് വളരെ മ തിപ്പും സന്തോഷവുമാണു്. അവരം അന്നാട്ടിൽ നിന്നു മടങ്ങിപ്പോകുമ്പോരം ഗോപുരവാതിലിലേക്കു ഒന്നു തി രിഞ്ഞു നോക്കുന്നു—"സോവിയറു് യൂണിയൻ" എന്നു അതിന്മേൽ എഴുതിക്കാണണം.

"അറേബ്യൻ രാത്രിഷിഫ്ട്" എന്ന കഥ ഷെഹർ സാദയെപ്പററിയുള്ളതാണു്. ഒരു ടെക്സ്റൈൽ ഫാക്ട റിയിൽ ടൈപ്പിസ്റ്റാണു് അവരം. രാത്രി ഷിഫ്ടിൽ ജോലിക്കാരെ അവളെന്നും പിടിച്ചുനിത്തും. ഒടുവിൽ പാർട്ടിയുടെ സഹായത്തോടെ അവളെ തൊലിയുരിച്ചു കാട്ടി രാഷ്ട്രീയപ്പോലീസിൽ ഏല്പിക്കുന്നു. ആയിരത്തൊ ന്നു രാത്രി അവളെ ചോദ്യം ചെയ്തപ്പോരം, അവളോടു് പ

റഞ്ഞതെല്ലാം അവർ ഏറെപറയുന്നു. താനാണു് റീഷ് ടാഗിനു തീവച്ചതു്, താനാണു് ടൈറാനിക്കു് കപ്പൽ മുക്കിക്കളഞ്ഞതു്, താനാണു് വെസൂവിയസ്സിനും പോമ്പിക്കുമിടക്കു സമുദ്രാന്തർഭാഗത്തു ഒരു വഴിയുണ്ടാക്കിയതു്, എന്നെല്ലാം അവർ സമ്മതിക്കുന്നു. മാത്രമല്ല (അവർ ചെയ്ത ഏറ്റവും വലിയ കുറ്റം) കൊളംബസ്സെന്ന കള്ളപ്പേരിൽ അമേരിക്ക കണ്ടുപിടിച്ചതു താനാണെന്നും അവർ ഏറെ പറഞ്ഞു.

ഗൃഹപാഠം

ഔദ്യോഗികമായ ചെലവുചുരുക്കലിന്റെ പ്രാധാന്യം വിസ്മരിക്കാതെതന്നെ, കമ്മ്യൂണിസ്റ്റ് പാഠപുസ്തകങ്ങളെ ആശയസംഹിതയുടെ കാര്യത്തിൽ നിഷ്ക്രിയമാക്കി വച്ചുകൊണ്ടിരിക്കുന്ന രീതി വിദ്യാർത്ഥികൾക്കു ശരിയായി മനസ്സിലാകണമെങ്കിൽ, സ്റ്റേറ്റു് ടെക്സ്റ്റ് ബുക്കു് പ്രസിദ്ധീകരണക്കമ്പനിയിൽ വെച്ചു് സഖാവു് എം. എൻ. വി. ഡീഡോവും (കമ്മ്യൂണിസ്റ്റു് പാർട്ടി വിദ്യാഭ്യാസവകുപ്പിന്റെ ചീഫ് എക്സ്ക്യൂട്ടീവർ) സഖാവു് ബി. യു. ബുഡോഷിനും (കമ്പനിയുടെ ജനറൽ മാനേജർ) തമ്മിൽ നടന്ന ഒരു യോഗത്തിന്റെ മിനിട്സ് ഒന്നു് പരിശോധിച്ചു നോക്കേണ്ടതാണു്. സഖാവു് വേറാനെപ്പിഷിൻ സ്ക്കായ(സ്റ്റെനോഗ്രാഫർ)യും ഹാജരുണ്ടായിരുന്നു.

ഡീഡോവു്:- സോവിയറ്റു് യൂണിയന്റെ അടുത്ത മൂന്നു മാസക്കാലത്തെ ചരിത്രം നമുക്കൊന്നു പുതുക്കെ

ണ്ടിയിരിക്കുന്നുവെന്നാണ് എന്റെ അറിവ്. കഴിഞ്ഞ പതിപ്പൊന്നു നോക്കൂ; ഞാൻ കണ്ണട വീട്ടിൽ വെച്ച് മറന്നുപോയതുകൊണ്ട് എനിക്കു വായിക്കാൻ പറ്റുന്നില്ല.

ബുഡോഷിൻ:- വായിക്കാൻ പറ്റുന്നില്ല ..... ഉംംംം..... 1917ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തോടെയാണ് അതു തുടങ്ങുന്നതു്.

ഡീഡോവു്:- നമുക്കതു് തൽക്കാലം വിടാം. അതു് 1917ൽത്തന്നെ നിൽക്കട്ടെ.

ബുഡോഷിൻ:- സ്റ്റാലിനെപ്പറ്റിയുള്ള എല്ലാ പരാമർശങ്ങളും 1954-ൽ നാമെടുത്തു് നീക്കിക്കളഞ്ഞു.

ഡീഡോവു്:- 1955ൽ അതിന്റെ പകുതി നാം വീണ്ടും പശവച്ചു് ഒട്ടിച്ചു് ചേർക്കുകയുംചെയ്തു.

ബുഡോഷിൻ:- എന്നാലും കാഗനോവിച്ചിനെപ്പറ്റിയുള്ള പരാമർശങ്ങളുണ്ടു്.

ഡീഡോവു്:- അവ ചീന്തിക്കളയൂ.

ബുഡോഷിൻ:- ശരി, സഖാവെ!

ഡീഡോവു്:- പിന്നെ?

ബുഡോഷിൻ:- ലെനിൻഗ്രാഡ്" സംഗതി.

ഡീഡോവു്:- ആഹാ, ജനശത്രുക്കളെ വലിച്ചു് മറനീക്കി പുറത്താക്കുകയും, സാമ്രാജ്യത്വത്തിന്റെ ചട്ടുകങ്ങളെ തൂക്കിക്കൊല്ലുകയും ചെയ്ത ആ വിചാരണ.

ബുഡോ:- അതേ, സഖാവേ, സത്യം പറഞ്ഞാൽ, ഏറ്റവും പുതിയ കുറെ വസ്തുതകളും കൂടെ ചേർത്തു്, ആ അദ്ധ്യായം ഏതാണ്ടും മുമ്പെ മാറ്റിയെഴുതിയതാണു്.

ലെനിൻഗ്രാഡിൽവെച്ച് വധിക്കപ്പെട്ട ധീരസഖാക്കൾ നിരപരാധരായിരുന്നുവെന്നും, വെടിക്കപ്പെട്ട ഒരു കുറവാളിയാണ് കോടതിയെ തെറ്റിദ്ധരിപ്പിച്ചതെന്നുമുള്ള വസ്തുത.

ഡീഡോവ്:- ഓ - ഉദാഹരണത്തിനു്.....

ബു:- രഹസ്യപ്പോലീസ് തലവനായ ബെറിയ.

ഡീ:- രക്തപങ്കിലമായ ആ ശുദ്ധീകരണത്തിനു് മലങ്കോവായിരുന്ന ഉത്തരവാദിയെന്നു് പറയുന്ന ഒരിനം അതിലുണ്ടോ?

ബു:- ഇല്ലെന്നു തോന്നുന്നു, സഖാവേ-അയാളായിരുന്ന ആ കുറവാളിയെന്ന സംഗതി, ഈ പതിപ്പു് അച്ചടിതുടങ്ങിയതിനു് ശേഷമേ കണ്ടുപിടിച്ചുള്ളൂ.

ഡീ:- അതു ശരി; പിന്നെ?

ബു:- 20-ാം കോൺഗ്രസിൽ മോളട്ടോവു് ചെയ്ത പ്രസംഗം.....

ഡീ:- അതു് എടുത്തുകളയൂ.

ബു:- കാഗനോവിച്ചിന്റെ പ്രസംഗം....

ഡീ:- അതും എടുത്തുകളയൂ.

ബു:- ബുഹാറിൻ, വൊറോഷിലോവു്, എന്നിവരുടെ പ്രസംഗങ്ങൾ.

ഡീ:- പോട്ടെ, രണ്ടും പോട്ടെ.

ബു:- ചീഫ് എജ്യൂക്കേറ്റർ സഖാവേ, ഇതിലെന്തോ പിശകില്ലേ? അവരിന്നും സഖാവു് ക്രൂഷേവിന്റെ പഴയ സമരസഖാക്കളാണെന്നു് തോന്നുന്നു.

ഡീ:- അതേ, എനിക്കു ആവേശം കേറിപ്പോയ

താണു്

ബു:- ആ പ്രസംഗങ്ങളം ഞാൻ ഉൾപ്പെട്ടുത്തിക്കൊള്ളട്ടെ?

ഡീ:- വേണ്ട, പറയാം— അവ പൊയ്ക്കോട്ടെ. ഒന്നുമില്ലെങ്കിൽ ഇനിയൊരു മൂന്നു മാസത്തിനകം നമുക്കു യോഗം ക്രൂടേണ്ടിവരില്ല- അവ പൊയ്ക്കോട്ടെ.

പാഠം പതിനൊന്ന്

അപേക്ഷിച്ചിട്ടുള്ള പോറൻറുകൾ

കണ്ടുപിടുത്തത്തിന്നു് കമ്യൂണിസ്റ്റു് ശാസ്ത്രജ്ഞന്മാക്കുള്ള കഴിവു് (നിങ്ങൾ കണ്ടുപിടിച്ചാലും, അതു് ഞങ്ങൾ എത്രയോമുമ്പുതന്നെ കണ്ടുപിടിക്കും) സുവ്യക്തമാണു്. എങ്കിലും അതിന്നുള്ള ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചുകാണിക്കാൻ വിദ്യാർത്ഥികൾക്കു് കഴിയണം: ഈ ലോകം മുഴുവൻ മാർക്സിസ്റ്റു്-ലെനിനിസ്റ്റു്-മതം അംഗീകരിക്കുന്നപക്ഷം, ആശ്ചര്യകരമായ പലപല പുതിയ കാഴ്ചപ്പാടുകളുമായിരിക്കും പ്രത്യക്ഷമാവുക.

ഉദാഹരണം പാലു് തന്നെ—പിന്തിരിപ്പൻ രാജ്യങ്ങളിലൊക്കെ ഇതു് വീട്ടുമൃഗമായ പശുവാണു് നൽകുന്നതു്. കമ്യൂണിസ്റ്റു് നാടുകളിലാകട്ടെ, ഇതു് ഉപഭോക്താക്കൾക്കു വില്ക്കുന്നതിന്നുമുമ്പു് ആരോഗ്യസന്ദായകമായ കിണ്വൻവെള്ളവും 'സോഡാബൈകാർബണൈറും' ഇതിൽ ക്രട്ടിച്ചേർക്കുന്നു. ഈ പ്രവൃത്തികൊണ്ടു് സോവിയറു് റഷ്യയിലെ ക്ഷീരോല്പാദനം ഇരട്ടിക്കുന്നു. മാത്രമല്ല, ഓരോ ആൾക്കും ശരാശരി ലഭിക്കുന്ന പാലിന്റെ കാര്യത്തിൽ അമേരിക്കയെ കവച്ചുവയ്ക്കാൻ റഷ്യയ്ക്കു കഴിവുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു—ഇങ്ങനെ ക്രട്ടിച്ചേർക്കുന്ന കലർപ്പുകൾകൊണ്ടു് ശരീരത്തിന്നു് യാതൊരു പ്രയോജനവുമില്ലെന്നു് അമേരിക്കൻ ഭക്ഷ്യശാസ്ത്രവിദഗ്ദ്ധന്മാർ ആക്ഷേപിക്കുന്നുണ്ടെങ്കിലും, അതിനു്

സോവിയറ്റ് വിദഗ്ധന്മാർ തക്ക മറുപടി നൽകി അവരുടെ വായ അടയ്ക്കുന്നുണ്ട്. (ഞങ്ങൾക്ക് ഏതായാലും ഉള്ളെരിച്ചിലൊന്നുമില്ല).

റൊട്ടിയുടെ കാര്യം വ്യത്യസ്തമാണ്— ഹംഗറിയിൽ സക്കാർ വകയായ ഒരു റൊട്ടിക്കമ്പനിയിൽനിന്ന് കിട്ടിയ റൊട്ടിയിൽ രണ്ടിഞ്ചു നീളത്തിലുള്ള ഒരു പിരിയാണി ഒരാൾക്ക് ലഭിക്കുകയുണ്ടായി— അയാളുടെ ഒരു പല്ല് ഉടനെ പോവുകയും ചെയ്തു— ഇരിമ്പിന്റെ പതം വരുത്തി മിനുസമാക്കിത്തീർക്കാനും, അന്നപ്പല്ലുകൾക്ക് കരുത്തു് ക്രട്ടാനുംവേണ്ടി സോവിയറ്റ് യൂണിയൻ അനേക വർഷങ്ങളായി ഗവേഷണം നടത്തിവരികയായിരുന്നുവെന്ന കാര്യം, ആശയശാസ്ത്രപരമായി ഇനിയും വളർന്നുകഴിഞ്ഞിട്ടില്ലാത്ത അയാൾക്കറിഞ്ഞുകൂടായിരുന്നതിനാൽ, അയാൾ റൊട്ടിക്കടയിൽ പോയി ആക്ഷേപിച്ചു. അയാൾക്കും, അയാൾ കൊണ്ടുചെന്ന പിരിയാണിക്കും ആവേശകരമായ ഒരു സ്വീകരണമാണവിടെ ലഭിച്ചതു്— പശ്ചിമജർമ്മനിയിലുണ്ടാക്കിയതായിരുന്നതു ബെക്കിങ്ങ് യന്ത്രം. പിരിയാണി അതിൽനിന്നു ഊരിവീണതാണു്. പോയ് ആണിക്കു് പകരം ഒന്നു് വാങ്ങിവെക്കാൻ കറൻസി ലഭ്യമല്ലായിരുന്നതാണും—അതിനാൽ വിദേശനാണയത്തിൽ ഗണ്യമായ ഒരു തുക തന്റെ നാടിന്നു് താൻ ലാഭമുണ്ടാക്കിക്കൊടുത്തുവെന്ന കൃതാർത്ഥതയോടെയാണു് അയാൾ മടങ്ങിപ്പോയതു്— തന്റെ പല്ലു് ഒന്നുമില്ലെങ്കിൽ ഒരു നാടൻ ചരക്കായിരുന്നുവല്ലോ!

തണലില്ലാത്ത മരങ്ങൾ:- വെറും തടിമാത്രമായ വശേഷിക്കുന്നതുവരെ മരത്തിന്റെ ഇലകളും കൊമ്പുകളും ചില്ലകളുമെല്ലാം കൊത്തിവീഴ്ത്തിക്കളയാമെന്ന ഒരു ശാസ്ത്രജ്ഞന്റെ ഉപജ്ഞാനത്തെ തുടർന്നാണു് അത്ഭുതകരമായ ഈ സോവിയറ്റ് കണ്ടുപിടുത്തം സാധിച്ചതു്. സമീപപ്രദേശങ്ങളിലെങ്ങും ഒറ്റ മരംപോലുമില്ലാത്ത ഒരിടത്തിലിരുന്നാൽ ദേഹത്തിനു് എന്തു ചെമ്പൻനിറം കൈവരുത്താമോ, അതേഫലം ഇത്തരം വൃക്ഷങ്ങളുടെ കടയ്ക്കലിരുന്നാലും നേടാൻ ഇതു് സഹായിക്കുന്നു. എന്തു് പദാർത്ഥമായാലും, അതിന്റെ മൂലഘടകമില്ലാതെ, അതിനെ പ്രചരിപ്പിക്കാം എന്ന ഗംഭീരാശയം സോവിയറ്റ് ജീവിതരീതിയിൽ എത്രത്തോളം ആഴത്തിലിറങ്ങിച്ചെന്നിട്ടുണ്ടെന്ന കാര്യം വിദ്യാർത്ഥികൾ ഇത്തക്കത്തിൽ ശരിയായി കണ്ടറിയണം— അത്ഭുതാവഹങ്ങളായ പല കമ്മ്യൂണിസ്റ്റ് കണ്ടുപിടുത്തങ്ങൾക്കും ഇതു് ഇടയാക്കിയിട്ടുണ്ടു്. പഞ്ചസാരയില്ലാത്ത ആവണക്കു് പഞ്ചസാര, കൊഴുപ്പില്ലാത്ത കൊഴുപ്പു്, പാല്പാടയില്ലാത്ത പാലു്, മുതിരിങ്ങയില്ലാത്ത വീഞ്ഞു്, മനസ്സില്ലാത്ത മനോഗതി മുതലായ പലതിനും—

സോവിയറ്റുനാട്ടിലെ കണ്ടുപിടുത്തക്കഴിവിനു് പല ദൃഷ്ടാന്തങ്ങളുമുണ്ടു്—''കുത്തുന്ന ചെടി'' എന്ന പേരിലുള്ള ഒന്നു് തന്റെ അജിപ്രോപ്പു് സക്കീട്ടകാലക്കിടയിൽ ഉപയോഗപ്പെടുത്തിയിരുന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രാസംഗികനാണു് സത്യത്തിൽ ബോംബു് കണ്ടുപിടിച്ചതു്—എഡിസനേക്കാൾ എത്രയോ മുമ്പുതന്നെ ഇ

വ പ്രയോഗത്തിൽ വരുത്തിക്കഴിഞ്ഞിരുന്നു—ബാം ബോവു് എന്നു പേരായ ഒരു സോവിയറ്റ് എഞ്ചിനീയർ ആണു് ഇതു കണ്ടുപിടിച്ചതു്. അതുകൊണ്ടുതന്നെയാണു് അതിനു ബാംബു് എന്നു പേരുണ്ടായതും. (എഡിസനാണു് കണ്ടുപിടിച്ചതെങ്കിൽ, ബാംബുകാം എന്നതിനു് പകരം എഡ്സ്ലികാം എന്നാണല്ലൊ പേരു വരേണ്ടതു്).

വൈദ്യശാസ്ത്രത്തിൽ മിക്കവാറും എല്ലാംതന്നെ റഷ്യൻപൌരന്മാരോടു് കടപ്പെട്ടിരിക്കുന്നു. പേപ്പട്ടികടിയ്ക്കുള്ള സീറവുമായി എന്തോ ഇടവാട്ടമുണ്ടായിരുന്ന പാസ്ച്ചർ എന്ന ഒരു ഫ്രെഞ്ചുകാരൻ ജീവിച്ചിരുന്നുവെന്നതു നേരുതന്നെ. എങ്കിലും, പേപ്പട്ടി കടിച്ചവരുടെ കാര്യത്തിൽ പല അന്വേഷണങ്ങളും വേണമെന്ന സംഗതി നിഷ്കൃഷ്ടിച്ചതു് റഷ്യയിലെ കൃഷിക്കാരായിരുന്നു.

എക്സ്റേ കണ്ടുപിടിച്ചതോ? (പാശ്ചാത്യർ പ്രചരിപ്പിക്കും പോലെ) റോണ്ടിജൻ അല്ല അതു കണ്ടുപിടിച്ചതു്. നേരെ മറിച്ചു് ഷുഗർ ഷുഗറോവിച്ചു് എന്നു പേരായ ഒരു റഷ്യൻ പ്രകൃതിശാസ്ത്രജ്ഞനും നദീഗവേഷകനുമായിരുന്നു. 57-ാം വയസ്സിൽ അദ്ദേഹം ഒരു പതിനെട്ടുകാരിയെ കല്യാണം കഴിച്ചു നാലുദിവസം കഴിഞ്ഞപ്പോഴേക്കും, അവളെ വീട്ടിൽ വിട്ടുംവച്ചു്, തന്റെ ശാസ്ത്രീയഗവേഷണപര്യടനത്തിന്നായി അദ്ദേഹത്തിനു് പോകേണ്ടതായിവന്നു. രണ്ടേ രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും അദ്ദേഹം അപ്രതീക്ഷിതമായി വീട്ടിൽ തിരിച്ചെത്തി. വാതിൽതുറന്നു് അയാൾ അകത്തു് കടക്കു

ന്നേരത്തു്, ആരോ ഒരാൾ ജനൽവഴി പുറത്തു കടക്കുന്ന
ന്നതായി കണ്ടു— കാറിനുത്തു് ജനലിന്റെ കർട്ടണകലം
പറന്നതാണെന്നു് അവൾ വാദിച്ചു. "എടീ നാണമില്ലാ
ത്ത തെണ്ടിക്കുളളീ! നിന്റെ ഉള്ള മുഴുവൻ ഞാൻ ശരിക്കു
കാണുന്നുണ്ടു്" എന്നു് ഷുഗർ ഷുഗറോവിച്ചു് അലറി.
അയാൾക്കു് എക്സ്റേ കണ്ണുകലം കിട്ടിക്കഴിഞ്ഞിരുന്നു.

ഏതാണ്ടു് ഇതേ മുറുപാടുകളിലാണു് ടെലിവി
ഷൻ കണ്ടുപിടിച്ചതും. നിക്കോളായു് ഗ്രോമോവു് എ
ന്ന ഒരാളാണു് അതു കണ്ടുപിടിച്ചതു്— ഇർക്യുട്സ്
ക്കു് പ്രദേശത്തു് ഇറച്ചികൊണ്ടു് പലഹാരങ്ങൾ ഉണ്ടാ
ക്കി വിറ്റു് ജീവിച്ചിരുന്നവനാണു് അയാൾ. ഒരുനാൾ
ജോലി കഴിഞ്ഞു് വീട്ടിലേക്കു് ചെല്ലുമ്പോൾ, അതേ
തെരുവിലെ ജോസഫു് ഇഗോറോവിച്ചു് ടെലിവിസോ
നോവു് എന്ന ഒരു പഴന്തുണിക്കച്ചവടക്കാരനുമായി ത
ന്റെ ഭാര്യ നിയമവിരുദ്ധബന്ധത്തിൽ ഏർപ്പെട്ടിരിക്കു
ന്നതായി അയാൾ ജനൽച്ചില്ലിലൂടെ കണ്ടെത്താൻ ഇട
യായി. വിദേശീയവിദ്വാന്മാർ പിന്നീടു് ഈ സാങ്കേ
തികവിജ്ഞാനം പരിപൂർണ്ണമാക്കിത്തീർത്തുവെന്നതു നേരു
തന്നെ; എങ്കിലും ചില്ലിലൂടെ നോക്കി പ്രവൃത്തികലം
കണ്ടുപിടിക്കുന്നതിലുള്ള മാസ്മരശക്തിയെന്ന അടിസ്ഥാ
നതത്വം ഗ്രോമോവു് കണ്ടുപിടിച്ചതിനെ ആധാരമാ
ക്കിക്കൊണ്ടാണല്ലൊ ഇതു്.

ഭ്രമിശാസ്ത്രം സാമാന്യമായി റഷ്യാക്കാരുടെ കണ്ടു
പിടുത്തമാണെന്നതു് നിസ്തർക്കമത്രെ. ലോകത്തിലുള്ള എ
ല്ലാ വൻകരകളും ആദ്യമായി കണ്ടുപിടിച്ചതു് ഫിനി

ഷ്യൻ-സോവിയറ്റ് വ്യാപാരികളും, വൈക്കിങ്ങ്-സോവിയറ്റ് സഞ്ചാരികളുമാണു്. ഇതിൽപ്പെടാതെ ഒന്നുള്ളതു് അമേരിക്ക മാത്രമാണു്. 1492-ലേ അതുകണ്ടുപിടിച്ചുള്ളു. എന്നാൽ അതിനെത്രയോ വർഷം മുമ്പുതന്നെ, രണ്ടു സോവിയറ്റുശാസ്ത്രജ്ഞന്മാർ അതിനെപ്പറ്റി ആലോചിച്ചിരുന്നു—അതായതു് അമേരിക്ക കണ്ടുപിടിച്ചേ കഴിയൂ എന്നു് അവർ വിചാരിച്ചിരുന്നുവെന്നത്രം.

പ്രകൃതിയുടെ വിപരിണാമമാണു് സോവിയറ്റ് ശാസ്ത്രത്തിന്റെ ഏറ്റവും പ്രധാനമായ നേട്ടം. ആർട്ടിക്കു് പ്രദേശത്തു വളരുന്ന ഓറഞ്ചുകളും ഭ്രമദ്ധ്യമേഖലയിൽ സസുഖം കഴിയാവുന്ന ധ്രുവക്കരടികളേയും സൃഷ്ടിക്കാൻ ആണു് സോവിയറ്റ് ശാസ്ത്രജ്ഞന്മാർ ഉദ്യമിക്കുന്നതു്. ഇതു രണ്ടും സാധിച്ചുകഴിഞ്ഞാൽ സാധാരണക്കാരന്റെ നിത്യജീവിതം ഇന്നത്തേതിലും കൂടുതൽ പ്രശാന്തവും സുന്ദരവും സുഖമയവും ആക്കിത്തീർക്കാനുള്ള കമ്മ്യൂണിസ്റ്റ് ഉദ്ദേശം ഒന്നുകൂടി സ്പഷ്ടമായിത്തീരും.

ഈ വിഷയത്തിൽ വളരെയേറെ പ്രവർത്തിച്ചിട്ടുള്ള മഹാനായ ഒരു സോവിയറ്റ് പാരമ്പര്യശാസ്ത്രവിദഗ്ധനാണു് മിച്ചൂറിൻ. അദ്ദേഹത്തിന്റെ അനശ്വരമായ സേവനങ്ങളെ മാനിച്ചു് മിച്ചൂറിന്റെ പേരു് ചിരകാലം കൃതജ്ഞതയോടും സ്നേഹത്തോടും കൂടി സ്മരിക്കപ്പെടുകതന്നെ ചെയ്യും. വർഗ്ഗസങ്കലനം വഴിയ്ക്കു് ചെടികളുടേയും മൃഗങ്ങളുടേയും ജാതിസ്വഭാവങ്ങൾ വിപ്ലവകരമായി മാറ്റാമെന്നു് തന്റെ ഗവേഷണങ്ങളിലൂടെ അദ്ദേഹം

സ്ഥാപിച്ചു. സിംഹത്തിന്റേയും ചെമ്മരിയാടിന്റേയും ക്രൂടിയ സന്താനത്തിനു് സിംഹത്തിന്റെ വലിപ്പവും ശക്തിയും ധൈര്യവും ആടിന്റെ കമ്പിളിരോമങ്ങളും ശാന്തതയും ഉണ്ടായിരിക്കുമെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇങ്ങനെ കിട്ടുന്ന സിംഹക്കമ്പിളിരോമം സോവിയറ്റു് വസ്ത്രവ്യവസായത്തിനു് ധാരാളമായി ഉപകരിക്കുമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. എന്നാൽ ഈ തത്വം പ്രയോഗത്തിൽ വരുത്താൻ നോക്കിയപ്പോൾ, ആടുമായി ഇണചേരാനോ, ചേരാൻ തന്നെയോ ക്കൂട്ടാക്കാതെ, സിംഹം അതിനെ ശാപ്പിട്ടുകളയുകയാണുണ്ടായതു്.

മിച്ചുറിന്റെ മറ്റു തത്വമുഖങ്ങൾക്കും ഇതിലും സത്വരമായ വിജയം കൈവരികയുണ്ടായി. വേലിപ്പുരയിലും ചൂലും ക്രൂടി അദ്ദേഹം ഇണചേർത്തു. അടിച്ചുവാരുന്നതെന്നു് തോന്നുമ്പോൾ പോയി ചൂലെടുക്കാതെ, ഗൃഹനായിക ചുമ്മാ ഇരുന്നൊന്നു് ചൂളം വിളിച്ചാൽ ചൂലു് താനെ പുരയ്ക്കുവരും. മുന്തിരിവള്ളിയും ഏലക്കുടിക്കു് ബന്ധുക്കളും തമ്മിൽ അദ്ദേഹം "ഒട്ടിച്ചു"; തൽഫലമായി കമ്യൂണിസ്റ്റു് മുന്തിരിത്തോപ്പുകളിൽ ഒരു രാത്രി ഷിഫ്ടു് ക്രൂടി പ്രവർത്തിക്കാറാക്കി. ഇതുപോലെ പുസ്തകങ്ങളും സിഗററ്റുപേപ്പറും തമ്മിൽ ഒട്ടിച്ചതിന്റെ ഫലമായി ഷേക്സ്പിയർ കൃതികൾ വായിച്ചുകൊണ്ടിരിക്കെത്തന്നെ സ്വന്തമായി സിഗററ്റുണ്ടാക്കാനാഗ്രഹിക്കുന്ന സോവിയറ്റു് പൌരന്മാർക്കു് പുസ്തകത്തിന്റെ ഏടുകൾ വെവ്വേറെ കീറിയെടുക്കാമെന്നുമായി.

ഗൃഹപാഠം

വിദ്യാർത്ഥികൾക്കുള്ള അവസാനത്തെ ഗൃഹപാഠമാണു് ഇതു്. കമ്യൂണിസ്റ്റ് ജീവിതത്തിന്റെയും വിജ്ഞാനത്തിന്റെയും ഏതെങ്കിലും ഒരു വശത്തെപ്പറ്റി ഒരു "തീസിസ്" തയ്യാറാക്കാൻ അവരോടു് ആവശ്യപ്പെടുന്നു.

താഴെ കൊടുക്കുന്ന മാതൃകാപ്രബന്ധം അവർക്കു് ഉപയോഗപ്രദമായിരിക്കും:—

ലോകത്തിന്റെ സൃഷ്ടി

യു. എസ്. എസ്. ആറിലെ
കമ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയും,
പാർട്ടിയുടെ സഹായസഹകരണങ്ങളോടെയും.
മോസ്കോസർവ്വകലാശാലയിലെ
ചരിത്ര-പ്രകൃതി ശാസ്ത്ര-ഫാക്കൽട്ടിയിലെ
ഓ. കെ. സ്റ്റെപ്പിഡോവ് പി. എച്ച്. ഡി.*
എഴുതിയതു്.

ലോകത്തിനു പ്രായം വളരെയായി. ഏറ്റവും വൃദ്ധനായ ആൾക്കുപോലും ഓർമ്മിക്കാനാത്തത്ര മുമ്പാണു് അതു നിലവിൽവന്നതു്. സോവിയറ്റ്റഷ്യയിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ വിലയിരുത്താനാവാത്ത സഹായത്തോടെ ഞാൻ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി, 'ലോകത്തിനു നിശ്ചയമായും 138 വയസ്സിലധികം ആയിക്കഴിഞ്ഞിട്ടുണ്ട്' എന്നു സ്ഥാപിക്കാൻ എനിക്കു സാ

* പോർട്ടർ ഓഫ് ദി ഹൗസിങ്ങ് ഡിപ്പാർട്ടുമെന്റ്.

ധിച്ചിരിക്കുന്നു. ഗ്രൂസ്സിലെ പി. ടി. അദ്ധ്യാപകനും, തു കൽശാസ്ത്രപ്രൊഫസറുമായ എസ്. പി. സെനിലോവും ഇക്കാര്യം പിന്താങ്ങുന്നുണ്ടു്. സോവിയറ്റ് യൂണിയനിൽ വച്ചു് ഏറ്റവും പ്രായമായ ആളാണു് അദ്ദേഹം; താൻ ജനിച്ചപ്പോൾ ഈ ലോകം ഉണ്ടു് എന്നു് അദ്ദേഹം എന്നോടു നേരിട്ടുപറഞ്ഞതാണു്. സെനിലോവിനു 138 വയസ്സായിക്കഴിഞ്ഞ സ്ഥിതിക്കു്, ലോകം അതിനു മുമ്പുതന്നെ നിലവിൽവന്നിരിക്കണം.

സെനിലോവിന്റെ ജനനത്തിനു വളരെക്കാലം മുമ്പാവില്ല ലോകത്തിന്റെ സൃഷ്ടി. കാരണം തന്റെ കുട്ടിക്കാലം താൻ കഴിച്ചതു്, വളരെ വളരെ ആദ്യകാലസഹജമായ ചുറ്റുപാടുകളിലായിരുന്നുവെന്നും, ലോകം അന്നു ഏറ്റവും ആദിമമായ കാലഘട്ടത്തിൽ ആയിരുന്നുവെന്നും, സെനിലോവു് പറഞ്ഞതു് ചൂണ്ടിക്കാട്ടേണ്ടതാണു്. അവർ 20 പേർ ഒരാടോട്ടക്രൂടി ജീവിച്ചിരുന്നതു ഒമ്പതടി സമചതുരത്തിലുള്ള വൃത്തികെട്ട ഒരു കുടിലിലായിരുന്നു. ഇന്നത്തേതിൽനിന്നു എന്തുമാത്രം വ്യത്യാസം! ഇന്നു് അദ്ദേഹം സ്വകുടുംബാംഗങ്ങളായ 20 പേരോടൊക്രൂടി പാർക്കുന്നതു്— പാർട്ടിയുടെ സഹായത്തിൽ- ഒമ്പതടി സമചതുരത്തിലുള്ള മനോഹരമായ ഒരു വസതിയിലാണു്. സ്വാഭാവികമായും ആടു് ഇന്നില്ല— അതിനെ ഏറ്റവും അടുത്ത കോൽക്കോഴിലേക്കു്, രാജ്യസ്നേഹം മുൻനിർത്തി 'നടതള്ളി'യിരിക്കുകയാണു്.

ലോകം ഉണ്ടായിട്ടു് 138 വർഷത്തിലധികമായി എന്ന വസ്തുത, സോവിയറ്റ് സയൻസിനു പ്രശസ്തിക്കു

ട്ടുമാവ്, എന്റെ ശാസ്ത്രീയഗവേഷണങ്ങളുടെ ഫലമായി, നിസ്സന്ദേഹം സ്ഥാപിക്കുവാൻ നമുക്കു കഴിയും.

ഓ. കെ. സ്റ്റാപ്പിഡോവ്.

മാർക്സിൽ നിദ്രപ്രാപിക്കുക

ഇന്ദ്രിയങ്ങളും നിർദ്ദോഷം പ്രവർത്തിക്കാതാകുന്ന അവസ്ഥയാണു മരണം. കണ്ണുകൾകൊണ്ടു കാണാനോ, ചെവികൊണ്ടു കേൾക്കാനോ, വിരലുകൾകൊണ്ടു സ്പർശിക്കുവാനോ, മൂക്കുകൊണ്ടു മണക്കുവാനോ, പിന്നെ കഴികഴിയില്ല. നാവിന്നും അതിന്റെ ഉടമസ്ഥന്റെ പ്രവർത്തനം പുരോഗമിപ്പിക്കുവാൻ ഒരു ആയുഷ്കാലമത്രയും നടത്തിപ്പോന്നിരുന്ന പ്രവർത്തനം തുടരാൻ കഴിവില്ലാതാകുന്നു.

ബാഹ്യലോകത്തിന്നോ? അയവില്ലാത്ത ഒരു മനോഭാവമാണു് മരിച്ചവർക്കുള്ളതു്. പാർട്ടിയുടെ തീരുമാനങ്ങൾ അവരെ ബാധിക്കുന്നില്ല. യൂണിയന്റെ വിഹിതങ്ങൾ കൊടുക്കുന്നതിനു് അവർക്കു താല്പര്യവുമില്ല. ദൈനന്ദിന രാഷ്ട്രീയപ്രമേയങ്ങളെക്കുറിച്ചു് ചർച്ചചെയ്യാൻ അവർ ചെല്ലാറില്ല. മെയ്ദിനഘോഷയാത്രകളിൽ പാർട്ടിക്കൊടിയുടെ കീഴിൽ നിന്നുകൊണ്ടു് അവർ മാർച്ചു് ചെയ്യുന്നില്ല. സമാധാനം പുലർത്താനായി ആയുധമെടുത്തു അടരാടണമെന്നു് അവർ നിർബ്ബന്ധിക്കുന്നുമില്ല.

എന്നുവച്ചാൽ, ജീവിതത്തെ ജീവിക്കാൻ അർഹതയുള്ളതാക്കിത്തീർക്കുന്ന എന്തിലും അവരുടെ താല്പര്യം നശിച്ചു എന്നർത്ഥം.

മനുഷ്യരായ വ്യക്തികൾ തമ്മിൽ ഒരു വ്യത്യാസവും കമ്യൂണിസ്റ്റുകാരൻ കാണിക്കാറില്ല. നാമെല്ലാവരും ഒരുപോലെയാണു്— വർഗ്ഗമോ, ലിംഗഭേദമോ, വർണ്ണമോ, മതമോ, രാജ്യമോ, എന്തായാലും ശരി. എന്നാൽ നിശ്ചയമായും ചില വ്യത്യാസങ്ങൾ ഉണ്ടു്; അല്പം മാത്രം. ഉയർന്നതും താഴ്ന്നതുമായ ഇടത്തരക്കാരുടെ വർഗ്ഗങ്ങൾ, പുരോഹിതന്മാർ, മതവിശ്വാസികൾ, ബ്രിട്ടീഷുകാർ, അമേരിക്കക്കാർ, ഫ്രെഞ്ചുകാർ, ജർമ്മൻകാർ* സ്പെയിൻകാർ, തെക്കേ അമേരിക്കക്കാർ, ഇറലിക്കാർ തുടങ്ങി കമ്യൂ:പാർട്ടി അംഗങ്ങൾ അല്ലാത്തവരോ, അല്ലെങ്കിൽ ഒരു പാർട്ടിയിലും പെടാത്തവരോ ആയവർ മരിച്ചുകഴിഞ്ഞാൽ ഈ സമത്വം കുറേക്കൂടി പ്രകടമാവും. അതായതു് എല്ലാ പാർട്ടിയംഗങ്ങൾക്കും കുഴിച്ചിടപ്പെടാനുള്ള അനിഷേധ്യമായ അവകാശമുണ്ടു്. മരിച്ചു രണ്ടോ മൂന്നോ ദിവസത്തിനു ശേഷമാണു് സാധാരണയായി ശവസംസ്കാരം നടക്കുക. എന്നാൽ യഥാർത്ഥത്തിൽ മരണം സംഭവിക്കുന്നതിനു മുമ്പുതന്നെ, വേണമെങ്കിൽ ജനറൽ പാർട്ടിക്കമ്മറ്റിയുടെ പ്രത്യേകാനുമതിയോടുകൂടി, രാഷ്ട്രീയപ്പോലീസിന്റെ പ്രത്യേക ബ്രാഞ്ചിനു് ശവസംസ്കാരം ഏർപ്പാടുചെയ്യാവുന്നതാണു്.

ഒരാൾ ഇന്ന ദിവസം മരിക്കും എന്നു കൃത്യമായി പ്രവചിക്കുക സാദ്ധ്യമല്ല. ഇനി അല്പം മണിക്കൂറുകളേ ജീവിക്കുകയുള്ളു എന്നു് ഡോക്ടർമാർ വിധിച്ചിട്ടുള്ള പു

* പശ്ചിമജർമ്മൻകാർ എന്നർത്ഥം.

ല രോഗികളും പെട്ടെന്നു സുഖപ്പെട്ടു് എഴുന്നേറ്റു്, 104 വയസ്സുവരെയും ജീവിച്ചു്, തന്നേക്കാൾ 82 വയസ്സു് കുറഞ്ഞ പെൺകിടാങ്ങളെ കല്യാണം കഴിച്ചു കണ്ടിട്ടുണ്ടു്. നേരേ മറിച്ചു് ഇന്നലെ ഉച്ചതിരിഞ്ഞു നടന്ന രാഷ്ട്രീയയോഗത്തിൽ വച്ചു് കമ്യൂ: പാർട്ടിയെ അതിരുക്ഷമായി എതിർത്തു് സംസാരിച്ചു്, ഇന്നു പുലച്ചു തങ്ങളുടെ കിടയ്ക്കയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടുന്ന ആരോഗ്യവും കരുത്തും ചൊറുചൊറുക്കുമുള്ള യുവാക്കളും ദുർല്ലഭമല്ല. മരണദിവസം അനിശ്ചിതമാണെന്നിരിക്കിൽക്കൂടി ശരിയായി പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു കമ്യൂണിസ്റ്റുകാരനു്, ആ അനിശ്ചിതത്വത്തെ അതിജീവിയ്ക്കാൻ കഴിയും എന്നു ഈ രണ്ടു ഉദാഹരണങ്ങളും സ്പഷ്ടമാക്കുമല്ലോ.

മരണം ഒന്നുകിൽ സ്വാഭാവികമായി ഉണ്ടാകാം; അല്ലെങ്കിൽ അല്ലാതെയും. സ്വാഭാവികമരണങ്ങൾ പൊതുവിൽ പാർട്ടിനേതാക്കൾക്കായി റിസർവു് ചെയ്തു വച്ചിരിക്കുകയാണു്. പാർട്ടിക്കു ഏറ്റവും പറ്റിയ നിമിഷത്തിലാണു് അവർ സ്വാഭാവികമായി മരിച്ചു പോകുന്നതു് എന്നതിനാൽ ഇവയെ സ്വാഭാവികമരണങ്ങൾ എന്നു വിളിക്കുന്നു. കമ്യൂണിസ്റ്റുനേതാക്കൾ മരിച്ചാൽ "ആനന്ദകര"വും "പ്രിയങ്കര"വും ആയ ശവശരീരങ്ങൾ* ഉണ്ടാകാറുണ്ടു്. അവയെപ്പറ്റി രസകരങ്ങളായ വിവരങ്ങൾ സ്ഥിതിവിവരക്കണക്കുകളിൽനിന്നുകിട്ടും.

* പാർട്ടിക്കാനന്ദം നല്കുന്ന മരണമാകയാൽ ആ ശവശരീരങ്ങൾ ആനന്ദകരങ്ങളും, പാർട്ടിക്കു പ്രിയമുണ്ടാക്കുന്നതിനാൽ പ്രിയങ്കരങ്ങളുമെന്നർത്ഥം.

ഔഷധശാസ്ത്രം വളരെയേറെ പുരോഗമിച്ചിരിക്കുകയും, ഔഷധങ്ങൾ ഒരിക്കലും പിഴയ്ക്കാതിരിക്കുകയും ചെയ്യുന്ന റഷ്യയിലേക്ക് വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടിനേതാക്കളെ — അവർക്ക് സുഖക്കേടുകൾ ഉണ്ടാകുമ്പോൾ — പറഞ്ഞയയ്ക്കുന്ന ഒരു പതിവ് കുറച്ചു കാലമായി നടന്നുവരുന്നുണ്ട്. ഉദാഹരണത്തിന്ന് ദിമിത്രോവിന്റെ കഥയുണ്ട്. ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സിക്രട്ടറിയും തൊഴിലാളിനേതാവെന്ന സാർവ്വലൌകികപ്രസിദ്ധനും ആയിരുന്ന അദ്ദേഹം മോസ്കോവിലെത്തിയതു് വളരെ വിവശനായിട്ടായിരുന്നു. എന്തോ പ്രത്യക്ഷമല്ലാത്ത വിഷബാധയുണ്ടാകാം എന്നു മാത്രമേ അദ്ദേഹത്തിന്റെ സ്വന്തം ഡോക്ടർമാർക്കു പോലും രോഗലക്ഷണങ്ങളെക്കൊണ്ടു് ഊഹിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. വായ് തുറക്കുമ്പോഴെല്ലാം അദ്ദേഹം അത്യന്തം അസാധാരണമായ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നുവത്രേ. സാധാരണക്കാരായ ശ്രോതാക്കൾക്കു അവ കേട്ടാൽ തോന്നുക, റഷ്യൻനേതൃത്തെ അതിരൂക്ഷമായി വിമർശിക്കുകയാണെന്നും, സ്റ്റാലിൻ ചെമ്പരാഷ്ട്രങ്ങളെ വെട്ടിവിഴുങ്ങാൻ നോക്കുന്ന ഒരു സ്വേച്ഛാധിപതിയാണെന്ന ആക്ഷേപിക്കുകയാണെന്നും ആയിരുന്നു. സോവിയറ്റ് റഷ്യയിലെ ഏറ്റവും സമർത്ഥരായ വൈദ്യവിദഗ്ധന്മാർ സ്റ്റാലിനും മൊളട്ടോവും, ക്രൂഷേവും, മിക്കോയനും, കാഗനോവിച്ചും — രോഗിയെ പരിശോധിച്ചു് രോഗം ഉടനടി നിർണ്ണയിക്കുകയും, ചികിത്സയും ശവസംസ്കാരദിവസവും തീരുമാനിക്കുകയും ചെയ്തു.

ചികിത്സ ശരിക്കും ഫലിച്ചു. ദിമിത്രോവിന്നു് സോഫ്രിയയിൽ വച്ചു് രാജോചിതമായ ശവസംസ്കാരം നൽകുകയും ചെയ്തു.

ചെക്കോസ്ലൊവാക്കു് റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായ ഗോട്ട്വാൾഡിന്നും മോസ്കോവിൽ വച്ചു് ഇതേ ചികിത്സ നൽകുകയുണ്ടായി. ഒരു മേയ്ദിനഘോഷയാത്ര കണ്ടുനിന്നതിന്നു ശേഷം അദ്ദേഹം നിര്യാതനായപ്പോൾ ഇങ്ങനെ ഒരു പ്രസ്താവനയാണു ഇറക്കിയതു്:-

"ഞങ്ങളുടെ ചികിത്സയിലായിരുന്ന സഖാവു് ഗോട്ട്വാൾഡു് നിര്യാതനായതു് ഡബിൾ ന്യുമോണിയയും പ്ലൂറസിയും കൊണ്ടാണു്; ഹൃദയത്തിലെ മാംസപേശികൾക്കു് നീരുവന്ന പ്ലൂറസിക്കു ഉടക്കു കൂടിയുമിരുന്നു. ഒരു ജനലിലൂടെ വന്ന രണ്ടു വെടിയുണ്ടകൾ, അദ്ദേഹത്തിന്റെ രോഗത്തെ ലേശം കുഴപ്പിക്കുകയും ചെയ്തിരുന്നു". ഇതിൽ ആദ്യവാചകം മാത്രമേ, സത്യത്തിൽ, പ്രക്ഷേപണം ചെയ്യുകയും അച്ചടിക്കുകയും ചെയ്തുള്ളു. മറേതു് പല തെറ്റിദ്ധാരണകൾക്കും ഇടവരുത്തുമായിരുന്നുവല്ലോ.

ഇത്രതന്നെ അവഗാഢമായ ശ്രദ്ധ ഫ്രെഞ്ചു കമ്മ്യൂ: പാർട്ടിയുടെ ജനറൽ സിക്രട്ടറിയായ സഖാവു് മോറിസ് തോറേയ്ക്കും ഒരു കൊല്ലത്തിലധികം കാലം ലഭിക്കുകയുണ്ടായി എന്നകായ്യും പ്രസ്താവ്യമാണു്. എന്നാൽ അദ്ദേഹത്തിന്റെ ഗംഭീരമായ ശരീരഘടന റഷ്യൻചികിത്സയെ വിജയകരമാക്കിത്തീർത്തില്ല.

മരുന്നിന്നും വെടിമരുന്നിന്നും സമയത്തിന്നും ലാ

ും ഉണ്ടാക്കാവുന്ന വിദ്യകളാണ് ചെക്ക് കമ്യൂണിസ്റ്റ് കരും പ്രയോഗിച്ചുവരുന്നത്. മരണകാരണം എപ്പോഴും കെട്ടിടങ്ങൾക്കു മുകളിൽ നിന്നെടുത്തു ചാടലാണ്. സാധാരണയായി മൂന്നാം നിലയിലാവും ജനൽ. തൊട്ടു താഴെ, കരിങ്കല്ലു പാകിയ മിറവും ഉണ്ടായിരിക്കും. മാസാറിക്കിന്റെയും ക്ലെമൻറിസ്സിന്റെയും കാര്യത്തിലെന്നപോലെ, പ്രസ്തുത പ്രവൃത്തിയിൽ സഹായിക്കാൻ പാർട്ടിപ്രതിനിധികളും ഹാജരുണ്ടാവും.

മൊത്തത്തിൽ പറഞ്ഞാൽ, വിദ്യാത്മികം ഒരു കാര്യം ഇതിനകം നന്നായി ധരിച്ചുകഴിഞ്ഞിരിക്കും— മരിയ്ക്കാൻ മുമ്പതലപ്പെട്ടവർ കമ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി ശരിയ്ക്കും മരിച്ചുകൊടുക്കും. മൃതദേഹങ്ങൾ ഒന്നുകിൽ കുഴിച്ചിടും, അല്ലെങ്കിൽ ദഹിപ്പിക്കും. രണ്ടാമത്തതാണ് പാർട്ടി ജാസ്തി ഇഷ്ടപ്പെടുന്നത്- കാരണം, വീണ്ടും കുത്തിപ്പൊക്കിയെടുക്കാൻ, ചാരമാണെങ്കിൽ വിഷമം ക്കുമല്ലോ.

അനിതരസാധാരണമായ പ്രാമുഖ്യമുള്ള സഖാക്കളുടെ മൃതദേഹങ്ങൾ തൈലത്തിൽ സംസ്കരിച്ച് ശവകുടീരങ്ങളിൽ സൂക്ഷിക്കും. ഇത്തരം കേസുകളിൽ മൃതദേഹം അത്യുന്നതമഞ്ചത്തിൽവയ്ക്കും. അദ്ദേഹത്തിന്റെ പഴയ സമരസഖാക്കളും രാഷ്ട്രീയസഹചാരികളും 'ഗാർഡ് ഓഫ് ഓണർ' നൽകും. ഘാതകൻ അടുക്കുന്നപക്ഷം ശവത്തിൽനിന്നു ചോരയൊലിക്കാൻ തുടങ്ങും എന്ന് അർവ്വാചീനകാലത്തു ഒരു അന്ധവിശ്വാസം ഉണ്ടായിരുന്നു. പക്ഷേ അതു ശുദ്ധ അസംബന്ധമാണെന്നു വ്യക്ത

മത്രെ — സ്റ്റാലിന്റെ ശവസംസ്കാരവേളയിൽ പോളി റ്റ് ബ്യൂറോ അംഗങ്ങൾ മുഴുവനും അടുത്തുണ്ടായിരുന്നു.

അതിപ്രമുഖസഖാക്കളുടെ മൃതദേഹങ്ങൾ വച്ചു കൊണ്ട്, പാർട്ടിയുടെ തെരഞ്ഞെടുത്ത ഒരു വക്താവ്, സാധാരണയായി ഒരു ശവസംസ്കാരപ്രസംഗം നടത്തും. എന്നാൽ സാധാരണക്കാരനും സജീവനുമായ ഒരു സഖാവാണെങ്കിൽ ഇതായിരിക്കും പരിപാടി: —

ഉച്ചക്കു 12 മണി: സഖാവ് ശവം രാജകീയമായ ബഹുമതികളോടെ സംസ്കാരമുറിയിൽ കിടക്കുന്നു. വെളുത്ത ശവപ്പെട്ടി; ചെങ്കൊടികൊണ്ട് ആകെ മൂടിയിരിക്കും. കയ്യ് രണ്ടുമെടുത്തു നെഞ്ഞത്തു് മടക്കിവച്ചിരിക്കും. കൈവിരലുകൾക്കിടയിൽ ഒരു ചെമപ്പുനക്ഷത്ര ചിഹ്നം പിടിപ്പിച്ചിരിക്കും. അതുറപ്പിച്ചിട്ടുള്ളതു് ചുമന്ന ഒരു അരിവാളിന്മേലും ചുറ്റികമേലും ആവും. ഫാഫ് ലെതറിൽ ബൈൻഡുചെയ്ത സ്റ്റാലിൻകൃതികൾ നാലു പുറവും വിതറിയിരിക്കും. മെഴുകുകൊണ്ടുണ്ടാക്കിയ ഒരു ക്രെംലിൻ പ്രതിരൂപവും, ലെനിൻ, മാർക്സ്, ഏംഗൽസ്, എന്നിവരുടെയും ചരിത്രാതീതകാലത്തെ പ്രാകൃത കമ്യൂണിസ്റ്റിന്റേയും താടിമീശകളിലെ രോമങ്ങളും അവിടെ ഇട്ടിട്ടുണ്ടാകും.

12-5: പാർട്ടിയുടെ ഗായകസംഘം, മൃതപുരുഷൻ ജോലി ചെയ്തിരുന്നേടത്തെ പാർട്ടിസിക്രട്ടറി, അയാളുടെ ട്രേഡ് യൂണിയൻ സിക്രട്ടറി, അയാളുടെ യൂണിയന്റെ ചീഫ് അക്കൌണ്ടൻറ് (ശമ്പളം), സിമിത്തേരിയുടെ പാർട്ടിക്കമ്മറ്റിയുടെ സിക്രട്ടറി, ശവസംസ്കാര

ച്ചടങ്ങുകളുടെ നേതാവ്, പാർട്ടിയുടെ ശവക്കുഴികുത്തൽ — ശവപ്പെട്ടിയുണ്ടാക്കൽ — വകുപ്പിന്റെ തലവൻ, എന്നിവർ എത്തിച്ചേരുന്നു. അതുപോലെതന്നെ, രാഷ്ട്രീയപ്പോലീസിലെ 429 പേർ സാധാരണവേഷത്തിലും എത്തുന്നു.

12-10: പാർട്ടിയുടെ കേന്ദ്രക്കമ്മറ്റിയുടെ പ്രതിനിധി വന്നെത്തി ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 15-ാം കോൺഗ്രസ്സിനെപ്പറ്റി ഏതാനും വാക്കുകൾ പറയുന്നു.

12-15: ഹാജരുള്ളവരെല്ലാം തങ്ങളുടെ തൊപ്പിയെടുത്തു, 1917-ലെ റഷ്യൻ വിപ്ലവത്തിൽ മരിച്ച വീരന്മാരുടെ സ്മരണയെ ആദരിച്ചുകൊണ്ട് ഒരു മിനിട്ട് നിശ്ശബ്ദത പാലിക്കുന്നു.

12-16: തുവെള്ളയായ ശവമഞ്ചം പൊക്കി, കറുത്ത രണ്ടു കുതിരകൾക്കു പകരം, പാർട്ടിയംഗങ്ങളല്ലാത്ത നാലു ബോൾഷെവിക്കുകൾ വലിക്കുന്ന ചുമന്ന ഒരു വണ്ടിയിൽവച്ച് ശ്മശാനത്തിലേക്കു കൊണ്ടുപോകുന്നു.

12-25: പാർട്ടിയുടെ കേന്ദ്രക്കമ്മറ്റി പ്രതിനിധിയുടെ നേതൃത്വത്തിലുള്ള ആ സംഘം ശ്മശാനസമീപം എത്തിച്ചേരുന്നു. ഗായകസംഘം "താഴ്ത്തിക്കുത്തു സഖാവേ" എന്ന ഗാനവും, സാർവ്വദേശീയഗാനവും, "ചുമപ്പൻ തിമിംഗല വേട്ടക്കാരുടെ മാർച്ചിങ്ങ് സോങ്ങും", വെള്ളക്കാരല്ലാത്ത വർഗ്ഗങ്ങളുടെ ചൂഷണത്തെ പരാമർശിക്കുന്ന "തന്തപ്പുഴ" എന്ന ഗാനത്തിന്റെ പരിഭാഷയും ആലപിക്കുന്നു.

12-50: കേന്ദ്രക്കമ്മറ്റി പ്രതിനിധി ചരമപ്രസംഗം ആരംഭിക്കുന്നു. അമേരിക്കയിൽനിന്നു വന്ന അടിമപ്പട്ടക്കളായ സാമ്രാജ്യത്വകിങ്കരന്മാർ ന്യൂകാലിഫോർണിയയിലെ അപരിഷ്കൃത ജനങ്ങളെ ചൂഷണം ചെയ്യുന്നതിനെപ്പറ്റി അദ്ദേഹം പ്രതിപാദിക്കുന്നു. ഇതു് വിശദീകരിക്കുന്ന കളർ സ്ലൈഡുകളും കാട്ടുകയും ചെയ്യുന്നു.*

14-08. കേന്ദ്രക്കമ്മറ്റി പ്രതിനിധി തന്റെ പ്രസംഗം ഉപസംഹരിക്കുന്നു. ഹാജരുള്ളവരിൽ ആർക്കെങ്കിലും ആഭ്യന്തരനയത്തെയോ വിദേശനയത്തെയോ കുറിച്ചു് എന്തെങ്കിലും പറയാനുണ്ടോ എന്നു അദ്ദേഹം ചോദിക്കുന്നു.

15-13: അവസാനത്തെ പ്രാസംഗികൻ സംസാരിച്ചുകഴിയുന്നതോടെ, അതുവരെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്കു സമാധാനം പറയുന്നു.

15-48: പ്രസിഡണ്ടു് നാസറിന്റെ പുരോഗമനപരമായ സഹാനുഭൂതി ഉന്നിപറയാനായി, ഗായകസംഘം ഈജിപ്തിന്റെ ദേശീയഗാനം ആലപിക്കുന്നു. ഇതിനെ തുടർന്നു് ഫ്രെഞ്ചുഗാനമായ "ഴു അതേന്ദ്രേ" എന്ന പാട്ടും പാടുന്നു. കാരണം, അതു ബൂംഗാനിന്റെ പ്രിയപ്പെട്ട പാട്ടാണു്.

16-10: കുഴി കുത്താനുള്ളവർ ശവപ്പെട്ടിക്കരികിലേക്കു നീങ്ങി അതെടുത്തു മൂടുന്നു.

16ന19: രാഷ്ട്രീയപ്പോലീസിൽ ചിലർ കുഴികു

* ഇതുകൊണ്ടാണു് ശവപ്പെട്ടി വെള്ളയായിരിക്കേണ്ടതു്.


ത്തുകാരുടെ സമീപത്തെത്തുന്നു.

16-20: തങ്ങൾ ഒരു ശവം മറവുചെയ്യുകയുണ്ടായെന്നു കുഴിവെട്ടുകാർ സമ്മതിക്കുന്നു. അവരുടെ പ്രവൃത്തിയുടെ സ്വഭാവം, ഇപ്പോഴത്തെ പഞ്ചവത്സരപദ്ധതിയിൽ അതു ചെലുത്തുന്ന ഫലം, മുതലായ വിഷയങ്ങളെക്കുറിച്ച്, ചെറിയ ഒരു സ്വയം വിമർശനം പിന്നാലെ നടക്കുന്നു.

16-22: ശ്മശാനത്തെ ചുമ്മാ വിടുന്നു. പാർട്ടിയുടെ ഒരു മാലകൊണ്ടു മണ്ണുമൂടിയിടുന്നു. മാലയ്ക്ക് ശുഭ്രമായ ഒരു പട്ടു റിബ്ബൺ (ചുവപ്പുകടലാസുകൊണ്ടുണ്ടാക്കിയതു്) ഉണ്ടു്. അതിന്മേൽ തങ്കം കൊണ്ടുള്ള (വെള്ളച്ചായത്തിൽ എഴുതിയതു്) ചിത്രപ്പണികളും ഉണ്ടു്. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:—

".....നെപ്പോലെ പ്രശസ്തനും അവിസ്മരണീയനുമായ സഖാവിന്റെ സ്മരണയെ, മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരുടേതുപോലെ ശാശ്വതമാക്കി ഞങ്ങൾ സൂക്ഷിക്കും."

ശവത്തിനു തീച്ചയായും ഇതൊരു പ്രശംസയായിതോന്നണം.



PALACKAL JEEVAN MEMORIAL LIBRARY 12955